
www.facebook.com/samakalikajanapadham/

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# സമകാലിക ജനപഥം

2021 സെപ്റ്റംബർ 1 ₹ 12 പുസ്തകം 8 ലക്കം 2




## 100 ദിന നിറവിൽ സർക്കാർ


ഒരു മതില്
കെട്ടുന്നതിനും
തദ്ദേശഭരണ സ്ഥാപനത്തിന്റെ
അനുമതി
ആവശ്യമുണ്ടോ?
പൊതുനിരത്തിനോടോ പൊതുസ്ഥലത്തിനോടോ
പൊതു ജലാശയത്തിനോടോ ചേർന്നു നിർമ്മിക്കുന്ന
മതിലിന് അനുമതി ആവശ്യമാണ്.
അതിനായി ചട്ടപ്രകാരമുള്ള ഫീസ് അടയ്ക്കേണ്ടതാണ്.
നിർമ്മാണം പൂർത്തിയായ ശേഷം ചട്ടം 71 പ്രകാരം
കംപ്ലീഷൻ റിപ്പോർട്ട് സെക്രട്ടറിക്ക് സമർപ്പിക്കണം.

സമകാലിക
ജനപഥം

2021 സെപ്റ്റംബർ 1
പുസ്തകം 8 ലക്കം 2



# നൂറിന്റെ സുവർണത്തിളക്കം

ഭരണത്തുടർച്ച എന്ന ചരിത്രനേട്ടം കുറിച്ചുകൊണ്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. ജനങ്ങൾ അഞ്ചുവർഷത്തെ ഭരണത്തിന്റെ അനുഭവങ്ങളിൽ നിന്നും സ്വരൂപിച്ച പുതിയ പ്രതീക്ഷകൾ മുൻനിർത്തിക്കൂടിയാണ് ആ തെരഞ്ഞെടുപ്പ് നടത്തിയതെന്ന് നമുക്ക് ഇന്നറിയാം. ചെയ്യാൻ കഴിയുന്നതു മാത്രമേ പറയൂവെന്നും പറയുന്നത് ചെയ്യുമെന്നും മനസ്സിലാക്കിയതിന്റെ ഭാഗമായാണ് ആ പ്രത്യാശകൾ രൂപമെടുത്തത്. പ്രഖ്യാപിക്കുന്ന പദ്ധതികളുടെയും പരിപാടികളുടെയും സമയബന്ധിതമായ പൂർത്തീകരണം സർക്കാർ ഉറപ്പാക്കിയതും ജനതയുടെ വിശ്വാസം ഊട്ടിയുറപ്പിച്ചുവെന്നും പറയേണ്ടതുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെന്ന പോലെ ഇപ്പോൾ പ്രഖ്യാപിച്ച 100 ദിന പദ്ധതികൾ അതിന്റെ ഉത്തമോദാഹരണമാണ്.

ക്ഷേമവും സാമൂഹികനീതിയും ഉറപ്പാക്കി വികസനത്തിന്റെ പുതിയ പാതകളിലേക്ക്, സുവ്യക്തമായ ദിശയിലേക്ക് നയിക്കുന്ന സർക്കാരിനു മികച്ച പ്രവർത്തനത്തുടക്കം നൽകുന്നതാണ് ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയുള്ള കാലയളവിലായി പൂർത്തിയാക്കിയ പദ്ധതികൾ.
32 വകുപ്പുകളിലായി 181 ചെറുതും വലുതുമായ പദ്ധതികളാണ് പ്രഖ്യാപിച്ചതെങ്കിലും 137 പദ്ധതികൾ ഇക്കാലയളവിൽ പൂർത്തീകരിക്കാനും 44 പദ്ധതികൾ പൂർത്തീകരണത്തിന്റെ പാതയിലെത്തിക്കാനും കഴിഞ്ഞു. പദ്ധതികൾ വെറുതെ മുന്നോട്ടുവെക്കുകയല്ല, അവയുടെ പ്രവർത്തന പുരോഗതി കൃത്യമായും നിരീക്ഷിച്ചും വിശകലനം ചെയ്തുമാണ് പൂർത്തീകരണത്തിലെത്തിയതെന്നതാണ് സവിശേഷത. ഇതിനായി തയ്യാറാക്കിയ വെബ്സൈറ്റിൽ പൊതുജനങ്ങൾക്കും അറിയാനാവും വിധം ഓരോ പദ്ധതിയുടെയും പുരോഗതി തത്സമയം രേഖപ്പെടുത്തിയിട്ടുമുണ്ട്.

തൊഴിലവസരങ്ങൾ, കാർഷികാഭിവൃദ്ധി, വ്യവസായവളർച്ച, പട്ടയവിതരണം, ലൈഫ് വീടുകൾ, സംരംഭകപ്രോത്സാഹനം, പുതിയ പാതകൾ, ഓൺലൈൻ സേവനങ്ങൾ. ഡിജിറ്റൽ വിദ്യാഭ്യാസം, വഴിയോര വിശ്രമകേന്ദ്രങ്ങൾ, അവശതയനുഭവിക്കുന്നവർക്ക് സേവനങ്ങൾ വാതിൽപ്പടിയിലെത്തിക്കൽ, തീരദേശ പുനരധിവാസം ഇങ്ങനെ നാടിന്റെ സമസ്തമേഖലകളേയും സ്പർശിക്കുന്ന നടപടികളാണ് നൂറുദിന പദ്ധതിക്ക് സുവർണത്തിളക്കമേകി കൈക്കൊണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാട്ടിയതുപോലെ വിട്ടൊഴിയാതെ നിൽക്കുന്ന കോവിഡ് മഹാമാരി ഉൾപ്പെടെ നിരവധി പ്രതിസന്ധികളെ നേരിട്ടുകൂടിയാണ് നൂറുദിന പദ്ധതികൾ വിജയത്തിലെത്തിയതെന്നത് മാറ്റുകൂട്ടുന്നു. നൂറുദിന പദ്ധതികൾ സംബന്ധിച്ച് ഈ ലക്കം വിശദമായി അറിയാം. ഒപ്പം രാജ്യത്തെ മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പട്ടികയിൽ 25-ാം സ്ഥാനം നേടി നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ അഭിമാനമായി യൂണിവേഴ്സിറ്റി കോളേജ് മാറിയതെങ്ങനെയെന്ന അന്വേഷണവും മലബാർ കലാപത്തിന്റെ ഈ ശതാബ്ദിവർഷത്തിൽ ഒരു ചരിത്രവിശകലനവും ഉൾപ്പെടുത്തിയിരിക്കുന്നു.

**എസ്. ഹരികിഷോർ ഐ.എ.എസ്**
എഡിറ്റർ

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൽ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ-ഇൻ-ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**മെർലിൻ ജെ.എൻ**
**സതികുമാർ റ്റി.എസ്.**
സർക്കുലേഷൻ ഓഫീസർ
**അഭിലാഷ് എ.സി.**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി.എസ്.**
എഡിറ്റോറിയൽ അസിസ്റ്റന്റ്സ്
**സഞ്ജന സുനിൽ**
**സംഗീത ഒ.**

September 1, 2021, Volume 8, Issue 2
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
prdmalayalam@gmail.com
0471-2518171

വാർഷിക വരിക്കാരാകാൻ
120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ
വിഭാഗം, 1-ാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
എന്ന വിലാസത്തിൽ അയയ്ക്കുക.

0471-2517036

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.

ജനപഥം

# ഉള്ളടക്കം


**06**
**പ്രതിബന്ധങ്ങൾ മറികടന്ന വിജയം**
**പിണറായി വിജയൻ**, മുഖ്യമന്ത്രി


**08**
**നൂറിന്റെ നിറവിൽ**

**12**
**നൂറിന്റെ മുന്നേറ്റം പുതിയ പ്രതീക്ഷ**
ഷീജ എസ്.

**16**
**അർഹതപ്പെട്ടവരിലേക്ക് മുൻഗണനാകാർഡുകൾ**

**18**
**പ്രകാശപൂരിതമായ മുന്നേറ്റം**

**20**
**കായിക കേരളം കുതിക്കുകയാണ്**


**ചിത്രങ്ങൾ**
ഐ.പി.ആർ.ഡി. ഫോട്ടോഗ്രാഫി വിഭാഗം

## പ്രതികരണങ്ങൾ

2021 മെയ് ലക്കം സമകാലിക ജനപഥത്തിൽ 55-ാം പേജിൽ പ്രസിദ്ധീകരിച്ച ഡോ.എ.സമ്പത്ത് എഴുതിയ ഗൗരിയമ്മയെന്ന യുഗവനിത അനുസ്മരണം വളരെ നന്നായി.

ഗൗരിയമ്മയെക്കുറിച്ചുള്ള കുറെ കാര്യങ്ങൾ ഇതിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള അനുസ്മരണം തുടർന്നും പ്രതീക്ഷിക്കുന്നു.

**ടി.എ.സെയ്തു മുഹമ്മദ്**
വെള്ളാങ്ങല്ലൂർ, തൃശൂർ




22
വേർതിരിവുകളില്ലാതെ
ഡിജിറ്റൽ വിദ്യാഭ്യാസം

24
പ്രതിസന്ധിയിലും കരുതലോടെ

27
ഭരണ നിർവഹണവും സേവനങ്ങളും
ഓൺലൈനിൽ

28
മീറ്റ് ദി മിനിസ്റ്റർ, മീറ്റ് ദി ഇൻവെസ്റ്റർ

30
എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ

33
അതിദാരിദ്ര്യമുക്ത കേരളത്തിനായി
ജനകീയ യജ്ഞം
എം.വി. ഗോവിന്ദൻ മാസ്റ്റർ

36
ടൂറിസം
നാടിനും ജനങ്ങൾക്കും
പി.എ മുഹമ്മദ് റിയാസ്

40
മലബാറിലെ ദേശീയവാദികൾ
ഡോ. കെ.കെ.എൻ. കുറുപ്പ്

43
കാലാതീതം
ബി.ടി. അനിൽകുമാർ

46
യൂണിവേഴ്സിറ്റി കോളേജ്
മികവിന്റെ പെരുമയിൽ
വി.എസ്.ശ്യാംലാൽ

48
മഹാനടൻ
അജോയ് ചന്ദ്രൻ

50
വയോജനങ്ങൾക്ക്
തണലൊരുക്കി കേരളം

**പിണറായി വിജയൻ**
മുഖ്യമന്ത്രി

# പ്രതിബന്ധങ്ങൾ



**2021 ജൂൺ 11 ന് ആരംഭിച്ച് 2021 സെപ്റ്റംബർ 19 ന് പര്യവസാനിച്ച 100 ദിവസ കാലയളവിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ ചില പ്രത്യേക പരിപാടികൾ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്. അവ നടപ്പാക്കുന്നതിലെ പുരോഗതി അറിയിക്കുമെന്ന് പരിപാടി പ്രഖ്യാപിച്ച വേളയിൽ പറഞ്ഞിരുന്നു. എല്ലാ പ്രതിബന്ധങ്ങളെയും തരണംചെയ്ത് നൂറുദിന പരിപാടി വിജയത്തിലെത്തിക്കാൻ കഴിഞ്ഞു. ചില ലക്ഷ്യങ്ങൾ മാത്രമാണ് ഇനി പൂർത്തിയാകാനുള്ളത്. പലതും ലക്ഷ്യത്തിനപ്പുറം എത്തിക്കാനായി എന്നത് അഭിമാനം നൽകുന്ന വസ്തുതയാണ്**

കോവിഡ് രണ്ടാം തരംഗം ശക്തമായി നിലനിൽക്കുന്ന ഘട്ടമാണിത്. അതുകൊണ്ടുതന്നെ പല സ്ഥലങ്ങളിലും പ്രാദേശികാടിസ്ഥാനത്തിൽ ലോക്ഡൗണും മറ്റ് നിയന്ത്രണങ്ങളും നടപ്പാക്കേണ്ടി വരികയാണ്. അത്തരം പരിമിതികൾക്കിടയിലൂടെയാണ് സർക്കാരിന്റെ ആദ്യ നൂറുദിന പരിപാടി മുന്നോട്ടുപോയത്. പശ്ചാത്തല സൗകര്യം, സാമൂഹികമേഖലകളിലെ വികസനം, ക്ഷേമപരിപാടികൾ നടപ്പാക്കൽ എന്നിങ്ങനെ എല്ലാ മേഖലകളെയും സ്പർശിക്കുന്ന പരിപാടികളാണ് സർക്കാർ നൂറുദിനത്തിനുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടത്.



# മറികടന്ന വിജയം

എല്ലാ പ്രതിബന്ധങ്ങളെയും തരണംചെയ്ത് നൂറുദിന പരിപാടി വിജയത്തിലെത്തിക്കാൻ കഴിഞ്ഞു. ചില ലക്ഷ്യങ്ങൾ മാത്രമാണ് ഇനി പൂർത്തിയാകാനുള്ളത്. പലതും ലക്ഷ്യത്തിനപ്പുറം എത്തിക്കാനായി എന്നത് അഭിമാനം നൽകുന്ന വസ്തുതയാണ്.

ലൈഫ് പദ്ധതിയിൽ നൂറുദിവസത്തിനുള്ളിൽ 10,000 വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടത്. 12,067 വീടുകൾ ഈ കാലയളവിൽ പൂർത്തീകരിച്ചു. തൃശൂർ ജില്ലയിലെ പഴയന്നൂരിൽ ഭൂരഹിത, ഭവന രഹിതർക്കായി 40 യൂണിറ്റുകളുള്ള ഭവനസമുച്ചയം 'കെയർ ഹോം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പൂർത്തീകരിച്ചു. മത്സ്യത്തൊഴിലാളികൾക്കായുള്ള പുനർഗേഹം പദ്ധതി പ്രകാരം 308 വ്യക്തിഗത വീടുകളും 276 ഫ്ളാറ്റുകളും പൂർത്തിയാക്കി. ഭൂരഹിതരായ 13500 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്തു. പാർപ്പിടത്തോടൊപ്പം ഭൂരഹിതരായ മുഴുവൻ ആളുകൾക്കും ഭൂമി ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം. ഈ സർക്കാരിന്റെ കാലത്ത് അർഹരായ മുഴുവൻ ആളുകൾക്കും ഭൂമി ലഭ്യമാക്കും.

അഭ്യസ്തവിദ്യരുടെയും അല്ലാത്തവരുടെയും തൊഴിലില്ലായ്മ സംസ്ഥാനം നേരിടുന്ന വലിയ വെല്ലുവിളിയാണ്. പ്രത്യേകിച്ചും കോവിഡ് നിയന്ത്രണങ്ങൾ കാരണം സാമ്പത്തിക വളർച്ചയ്ക്ക് ആഘാതമേറ്റിട്ടുണ്ട്. തൊഴിൽ മേഖലയിലും പ്രതിസന്ധി പ്രകടമാണ്. ഇതെല്ലാം മറികടക്കാനാണ് നൂറുദിന പരിപാടിയിൽ 77,500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടത്. വിവിധ വകുപ്പുകൾ വഴി പ്രത്യക്ഷമായും പരോക്ഷമായും 74651 പേർക്ക് ഇതിനകം തൊഴിൽ നൽകാൻ സാധിച്ചു. 4954 എണ്ണം പി.എസ്.സി വഴിയുള്ള നിയമനങ്ങൾക്കുള്ള ശുപാർശയാണ്. ഇതിനു പുറമെയാണ് വിവിധ വകുപ്പുകൾ ഏറ്റെടുത്ത നിർമ്മാണ പ്രവർത്തനങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ. വൈദ്യുതി വകുപ്പ് ഏറ്റെടുത്ത കരാർ പണികളിലൂടെ 4,56,016 തൊഴിൽ ദിനങ്ങൾ ഈ കാലയളവിൽ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിലൂടെ 60,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.

> **കോവിഡ് നിയന്ത്രണങ്ങൾ കാരണം സാമ്പത്തിക വളർച്ചയ്ക്ക് ആഘാത മേറ്റിട്ടുണ്ട്. തൊഴിൽ മേഖലയിലും പ്രതിസന്ധി പ്രകടമാണ്. ഇത് മറികടക്കാനാണ് 77,500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടത്. വിവിധ വകുപ്പുകൾ വഴി പ്രത്യക്ഷമായും പരോക്ഷമായും 74651 പേർക്ക് ഇതിനകം തൊഴിൽ നൽകാൻ സാധിച്ചു**

നൂറു ദിനപരിപാടിയുടെ ഭാഗമായി 208 കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. അതിനൊപ്പം 548 അംഗൻവാടികളുടെ വൈദ്യുതീകരണവും പൂർത്തിയാക്കി.

50 ആരോഗ്യസ്ഥാപനങ്ങളിൽ 25 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തി. അഞ്ചു മെഡിക്കൽ കോളേജുകളിൽ 14.09 കോടി രൂപയുടെ 15 പദ്ധതികളും പൂർത്തിയാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ 65 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച മോഡുലാർ ഓപ്പറേഷൻ തീയറ്റർ പ്രവർത്തന സജ്ജമായി. പട്ടികജാതി വകുപ്പിന്റെ കീഴിൽ പൂർത്തിയാകാതെ കിടന്ന 1000 വീടുകൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നു. ലക്ഷ്യത്തിനപ്പുറം 1188 വീടുകൾ പൂർത്തിയാക്കി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനത്തിനായി പഠന മുറി നിർമ്മാണം, വൈദ്യുതീകരണം, ആവശ്യത്തിനുള്ള ഫർണിച്ചർ എന്നിവ ഉൾപ്പെടെ 1000 എണ്ണം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നു. 1752 എണ്ണം പൂർത്തീകരിച്ചു.

177.11 കോടി രൂപ ചെലവഴിച്ചുള്ള ഏഴ് റോഡ് പദ്ധതികൾ കിഫ്ബി വഴി പൂർത്തിയാക്കി. റീബിൽഡ് കേരള വഴി 414.26 കോടി രൂപയുടെ നാല് റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഇവയ്ക്കു പുറമെ, 286.36 കോടി രൂപയുടെ റോഡ് നിർമ്മാണ പ്രവൃത്തികൾക്കുള്ള നടപടികളും പുരോഗമിക്കുകയാണ്.

മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം 1000 റോഡുകളാണ് ഇതിനകം പൂർത്തീകരിച്ചത്. 236.85 കോടി രൂപ മുതൽമുടക്കിൽ 92 സ്കൂൾ കെട്ടിടങ്ങൾ, 48 ലാബുകൾ, 100 ലൈബ്രറികൾ എന്നിവ പൂർത്തിയാക്കി. 107 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സാമ്പത്തികമായി

പിന്നാക്കം നിൽക്കുന്നവരും അക്കാദമിക് മികവ് പുലർത്തുന്നവരുമായ വിദ്യാർഥികൾക്ക് ഒരു ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നൽകി. പ്രതിവർഷം 1000 പേർക്കാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്.

സുഭിക്ഷം,സുരക്ഷിതം കേരളം എന്ന ലക്ഷ്യത്തോടെ 23566 ഹെക്ടർ ഭൂമിയിൽ ജൈവകൃഷിയും ഇതിനകം ആരംഭിച്ചിട്ടുണ്ട്. പ്രായാധിക്യം കൊണ്ടും ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ കൊണ്ടും കഷ്ടതയനുഭവിക്കുന്നവരുടെ വീട്ടുപടിക്കൽത്തന്നെ സർക്കാരിന്റെ സേവനങ്ങൾ എത്തിച്ചു നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന വാതിൽപ്പടി സേവനപദ്ധതിക്കും നൂറു ദിന പരിപാടിയുടെ ഭാഗമായി തുടക്കം കുറിച്ചു. കെ.എസ്.ഐ.ഡി.സി വഴി മടങ്ങിവന്ന പ്രവാസികൾക്കായി 100 കോടി രൂപയുടെ വായ്പാ പദ്ധതി പ്രഖ്യാപിച്ചു. ഒരു വ്യക്തിക്ക് 25 ലക്ഷം മുതൽ പരമാവധി രണ്ട് കോടി വരെ വായ്പയാണ് ഈ പദ്ധതിപ്രകാരം ലഭ്യമാക്കുന്നത്.

കേന്ദ്ര സർക്കാർ വിൽക്കാൻ വെച്ചിരുന്ന കാസർഗോഡ് ഭെൽ -ഇഎംഎൽ നൂറുദിന പദ്ധതി പ്രകാരം സർക്കാർ ഏറ്റെടുത്തു. ബേപ്പൂരിൽ നിന്നും കൊച്ചി വരെയും കൊല്ലത്ത് നിന്നും കൊച്ചി വരെയും തീരദേശ ഷിപ്പിങ് പൂർത്തിയാക്കി. മൂന്ന് ഫുട്ബോൾ അക്കാദമികൾ നാടിനു സമർപ്പിച്ചു. അതിൽ രണ്ടെണ്ണം വനിതകൾക്ക് മാത്രമായാണ് എന്നതും ശ്രദ്ധേയമാണ്. സ്റ്റാർട്ടപ്പുകൾക്കായി കൊച്ചിയിൽ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് ഹബ്ബ് പൂർത്തിയാക്കി. ചെല്ലാനം കടൽത്തീരത്തെ കടലാക്രമണം തടയാനുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജൂലൈ ഒന്നു മുതൽ 450 ഓളം വരുന്ന വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി 2,15,721 വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു. യാത്രക്കിടയിൽ വിശ്രമിക്കാൻ ശുചിത്വവും സുരക്ഷിതത്വവും ഉള്ള 'ടേക്ക് എ ബ്രേക്ക്' സമുച്ചയങ്ങളുടെ രണ്ടാം ഘട്ട നിർമ്മാണം പൂർത്തിയായി. 100 പുതിയ സമുച്ചയങ്ങൾ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നാടിനു സമർപ്പിച്ചു. ഒന്നാം ഘട്ടത്തിലും 100 സമുച്ചയങ്ങളായിരുന്നു നിർമ്മിച്ചത്. 524 ടേക്ക് എ ബ്രേക്ക് സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

നൂറ് ദിന പരിപാടിയിൽ പ്രഖ്യാപിച്ച ചില പ്രധാന കാര്യങ്ങൾ മാത്രമാണിത് . കോവിഡ് ഉയർത്തുന്ന പ്രയാസങ്ങൾക്കിടയിലും കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച കാര്യങ്ങൾ പൂർത്തിയാക്കാനും പുതിയവ ഏറ്റെടുക്കാനും ശക്തമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോവുന്നത്. ഏതു പ്രതിസന്ധിയിലും സർക്കാരിന്റെ വാഗ്ദാനം നടപ്പാക്കുന്നതിൽ വിട്ടുവീഴ്ചയുണ്ടാകില്ല.



# നൂറിന്റെ നി

കോവിഡ് ഉയർത്തുന്ന വെല്ലുവിളികളെ മറികടന്നു നിരവധിയായ ക്ഷേമ നടപടികളുമായി ജനകീയ സർക്കാർ നൂറുദിനം പിന്നിടുന്നു. നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി സർക്കാർ ലക്ഷ്യമിട്ടതിലും മിഴിവോടെ മിക്ക പദ്ധതികളും പൂർത്തിയായി വരികയാണ്. വിവിധ വകുപ്പുകൾ ഇതിനകം പൂർത്തിയാക്കിയ ചില പ്രധാന പദ്ധതികളും അവയുടെ വിശദാംശങ്ങളും




# റവിൽ...

## 12,067 ലൈഫ് ഭവനങ്ങൾ

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച 12,067 വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറി. ലൈഫ് പദ്ധതി പ്രകാരം നൂറുദിവസത്തിനുള്ളിൽ 10,000 വീടുകൾ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടത്. 12,067 വീടുകൾ ഈ കാലയളവിൽ പൂർത്തീകരിച്ചു. തൃശൂർ ജില്ലയിലെ പഴയന്നൂരിൽ ഭൂരഹിത, ഭവനരഹിതർക്കായി 40 യൂണിറ്റുകളുള്ള ഭവനസമുച്ചയം 'കെയർ ഹോം' പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചു. മത്സ്യത്തൊഴിലാളികൾക്കായുള്ള പുനർഗേഹം പദ്ധതി പ്രകാരം 308 വ്യക്തിഗത വീടുകളും 276 ഫ്ളാറ്റുകളും പൂർത്തിയാക്കി. വരുന്ന അഞ്ചു വർഷത്തിനകം അഞ്ച് ലക്ഷം വീടുകൾ നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ഡിജിറ്റൽ ഹബ്ബ്

രാജ്യത്തെ സ്റ്റാർട്ടപ്പ് രംഗത്തിന് പുത്തൻ ഊർജ്ജം നൽകാനായി ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ ഡിജിറ്റൽ ഉത്പന്നവികസന കേന്ദ്രമായ 'ഡിജിറ്റൽ ഹബ്ബ്' പ്രവർത്തനം തുടങ്ങി. കേരള സ്റ്റാർട്ടപ്പ് മിഷനു കീഴിൽ കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിലുള്ള അത്യാധുനിക സമുച്ചയത്തിൽ പുത്തൻ സാങ്കേതിക വിദ്യയിലൂന്നിയ ഇൻകുബേറ്ററുകൾ, ആക്സിലറേറ്ററുകൾ, മികവിന്റെ കേന്ദ്രങ്ങൾ എന്നിവയാണ് സജ്ജീകരിക്കുക. രണ്ട് ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള ഈ കെട്ടിടസമുച്ചയത്തിൽ നിലവിൽ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലുള്ള 165 സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കും. 200 സ്റ്റാർട്ടപ്പുകളെക്കൂടി പുതിയ കെട്ടിടത്തിൽ ഉൾക്കൊള്ളിക്കാനാകും. ഡിസൈൻ ഇൻകുബേറ്റർ, ഹെൽത്ത്കെയർ ഇൻകുബേറ്റർ, മൗസർ ഇലക്ട്രോണിക്സിന്റെ മികവിന്റെ കേന്ദ്രം, ഡിസൈൻ സ്റ്റുഡിയോകൾ, നിക്ഷേപകർക്കായുള്ള പ്രത്യേക സംവിധാനം, ഇന്നവേഷൻ കേന്ദ്രം, എന്നിവയടങ്ങുന്നതാണ് ഡിജിറ്റൽ ഹബ്ബ്. തുടക്കത്തിൽ 2500 പേർക്ക് നേരിട്ട് തൊഴിലവസരം ലഭിക്കുന്ന 200 സ്റ്റാർട്ടപ്പുകളാകും ഇവിടെ പ്രവർത്തിക്കുക.



## സർക്കാർ സേവനങ്ങൾ വീട്ടുപടിക്കൽ

അശരണർക്കും ആലംബഹീനർക്കും കരുതലൊരുക്കാൻ സർക്കാർ പ്രഖ്യാപിച്ച 'വാതിൽപ്പടി സേവനം' പദ്ധതിക്ക് തുടക്കമായി. 50 തദ്ദേശസ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ ഈ സേവനങ്ങൾ ലഭിക്കുക. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ, ചലന പരിമിതി അനുഭവിക്കുന്നവർ തുടങ്ങിയവർക്കുള്ള മസ്റ്ററിങ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷ തയാറാക്കൽ, അടിയന്തരാവശ്യത്തിനുള്ള ജീവൻരക്ഷാ മരുന്നുകൾ തുടങ്ങിയ സേവനങ്ങൾ ഇനി വീട്ടുപടിക്കലെത്തും.

## കോവിഡ്: ദുർബലവിഭാഗങ്ങൾക്ക് ധനസഹായം

കോവിഡ് രണ്ടാം തരംഗത്തിന്റെ സാഹചര്യത്തിൽ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന അയൽക്കൂട്ടങ്ങളെ സഹായിക്കുന്നതിനായി കുടുംബശ്രീയുടെ കീഴിലുള്ള 19489 എഡിഎസുകൾക്കും അട്ടപ്പാടിയിലെ 133 ഊരുസമിതികൾക്കും ഒരു ലക്ഷം രൂപ വീതം റിവോൾവിങ് ഫണ്ടായി നൽകുന്നതിനുള്ള പദ്ധതിക്ക് തുടക്കമായി. ഇതനുസരിച്ചു കോവിഡ് കാലത്തെ ക്ലേശങ്ങൾ നേരിടുന്ന അയൽക്കൂട്ടങ്ങൾക്ക് സർക്കാർ 196.22 കോടി രൂപ അനുവദിച്ചു. ഒരു അയൽക്കൂട്ടത്തിന് 10,000 രൂപ മുതൽ 20,000 രൂപ വരെയാണ് നൽകുക. ഏകദേശം 1.75 ലക്ഷം അയൽക്കൂട്ടങ്ങൾക്ക് പദ്ധതിയുടെ ഗുണഫലം ലഭിക്കും.

## പ്രവാസികൾക്ക് കൈത്താങ്ങായി സംരംഭകത്വ പദ്ധതി

കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്കായി നോർക്കയുടെ ആഭിമുഖ്യത്തിൽ സംരംഭകത്വ പദ്ധതിക്കു തുടക്കമായി .15 ലക്ഷത്തോളം പ്രവാസികളാണ് കോവിഡ് കാലത്ത് നാട്ടിൽ തിരിച്ചെത്തിയത്. ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയിരുന്ന 170 കോടി രൂപ ഉപയോഗപ്പെടുത്തിയാണ് നോർക്ക മൂന്ന് തൊഴിൽ സംരംഭകത്വ പദ്ധതികൾക്ക് തുടക്കമിട്ടത്. നാനോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസിഭദ്രത- പേൾ), മൈക്രോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത- മൈക്രോ), കെ.എസ്.ഐ. ഡി.സി മുഖേന നടപ്പാക്കുന്ന സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം (പ്രവാസിഭദ്രത- മെഗാ) എന്നിവയാണ് പദ്ധതികൾ.

## ടേക്ക് എ ബ്രേക്ക്

യാത്രക്കിടയിൽ വിശ്രമിക്കാൻ ശുചിത്വവും സുരക്ഷിതത്വവും ഉള്ള 'ടേക്ക് എ ബ്രേക്ക്' സമുച്ചയങ്ങളുടെ രണ്ടാം ഘട്ട നിർമ്മാണം പൂർത്തിയായി. 100 പുതിയ സമുച്ചയങ്ങൾ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നാടിനു സമർപ്പിച്ചു. ഒന്നാം ഘട്ടത്തിലും 100 സമുച്ചയങ്ങളായിരുന്നു നിർമ്മിച്ചത്. 524 ടേക്ക് എ ബ്രേക്ക് സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ശുചിത്വമേഖലയിലും മാലിന്യ സംസ്കരണത്തിലും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായാണ് സർക്കാർ ആധുനിക സൗകര്യങ്ങളോടെയുള്ള പൊതുശുചിമുറികളും വഴിയോര വിശ്രമ കേന്ദ്രങ്ങളുമൊരുക്കുന്നത്.



## ഭിന്നശേഷിസൗഹൃദം ബാരിയർ ഫ്രീ കേരള

കേരളത്തെ ഭിന്നശേഷിസൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി ഭിന്നശേഷിക്കാർക്ക് ആവശ്യമായ ആധുനിക സഹായോപകരണങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന സംസ്ഥാനത്തെ ആദ്യ ഷോറൂമിന്റെ നിർമ്മാണപ്രവൃത്തി തിരുവനന്തപുരം പൂജപ്പുരയിലെ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ആസ്ഥാനത്ത് ആരംഭിച്ചു. സംസ്ഥാനത്താകെ ഇത്തരം ഷോറൂമുകളുടെ ശൃംഖല സ്ഥാപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശഭരണം, സാമൂഹ്യനീതി എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചാണ് പ്രവർത്തനം. രാജ്യത്തെ ആദ്യത്തെ സമ്പൂർണ 'ബാരിയർ ഫ്രീ' സംസ്ഥാനമായി കേരളത്തെ മാറ്റാനാണ് കർമ്മപദ്ധതി.

## മികവിന്റെ കേന്ദ്രങ്ങളായി കൂടുതൽ പൊതുവിദ്യാലയങ്ങൾ

എയ്ഡഡ് മേഖലയിലെ മുഴുവൻ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി 236.85 കോടി രൂപ മുതൽമുടക്കിൽ 92 സ്കൂൾ കെട്ടിടങ്ങൾ, 48 ലാബുകൾ, 100 ലൈബ്രറികൾ എന്നിവ പൂർത്തിയാക്കി.107 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും അക്കാദമിക് മികവ് പുലർത്തുന്നവരുമായ വിദ്യാർഥികൾക്ക് ഒരു ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നൽകി. പ്രതിവർഷം 1000 പേർക്കാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്.

## കശുമാവ് കൃഷി വികസനത്തിന് കൈത്താങ്ങ്

സംസ്ഥാനത്ത് കശുമാവ് കൃഷി വികസനം ലക്ഷ്യമിട്ട് 10 ലക്ഷം കശുമാവ് തൈകളുടെ വിതരണം തുടങ്ങി. ആറ് ലക്ഷം മെട്രിക് ടൺ കശുവണ്ടിയാണ് ഒരു വർഷം കേരളത്തിന് ആവശ്യമുള്ളത്. സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ ഇടപെടലിന്റേയും സർക്കാരിന്റെ പിന്തുണയുടേയും ഫലമായി 2012-13ലെ 37,000 മെട്രിക് ടണ്ണിൽ നിന്ന് കഴിഞ്ഞ വർഷം 83,000 മെട്രിക് ടൺ ആയി കശുവണ്ടി ഉത്പാദനം വർധിപ്പിക്കാനായി. വിതരണം ചെയ്യുന്ന തൈകൾ പരിപാലിക്കാനുള്ള പദ്ധതിയും രൂപപ്പെടുത്തിയിട്ടുണ്ട്.

## ചെല്ലാനം കടൽത്തീരത്തെ സംരക്ഷിക്കാൻ നൂതന സാങ്കേതികവിദ്യ

കടൽക്ഷോഭങ്ങൾ തുടർക്കഥയായ ചെല്ലാനത്തിന്റെ സംരക്ഷണം എന്ന ബൃഹദ് പദ്ധതിക്ക് ജലവിഭവവകുപ്പ് തുടക്കമിട്ടു. തീവ്രമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ 344 കോടി രൂപ ചെലവഴിച്ച് അടിയന്തര പ്രതിരോധ പ്രവർത്തനങ്ങളും ദീർഘകാല കടൽത്തീര സംരക്ഷണപദ്ധതികളും നൂറു ദിവസത്തിനുള്ളിൽ തന്നെ സർക്കാർ തുടങ്ങിക്കഴിഞ്ഞു. ഇതിനായി 10 ഹോട്ട് സ്പോട്ടുകൾ തിരഞ്ഞെടുത്ത് 5300 കോടി രൂപയുടെ പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്.

കവർസ്റ്റോറി



**ഷീജ എസ്.**
മാധ്യമപ്രവർത്തക

# നൂറിന്റെ മുന്നേറ്റം
# പുതിയ പ്രതീക്ഷ

**ജനത അർപ്പിച്ച വിശ്വാസത്തെ അർഥവത്താക്കി നൂറുദിന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം സർക്കാർ ഉറപ്പാക്കിയിരിക്കുന്നു**



അംഗീകാരം നൽകിയ ജനങ്ങളെ തെല്ലും നിരാശരാക്കാതെ നാടിന്റെ പുരോഗതി ഉറപ്പാക്കി മുന്നേറുകയെന്നത് ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനമാണ്. രണ്ടാം പിണറായി സർക്കാർ അത്തരത്തിൽ ജനങ്ങൾ നൽകിയ വിശ്വാസത്തെ കൂടുതൽ അർഥവത്താക്കുന്ന പ്രവർത്തന ശൈലിയുമായി മുന്നേറുകയാണ്. നൂറുദിന പദ്ധതികളും അതിന്റെ സമയബന്ധിതമായ പൂർത്തീകരണവുമാണ് അതിനു തെളിവാകുന്നത്. അടച്ചിട്ട ഓഫീസുകളും വീടുകളിൽ ഒതുങ്ങിപ്പോയ  ജീവിതവും വരുമാനം നിലച്ച മനുഷ്യരും സംസ്ഥാനത്തിന്റെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും നിപയും ഒക്കെ വീർപ്പുമുട്ടിച്ചിട്ടും നവകേരളത്തിന് നാഴികക്കല്ലാകുന്ന ശ്രദ്ധേയ പദ്ധതികളുമായി നൂറുദിനം പിന്നിട്ടു സർക്കാർ മുന്നേറുകയാണ്. 32 വകുപ്പുകളിലായി ആകെ 181 പദ്ധതികളാണ് നൂറുദിനകർമ്മപദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ചത്. 137 പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചു. 44 പദ്ധതികൾ പൂർത്തീകരണത്തിന്റെ പാതയിലാണ്. അവ കൂടി പൂർത്തിയാകുമ്പോൾ പ്രഖ്യാപിച്ചതിലേറെ പദ്ധതികൾ ജനങ്ങൾക്ക് പ്രയോജനകരമായി ലഭിക്കുമെന്നാണ് സർക്കാർ കണക്കുകൾ വ്യക്തമാക്കുന്നത്.

## തൊഴിലവസരങ്ങൾ, സംരംഭകർക്ക് ഉണർവ്

നൂറു ദിവസത്തിനുള്ളിൽ 75,000 പേർക്ക് തൊഴിൽ എന്നതായിരുന്നു ഈ സർക്കാരിന്റെ സുപ്രധാന പ്രഖ്യാപനം. എന്നാൽ 80132 തൊഴിലവസരങ്ങൾ സാധ്യമായതായാണ് സർക്കാർ കണക്കുകൾ വ്യക്തമാക്കുന്നത് (100days.kerala.gov.in). സംരംഭകത്വ മേഖലയിൽ വിവിധ വകുപ്പുകളിലായി ലക്ഷ്യമിട്ടത് 50,575 തൊഴിലവസരങ്ങൾ ആയിരുന്നെങ്കിൽ നിയമനം നൽകിയത് 76500 പേർക്കാണ്. തൊഴിൽ രഹിതർക്കു പ്രതീക്ഷ നൽകുന്ന ഒരു മുന്നേറ്റമാണിത്. സർക്കാരിന്റെ ആദ്യ നൂറ് ദിവസങ്ങളിൽ തന്നെ ഇത്രയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ഒരുപക്ഷെ സംസ്ഥാന ചരിത്രത്തിൽ തന്നെ ആദ്യമായിരിക്കും. മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി ലോകമാകെ തൊഴിലവസരങ്ങളെ ബാധിച്ചപ്പോൾ കേരളത്തിൽ ശക്തമായ ഇടപെടൽ നടത്താനും സർക്കാരിനു സാധിച്ചു.

സഹകരണ വകുപ്പ് മാത്രം ആദ്യ നൂറുദിനത്തിനുള്ളിൽ ഇരുപതിനായിരത്തിലധികം തൊഴിലവസരങ്ങളാണ് ഒരുക്കിയത്. നൂറുദിന കർമ്മപദ്ധതിയിലൂടെ ഇങ്ങനെ ലക്ഷ്യവും കടന്ന് തൊഴിൽ മേഖലയിൽ



പുതുചരിത്രമെഴുതിയ നേട്ടമാണ് സംസ്ഥാനത്തിന് സ്വന്തമാകുന്നത്.

അതിനൊപ്പം സംരംഭകത്വമേഖലയിലെ യുവജനങ്ങളുടെ മുന്നേറ്റം ഉറപ്പാക്കാൻ 15,000 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനാണ് സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്. കേരളത്തിലെ ഐടി വ്യവസായത്തെ പുതിയ ഉയരങ്ങളിലേക്ക് നയിക്കാൻ ഉതകുന്ന ഡിജിറ്റൽ ഹബ്ബ് എറണാകുളത്തെ ടെക്നോളജി ഇന്നവേഷൻ സോണിൽ ആരംഭിച്ചതും യുവജനങ്ങളുടെ പ്രതീക്ഷ വർധിപ്പിക്കുകയാണ്.

**ലൈഫ് മിഷന്റെ ഭാഗമായി 12,067 വീടുകൾ, പുനർഗേഹം പദ്ധതി പ്രകാരമുള്ള 308 വീടുകൾ എന്നിങ്ങനെ വീടില്ലാത്ത എല്ലാവർക്കും വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്**



## സ്വന്തമായി ഭൂമി അടച്ചുറപ്പുള്ള വീട്

100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി 13,500 കുടുംബങ്ങൾക്കാണ് പട്ടയം വിതരണം ചെയ്തത്. സ്വന്തമായി ഒരു തുണ്ടു ഭൂമി എന്ന ആഗ്രഹം സഫലമാകാൻ കാലങ്ങളായി കാത്തിരുന്ന നിർധന കുടുംബങ്ങൾക്ക് സന്തോഷം പകരുന്നതാണ് ഈ നടപടി. പ്രത്യേകിച്ചും വീടില്ലാത്തവർക്ക് വീടും സ്വന്തമായി ഭൂമിയില്ലാത്തവർക്കു ഭൂമിയും സംരക്ഷണവും ഉറപ്പാക്കുമെന്ന് ഉറപ്പു നൽകിയ ഒരു സർക്കാരിൽ നിന്നും ഏതൊരു പൗരനും പ്രതീക്ഷിക്കുന്നതും ഇതുതന്നെയാണ്. തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണം, ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ, സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി നൽകുന്നതിനുള്ള മൊഡ്യൂൾ, എല്ലാ വില്ലേജ് ഓഫീസുകൾക്കും ഔദ്യോഗിക വെബ്സൈറ്റ് എന്നിവയും ഈ കാലയളവിൽ ജനക്ഷേമം മുൻനിർത്തി പൂർത്തിയാക്കി.

ഭവനരഹിതരില്ലാത്ത കേരളം എന്ന മഹത്തായ ലക്ഷ്യം യാഥാർഥ്യമാക്കാൻ കഴിഞ്ഞ സർക്കാർ അടിയുറച്ച കാൽവയ്പുകളാണ് നടത്തിയത്. അതിന്റെ ഫലമായി രണ്ടരലക്ഷം പേർക്കാണ് സംസ്ഥാനത്ത് സ്വന്തമായി വീടെന്ന സ്വപ്നം യാഥാർഥ്യമായത്. ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചു നൽകിയ 12,067 വീടുകൾ, 30.80 കോടി രൂപ ചെലവിട്ട് പുനർഗേഹം പദ്ധതിപ്രകാരം പൂർത്തിയാക്കിയ 308 വീടുകൾ എന്നിവയുമായി ലക്ഷ്യസാക്ഷാത്കാരത്തിനായുള്ള നടപടികൾക്ക് ഈ സർക്കാരും ആരംഭം കുറിച്ചിരിക്കുന്നുവെന്നത് അത്യന്തം ആഹ്ലാദം പകരുന്നതാണ്.

കോവിഡ് ഉയർത്തിവിട്ട വെല്ലുവിളികൾക്കിടയിലും ഒരു വൈജ്ഞാനിക സമ്പദ്ഘടനയായും നൂതന സമൂഹമായും വേണം സർക്കാർ കേരളത്തെ വാർത്തെടുക്കേണ്ടത്. അതിന് അടിസ്ഥാനമൊരുക്കി കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ഇന്റർനെറ്റ് പൗരാവകാശമായി പ്രഖ്യാപിച്ചിരുന്നു. വിജ്ഞാനവിസ്ഫോടനത്തിന്റെ പ്രയോജനം നമ്മുടെ കുഞ്ഞുങ്ങൾക്ക് ഓൺലൈൻ പഠനകാലത്തും ലഭ്യമാക്കിയും ഈ സർക്കാർ മാതൃക തീർത്തു. ആദ്യ ഘട്ടത്തിൽ മൊബൈൽ ഫോണുകളും ഗാഡ്ജറ്റുകളും ഇല്ലെന്ന കാരണത്താൽ പഠനം



തടസപ്പെട്ടവർക്കു വിദ്യാകിരണം പദ്ധതിയിലൂടെ അത് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളിലും ഈ സർക്കാർ തുടക്കത്തിൽ തന്നെ സജീവമായി. കോവിഡ് ഭീഷണി കുറഞ്ഞതോടെ സ്കൂളുകൾ തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനു മുൻപ് വിദ്യാലയങ്ങളിൽ സൗകര്യം ഉറപ്പാക്കാനായി 92 സ്കൂൾ കെട്ടിടങ്ങൾ, 48 ഹയർ സെക്കൻഡറി ലാബുകൾ, മൂന്നു ഹയർ സെക്കൻഡറി ലൈബ്രറികൾ എന്നിവ പൂർത്തിയാക്കാനും സാധിച്ചു.

## പരാതി പരിഹരിച്ച് പാതകൾ

മികച്ച റോഡുകൾ നമ്മുടെ ഗതാഗതത്തിന് അനിവാര്യമാണെന്ന ജനകീയമായ കാഴ്ചപ്പാട് ഏതൊരു സർക്കാരും ഉൾക്കൊള്ളേണ്ടതുണ്ട്. അതുകൊണ്ടാകണം പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നവീകരണത്തിലും നിർമ്മാണത്തിലും തികഞ്ഞ ശ്രദ്ധ നൽകുന്നത്. റോഡുകളുടെ ശോചനീയാവസ്ഥ അറിയിക്കാൻ PWD4U എന്ന മൊബൈൽ ആപ്പ് ആവിഷ്കരിച്ചതും മന്ത്രി തന്നെ നേരിട്ടെത്തി ജനങ്ങളുടെ പരാതിക്കു കാതോർക്കുന്നു എന്നതുമൊക്കെ ഈ സർക്കാരിൽ ജനങ്ങൾക്കു മികച്ച പ്രതീക്ഷയാണ് നൽകുന്നത്. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം 1000 റോഡുകൾ ഇക്കാലയളവിൽ തുറന്നു നൽകിയതും സി എം എൽ ആർ ആർ പദ്ധതിയിലൂടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന ആയിരം റോഡുകളുടെ പുനർനിർമ്മാണം, ദേശീയ പാതകൾക്കായുള്ള സ്ഥലമെടുപ്പ് എന്നിവയും ഈ രംഗത്തെ ഉറച്ച കാൽവയ്പായിരുന്നു. കാരവൻ ടൂറിസം പദ്ധതി ഉൾപ്പെടെ വിനോദസഞ്ചാരം സജീവമാക്കുന്നതിനുള്ള നടപടികളും ശ്രദ്ധേയമാണ്.

വ്യവസായ വളർച്ച ലക്ഷ്യമിട്ട് ജില്ലകൾ തോറും മീറ്റ് ദി മിനിസ്റ്റർ പോലുള്ള സുപ്രധാന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. സംരംഭകരെ നേരിൽ കണ്ട് അവരുടെ പ്രശ്നങ്ങൾ അടുത്തറിയാൻ ശ്രമിക്കുന്നതിലൂടെയും പരാതികൾ നേരിട്ട് പരിഹരിക്കുന്നതിലൂടെയും നിക്ഷേപകർക്ക് ആത്മവിശ്വാസം വർധിക്കുകയാണ്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധന സുതാര്യവും കാര്യക്ഷമവുമാക്കാൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം ഏർപ്പെടുത്തിയതും ഈ രംഗത്തെ ശ്രദ്ധേയമായ മുന്നേറ്റമാണ്. കോവിഡ് പ്രതിസന്ധി മറികടക്കാൻ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലക്ക് 1416 കോടി രൂപയുടെ സഹായ പാക്കേജ് പ്രഖ്യാപിച്ചതും വ്യവസായരംഗത്തിന് ഊർജസ്വലതയേകും.



**മികച്ച റോഡുകൾ നമ്മുടെ ഗതാഗതത്തിന് അനിവാര്യമാണെന്ന ജനകീയമായ കാഴ്ചപ്പാട് ഏതൊരു സർക്കാരും ഉൾക്കൊള്ളേണ്ടതുണ്ട്. അതുകൊണ്ടാകണം പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നവീകരണത്തിലും നിർമ്മാണത്തിലും തികഞ്ഞ ശ്രദ്ധ നൽകുന്നത്. റോഡുകളുടെ ശോചനീയാവസ്ഥ അറിയിക്കാൻ PWD4U എന്ന മൊബൈൽ ആപ്പ് ആവിഷ്കരിച്ചതും മന്ത്രി തന്നെ നേരിട്ടെത്തി ജനങ്ങളുടെ പരാതിക്കു കാതോർക്കുന്നു എന്നതുമൊക്കെ ഈ സർക്കാരിൽ ജനങ്ങൾക്കു മികച്ച പ്രതീക്ഷയാണ് നൽകുന്നത്**

## സേവനം വാതിൽപ്പടിയിൽ

മാറിയ സാഹചര്യത്തിൽ പ്രായാധിക്യം കൊണ്ടും ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ കൊണ്ടും കഷ്ടതയനുഭവിക്കുന്നവരുടെ വീട്ടുപടിക്കൽ സർക്കാരിന്റെ സേവന പദ്ധതികൾ എത്തിച്ചു നൽകുക എന്ന ലക്ഷ്യത്തോടെ വാതിൽപ്പടി സേവനത്തിനു തുടക്കമിടാനും നൂറു ദിനത്തിൽ സർക്കാരിന് സാധിച്ചു. 50 പഞ്ചായത്തുകളിലാണ് ഈ സേവനം ആരംഭിക്കുന്നത്. ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ ഉദ്യോഗസ്ഥർ നമ്മുടെ വീട്ടുപടിക്കൽ വന്നു നൽകുന്ന ഈ പദ്ധതി രാജ്യത്തുതന്നെ ആദ്യമായാണ് യാഥാർഥ്യമായത്. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾ തന്നെയാണ് യജമാനന്മാർ എന്ന കാഴ്ചപ്പാടിനെയാണ് സർക്കാർ ഈ പദ്ധതിയിലൂടെ ഊട്ടി ഉറപ്പിക്കുന്നത്.

100 വഴിയോര വിശ്രമ കേന്ദ്രങ്ങൾ, 5000 ഹെക്റ്ററിൽ ജൈവകൃഷി എന്നിങ്ങനെ ചെറുതും വലുതുമായ 145 പദ്ധതികൾ 100 ദിവസത്തിനുള്ളിൽ പൂർത്തീകരിച്ചും പൂർത്തീകരണത്തിന്റെ പാതയിൽ എത്തിച്ചും മുൻകാലങ്ങളിൽ കേരളത്തിന് ശീലമില്ലാതിരുന്ന ഒരു പുത്തൻ വികസന മാതൃകയ്ക്ക് തുടക്കം കുറിച്ചിരിക്കുകയാണ് രണ്ടാം പിണറായി സർക്കാർ. ആത്മാഭിമാനത്തോടെ എല്ലാവർക്കും ജീവിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാനുള്ള പദ്ധതികളാണ് മിക്കവയും. ജനങ്ങൾ പ്രതീക്ഷയോടെ കാത്തിരിക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീകളുടെ ഗാർഹിക ജോലിഭാരം കുറയ്ക്കൽ എന്നിവയെല്ലാം ഉടൻതന്നെ പ്രാവർത്തികമാകും വിധമുള്ള ഈ മുന്നേറ്റം ജനങ്ങൾക്ക് ഈ സർക്കാരിൽ കൂടുതൽ പ്രതീക്ഷയും വിശ്വാസ്യതയും വർധിപ്പിക്കുകയാണ്. ◘


Swad

ഭക്ഷ്യ
സിവിൽ സപ്ലൈസ്
വകുപ്പ്

# അർഹതപ്പെട്ടവരിലേക്ക് മുൻഗണനാകാർഡുകൾ

**മുൻഗണനാകാർഡുകൾ അർഹതയുള്ളവർക്ക് മാത്രം എന്നത് യാഥാർഥ്യമാക്കുന്നതിനും കാർഡ് വിതരണം ആധുനികമാക്കുന്നതിനും സാധിച്ചു**



അനർഹമായി മുൻഗണനാകാർഡുകൾ കൈവശം വച്ചിട്ടുള്ളവരെ മുൻഗണനാപട്ടികയിൽ നിന്നും ഒഴിവാക്കുന്ന നടപടികൾ യാഥാർഥ്യമാക്കിയ നൂറു ദിനങ്ങളാണ് പൂർത്തിയായിരിക്കുന്നത്. അനുവദിക്കപ്പെട്ട കാലയളവിൽ കാർഡുകൾ തിരിച്ചേൽപ്പിച്ചവരെ ശിക്ഷാ നടപടികളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കാനും സാധിച്ചു. 1,34,000 ലധികം കാർഡുകളാണ് ജനങ്ങൾ സ്വമേധയാ തിരിച്ചേൽപ്പിച്ചത്. മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിച്ചതിലൂടെ വന്നിട്ടുള്ള ഒഴിവുകളിലേക്ക് അർഹരായവരെ കണ്ടെത്തി കാർഡുകൾ നൽകുന്നതിനുള്ള നടപടികൾക്കും തുടക്കമിട്ടിട്ടുണ്ട്. മുൻഗണനാവിഭാഗത്തിൽപെട്ട ഗുരുതര രോഗബാധിതർക്കും നിരാലംബർക്കുമാണ് ആദ്യഘട്ടത്തിൽ മുൻഗണനാകാർഡുകൾ അനുവദിക്കുന്നത്. മുൻഗണനാവിഭാഗത്തിൽ കൂടുതൽ ആനുകൂല്യത്തിന് അർഹതയുള്ള അന്ത്യോദയ അന്നയോജന കാർഡുകളുടെ വിതരണം പൂർത്തിയായി വരുന്നു. പ്രയോറിറ്റി ഹൗസ് ഹോൾഡ്സ് വിഭാഗത്തിലുണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് അർഹരായവരെ കണ്ടെത്തിയും മുൻഗണനാകാർഡുകൾ നൽകുകയാണ്.

എല്ലാവർക്കും റേഷൻ കാർഡ്, അപേക്ഷിച്ചാൽ 24 മണിക്കൂറിനകം അവ ലഭിക്കാനുള്ള സംവിധാനം, ഇ- റേഷൻ കാർഡ്, വാടകയ്ക്ക് താമസിക്കുന്നവർക്കും റേഷൻ കാർഡ് എന്നിവ ഇതിനകം ഭക്ഷ്യവകുപ്പ് നടപ്പിലാക്കിക്കഴിഞ്ഞു. ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മഹാമാരിയുടെ നാളുകളിൽ ഒരാൾ പോലും പട്ടിണികിടക്കരുതെന്ന ലക്ഷ്യത്തോടെ മുഴുവൻ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്ത് കേരളം ലോകത്തിന് തന്നെ മാതൃകയായി.

**മഹാമാരിയുടെ നാളുകളിൽ ഒരാൾ പോലും പട്ടിണികിടക്കരുതെന്ന ലക്ഷ്യത്തോടെ മുഴുവൻ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്ത് കേരളം ലോകത്തിന് തന്നെ മാതൃകയായി**




# പ്രകാശപൂരിതമായ മുന്നേറ്റം

## ലക്ഷ്യം ദശലക്ഷം ഇലക്ട്രിക് വാഹനങ്ങൾ

വൈദ്യുതി വകുപ്പിൽ കഴിഞ്ഞ അഞ്ചു വർഷത്തെയും പോലെ പ്രകാശ പൂരിതമായ മുന്നേറ്റങ്ങളുടെ ദിനങ്ങളായിരുന്നു നൂറു ദിന കർമ്മപദ്ധതിയുടെ കാലവും. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ അഭിമാനകരമായ നേട്ടങ്ങളാണ് വകുപ്പ് കൈവരിച്ചത്. അടുത്ത അഞ്ചു വർഷവും മുഴുവൻ പ്രവർത്തങ്ങളിലും ജനസൗഹൃദ സമീപനം സ്വീകരിച്ചു സേവനങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുകയാണ് വകുപ്പിന്റെ ലക്ഷ്യം. അതിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിന്റെ ആദ്യദിനങ്ങളിൽ തന്നെ നമ്മുടെ നിരത്തുകൾ പരിസ്ഥിതി സൗഹൃദമാക്കുകയെന്ന ഉദ്ദേശ്യത്തോടെ വൈദ്യുതിവകുപ്പ് 'ഗോ ഇലക്ട്രിക്'എന്ന പദ്ധതിക്ക് തുടക്കമിട്ടത്.

എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ കൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ചേർന്നുള്ള ഈ ക്യാമ്പയിൻ ഒരുവർഷം നീണ്ടുനിൽക്കും. പദ്ധതി പ്രകാരം ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാൻ സബ്സിഡിയടക്കമുള്ള ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നത്. 27 മുതൽ 47 ശതമാനം വരെയാണ് വാഹനങ്ങൾക്ക് സബ്സിഡി. ബാറ്ററി കപ്പാസിറ്റി അനുസരിച്ചാണ് സബ്സിഡിയും ലഭ്യമാവുക.

നിരത്തുകളിൽ ഒരു ദശലക്ഷം ഇലക്ട്രിക് വാഹനങ്ങൾ എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ രണ്ടു ലക്ഷം ഇരുചക്ര വാഹനങ്ങൾ, 50000 ഓട്ടോറിക്ഷകൾ, 1000 ചരക്കുവാഹനങ്ങൾ, 3000 ബസ്സുകൾ, 100 ബോട്ടുകൾ എന്നിവ റോഡുകളിൽ എത്തിക്കുകയാണ്. ക്യാമ്പയിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ വൈദ്യുത ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ഒന്നാം പിണറായി സർക്കാർ കുട്ടനാട് പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച ഇലക്ട്രിക് സബ് സ്റ്റേഷന്റെ പ്രവർത്തനവും നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി ആരംഭിച്ചുകഴിഞ്ഞു. കാവാലത്ത് 110KV GIS (Gas Insulated Substation), കിടങ്ങറയിൽ 33KV സബ്സ്റ്റേഷൻ നിർമ്മാണം



എന്നിവയ്ക്കും തുടക്കമാകുകയാണ്.

## കെ എസ് ഇ ബി സേവനം വാതിൽപ്പടിയിൽ

ഒരു തവണ പോലും സെക്ഷൻ ഓഫീസ് സന്ദർശിക്കാതെ, പുതിയ വൈദ്യുതി കണക്ഷൻ, താരിഫ് മാറ്റൽ, ഉടമസ്ഥാവകാശം മാറ്റൽ, ഫേസ് മാറ്റൽ, മീറ്ററും ലൈനും മാറ്റി സ്ഥാപിക്കൽ തുടങ്ങിയ സേവനങ്ങൾ ഒറ്റ ഫോൺവിളിയിലൂടെ ലഭ്യമാക്കുന്ന പദ്ധതിയ്ക്ക് പാലക്കാട് ജില്ലയിലെ 39 സെക്ഷനുകളിൽ വൻ സ്വീകാര്യതയാണ് ലഭിച്ചത്. പിന്നീട് 400-ൽ അധികം സെക്ഷനോഫീസുകളിൽ ഈ പദ്ധതി നടപ്പിലാക്കി. സംസ്ഥാനത്തുടനീളം പദ്ധതി വ്യാപിപ്പിക്കുന്നതിന് ജീവനക്കാർക്കായി ഭരണത്തിന്റെ ആദ്യ നൂറുദിനത്തിനുള്ളിൽ മൊബൈൽ ആപ്പും നിലവിൽ വന്നുകഴിഞ്ഞു.

ഉപഭോക്താവിന്റെ വീട്ടിൽ എത്തുന്ന ഉദ്യോഗസ്ഥൻ വിവരങ്ങൾ മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുകയും, സമർപ്പിക്കേണ്ട രേഖകളുടെ ഫോട്ടോ അപ്‌ലോഡ് ചെയ്യുകയുമാണ് വാതിൽപ്പടി സേവനത്തിൽ പ്രധാനം. അതിലൂടെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ കടലാസുരഹിത ഓഫീസുകളായി മാറുകയാണ്. ഒപ്പം ഉപഭോക്താക്കൾ നൽകുന്ന വിവരങ്ങൾ ഡിജിറ്റൽ ഡോക്യുമെന്റുകളാക്കി സൂക്ഷിക്കാനും സാധിക്കുന്നു. കോവിഡ് മഹാമാരി തുടരുന്നതിനാൽ ഉപഭോക്താക്കൾക്ക് അവരുടെ ആവശ്യങ്ങൾക്കായി വൈദ്യുതി ഓഫീസുകൾ കയറിയിറങ്ങാതെ, വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കാൻ ഈ ആപ്പിലൂടെയും സേവനം വാതിൽപ്പടിയിൽ എന്ന പദ്ധതിയിലൂടെയും സാധ്യമാവുന്നു.

**നിരത്തുകളിൽ പത്തുലക്ഷം ഇലക്ട്രിക്ക് വാഹനങ്ങൾ എത്തിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ആദ്യഘട്ടത്തിൽ രണ്ടു ലക്ഷം ഇരുചക്ര വാഹനങ്ങൾ, 50000 ഓട്ടോറിക്ഷകൾ, 1000 ചരക്കുവാഹനങ്ങൾ, 3000 ബസ്സുകൾ, 100 ബോട്ടുകൾ എന്നിവ റോഡുകളിൽ എത്തും**

## ആദിവാസി ഊരുകളിൽ വൈദ്യുതി

ഇതുവരെ വൈദ്യുതി എത്താത്ത 60 -ൽ പരം ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികളും ഭരണത്തിന്റെ തുടക്കത്തിൽ തന്നെ പുരോഗമിക്കുകയാണ്. അതീവ ദുർഘടമായ ഈ പ്രദേശങ്ങളിൽ ഉചിതമായ മാർഗത്തിലൂടെ വൈദ്യുതി എത്തിക്കുന്നതിനുള്ള കർമ്മപദ്ധതികളാണ് വൈകാതെ യാഥാർഥ്യമാകുന്നത്. കർഷകർക്ക് അധിക വരുമാനം ഉറപ്പുവരുത്തുന്ന പി എം കുസും പദ്ധതിയും ഫലപ്രദമായി നടപ്പിലാക്കുകയാണ്. ജലസേചന സൗകര്യം തീരെയില്ലാത്ത നാണ്യവിളകൾക്ക് കൂടി സൗരോർജ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന പമ്പുകൾ ഉപയോഗിച്ച് ജലസേചന സൗകര്യം ഒരുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ഹരിതോർജ മിഷനിലൂടെ അടുത്ത അഞ്ചുവർഷം കൊണ്ട് 3000 മെഗാവാട്ട് അധിക വൈദ്യുതി ഉത്പാദനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഉത്പാദന ചെലവ് കുറഞ്ഞ വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം വർധിക്കുന്നതോടെ വൈദ്യുതിനിരക്കുകളിലും കുറവുണ്ടാകും. ഈ തരത്തിൽ വൈദ്യുതിയുടെ ഗുണമേന്മയും സേവനനിലവാരവും ഉയർത്തി കൂടുതൽ മികവോടെ ജനപക്ഷത്ത് നിലയുറപ്പിക്കുകയാണ് നമ്മുടെ സർക്കാർ. ◘






# കായിക കേരളം കുതിക്കുകയാണ്...

# പുതുതലമുറയ്ക്ക് ഫുട്ബോൾ കളിക്കാം

തിരുവനന്തപുരം | എറണാകുളം | കണ്ണൂർ

**എന്നിവിടങ്ങളിൽ ഫുട്ബോൾ അക്കാദമികൾ**



അടിസ്ഥാനസൗകര്യ വികസനം, കായികപരിശീലനം, കായികതാരങ്ങളുടെ ക്ഷേമം എന്നിവയിൽ സമാനതകളില്ലാത്ത വികസനവുമായി കായികവകുപ്പും നൂറുദിനം പിന്നിടുകയാണ്. കഴിഞ്ഞ സർക്കാർ തുടങ്ങിവെച്ച പദ്ധതികൾ വിജയകരമായി പൂർത്തിയാക്കിയും കാലാനുസൃതമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചുമാണ് കായിക രംഗത്തെ മുന്നേറ്റം തുടരുന്നത്.

100 ദിനത്തിനുള്ളിൽ കായിക-യുവജനകാര്യ ഡയറക്ടറേറ്റ് കണ്ണൂർ, തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ മൂന്ന് ഫുട്ബോൾ അക്കാദമികളാണ് ആരംഭിച്ചത്. അതിൽ കണ്ണൂർ, എറണാകുളം എന്നിവ വനിതകൾക്കായാണ് സജ്ജമാക്കിയിരിക്കുന്നത്. തിരുവനന്തപുരത്ത് ജി വി രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് സ്കൂളിലുമാണ് ഡയറക്ടറേറ്റിന്റെ എലൈറ്റ് റസിഡൻഷ്യൽ അക്കാദമികൾ. എറണാകുളം പനമ്പിള്ളി നഗർ സ്റ്റേഡിയത്തിലാണ് സ്പോർട്സ് കൗൺസിലിന്റെ വനിതാ ഫുട്ബോൾ അക്കാദമി.

മികച്ച ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കാൻ പ്രൊഫഷണൽ ക്ലബുകളുമായി സഹകരിച്ചാണ് ജി വി രാജ, കണ്ണൂർ സ്പോർട്സ് സ്കൂളുകളിൽ റസിഡൻഷ്യൽ ഫുട്ബോൾ അക്കാദമികൾ പ്രവർത്തിക്കുക. അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെയും ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെയും അക്രഡിറ്റഡ് അക്കാദമികളായി ഇവയെ വാർത്തെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**100 ദിനത്തിനുള്ളിൽ കായിക-യുവജനകാര്യ ഡയറക്ടറേറ്റ് കണ്ണൂർ, തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ മൂന്ന് ഫുട്ബോൾ അക്കാദമികളാണ് ആരംഭിച്ചത്. അതിൽ കണ്ണൂർ, എറണാകുളം എന്നിവ വനിതകൾക്കായാണ് സജ്ജമാക്കി യിരിക്കുന്നത്**

## സ്പോർട്സ് സ്കൂളുകൾ അന്തർദേശീയ നിലവാരത്തിൽ

2018 ൽ കായിക വകുപ്പ് ഏറ്റെടുത്ത ജി വി രാജ, കണ്ണൂർ സ്പോർട്സ് സ്കൂളുകളെ ഇതിനകം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിക്കഴിഞ്ഞു. കായിക പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ അതിവിപുലമാക്കി. ഹോസ്റ്റൽ, ക്ലാസ്മുറി തുടങ്ങിയ സൗകര്യങ്ങളും ആധുനികമാക്കി. ജി വി രാജ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ്, സിന്തറ്റിക് ഹോക്കി ടർഫ്, ഇൻഡോർ സ്റ്റേഡിയം, ബാസ്കറ്റ് ബോൾ കോർട്ടുകൾ, മൾട്ടി പർപ്പസ് കോർട്ടുകൾ എന്നിവ പുതുതായി ഒരുക്കി. ഓൺലൈൻ വിദ്യാഭ്യാസം സാധ്യമാക്കാനും പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും ഇന്ററാക്ടീവ് ക്ലാസ് റൂമുകൾ, ആധുനിക ലാബ് ഉപകരണങ്ങൾ, പുതിയ ഫർണിച്ചർ എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

സ്പോർട്സ് സ്കൂളായി പ്രവർത്തിക്കുന്ന കണ്ണൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് 2.70 കോടി ചെലവിൽ നവീകരിച്ചു. രണ്ടു ഇൻഡോർ സിന്തറ്റിക് ബാസ്ക്കറ്റ് ബോൾ കോർട്ട്, മഡ് ഇൻഡോർ വോളിബോൾ കോർട്ട് എന്നീ സൗകര്യങ്ങൾ ഒരുക്കി. ഹോസ്റ്റൽ കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകൾ 2.94 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. പറളി ഹയർ സെക്കൻഡറി സ്കൂളിന്റെ ഭൂമിയിൽ നിർമ്മിച്ച സ്പോർട്സ് ഫെസിലിറ്റി സെന്ററിന്റെ രണ്ടാം ഘട്ടം പൂർത്തിയാക്കി. 6.58 കോടി രൂപ ചെലവിൽ സെവൻസ് ഫുട്ബോൾ ടർഫും, പ്രാക്ടീസ് പൂളും 6 ലെയ്ൻ 200 മീറ്റർ സിന്തറ്റിക് ട്രാക്കുമാണ് ഇവിടെ പൂർത്തീകരിച്ചത്. ◘



100ന്റെ നേട്ടം

പൊതു വിദ്യാഭ്യാസ – തൊഴിൽ വകുപ്പ്



# വേർതിരിവുകളില്ലാതെ ഡിജിറ്റൽ വിദ്യാഭ്യാസം

## ഡിജിറ്റൽ വിദ്യാഭ്യാസം ഗുണനിലവാരത്തോടെ

കേരളത്തിന്റെ പൊതുവിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തുന്നതിനും മഹാമാരിയുടെ കാലത്തിനനുസൃതമായി ഡിജിറ്റൽ വിദ്യാഭ്യാസം സാർവത്രികവും എല്ലാവർക്കും പ്രാപ്യവുമാക്കുന്നതിനുമുള്ള പദ്ധതികളും തൊഴിൽമേഖലയിൽ സമഗ്രപരിഷ്ക്കരണവും വളർച്ചയും ലക്ഷ്യമിട്ടുള്ള പദ്ധതികളും മുന്നോട്ടു കൊണ്ടുപോകുന്നതിന് തൊഴിൽ, വിദ്യാഭ്യാസവകുപ്പുകൾക്കു കഴിഞ്ഞു.

## വെർച്വൽ പ്രവേശനോത്സവം

അധ്യയന വർഷത്തിന്റെ ആരംഭത്തിൽ പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ വരവേറ്റിരുന്നത് ആഹ്ലാദകരമായ പ്രവേശനോത്സവത്തിലൂടെയായിരുന്നു. എന്നാൽ 2020–21 അധ്യയന വർഷത്തിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂൾ പ്രവർത്തനം ഓൺലൈൻ ക്ലാസിലേക്ക് മാറിയപ്പോൾ പ്രവേശനോത്സവം നടത്താൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിലാണ് 2021–22 വർഷത്തിൽ വെർചൽ പ്രവേശനോത്സവം സംഘടിപ്പിക്കാൻ തീരുമാനിച്ചതും അത് വൻവിജയമായതും.

## ഉച്ചഭക്ഷണ പദ്ധതി ഭക്ഷ്യഭദ്രതാ അലവൻസ്

കോവിഡ് സാഹചര്യത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ സ്കൂൾ കുട്ടികൾക്കും 2021–22 അധ്യയനവർഷം സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നത് വരെ ഭക്ഷ്യഭദ്രതാ അലവൻസ് ഭക്ഷ്യകിറ്റുകളായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഹകരണത്തോടെ വിതരണം ചെയ്യുന്നുണ്ട്.

## സൗജന്യ കൈത്തറി യൂണിഫോം വിതരണം

9,39,107 കുട്ടികൾക്കുള്ള യൂണിഫോമാണ് ഉപജില്ലകളിലെ വിതരണ കേന്ദ്രങ്ങളിൽ എത്തിച്ചത്. 39 ലക്ഷം മീറ്റർ തുണിയാണ് ഇതിനായി വിതരണം ചെയ്തത്. ബഡ്ജറ്റിൽ ഇതിനായി 105 കോടി രൂപ നീക്കിവച്ചു.

## പരീക്ഷാ ഫലപ്രഖ്യാപനം

എസ്.എസ്.എൽ.സി ഫലപ്രഖ്യാപനം നിശ്ചയിച്ച സമയത്തുതന്നെ നടത്താൻ വകുപ്പിനായി. 4,21,887 വിദ്യാർഥികൾ പരീക്ഷ എഴുതുകയും 4,19,651 വിദ്യാർഥികൾ ഉപരിപഠനത്തിന് യോഗ്യത നേടുകയും ചെയ്തു. എസ്.എസ്.എൽ.സി പരീക്ഷയുടെ വിജയശതമാനം 99.47 ആണ്. രണ്ടാം വർഷ ഹയർസെക്കൻഡറി പരീക്ഷയിൽ 87.94% വിദ്യാർഥികൾ ഉപരിപഠനത്തിന് യോഗ്യത നേടി. കഴിഞ്ഞ വർഷത്തെ വിജയശതമാനത്തേക്കാൾ 2.81% കൂടുതലാണിത്.

## വിദ്യാകിരണം പദ്ധതി

കേരളത്തിന്റെ  പൊതുവിദ്യാഭ്യാസ രംഗത്തെ ശാക്തീകരിക്കുന്നതിനും ഗുണനിലവാരമുള്ള ഡിജിറ്റൽ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതിക്ക് തുടക്കമായി. ഇതിന്റെ ഭാഗമായുള്ള വെബ് സൈറ്റിനും മുഖ്യമന്ത്രി തുടക്കം കുറിച്ചു. സാമ്പത്തികവും സാമൂഹികവുമായ പിന്നാക്കാവസ്ഥ അനുഭവിക്കുന്ന കുഞ്ഞുങ്ങൾക്കുൾപ്പെടെ എല്ലാ വിദ്യാർഥികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിനാണ് ഇതിലൂടെ തുടക്കമിടുന്നത്.

## തൊഴിൽ തർക്കങ്ങൾക്ക് പരിഹാരം

സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ തർക്കങ്ങൾക്ക് സർക്കാർ സമയബന്ധിതമായി പരിഹാരമുറപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതാണ്. സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ തൊഴിൽ മന്ത്രി സംസ്ഥാനത്തെ വിവിധ ട്രേഡ് യൂണിയൻ നേതാക്കളുമായി കേരളത്തിലെ തൊഴിൽ സാഹചര്യത്തെപ്പറ്റി വിശദമായ ചർച്ചകൾ നടത്തി. റീജണൽ ജോയിന്റ് ലേബർ കമ്മീഷണർ

തലത്തിലും ജില്ലാ ലേബർ ഓഫീസർ തലത്തിലും സംസ്ഥാനത്തെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ ഉടലെടുത്ത ബോണസ് തർക്കങ്ങൾ ചർച്ചചെയ്ത് പരിഹരിച്ചു.

## ഓണത്തിന് മുൻപ് ബോണസ്

ബോണസ് ഓണത്തിന് മുൻപ് ലഭ്യമാക്കുമെന്ന സർക്കാർ നിലപാട് നടപ്പിലാക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ഓണക്കാലത്ത് 2,34,804 തൊഴിലാളികൾക്ക് 71 കോടിയിലേറെ രൂപ (71,78,66,900) വിതരണത്തിനായി അനുവദിച്ചു. ഓണക്കിറ്റ്, എക്സ്ഗ്രേഷ്യ, ബോണസ്, പെൻഷൻ, കോവിഡ് ധനസഹായം എന്നിവയ്ക്കായും ഇൻകം സപ്പോർട്ട് സ്കീമിനുമായാണ് തുക അനുവദിച്ചത്.

## തൊഴിൽ സൗഹൃദ അന്തരീക്ഷം

കോവിഡ് കാലത്തെ തൊഴിൽ നഷ്ടം സംബന്ധിച്ച് പഠനം നടത്താൻ തൊഴിൽ വകുപ്പിന് കീഴിലെ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ ആറു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും. അതിഥി തൊഴിലാളികൾക്കായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.






വികസനരംഗത്ത് വിസ്മയമായി മാറിയ കിഫ്ബിയിലൂടെ 932.69 കോടിയുടെ 10 പദ്ധതികൾക്ക് കൂടി പുതുതായി അംഗീകാരം നൽകി. ഇതോടെ 64,344 കോടിയുടെ 912 പദ്ധതികളാണ് കിഫ്ബി ഏറ്റെടുത്തത്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ നവീകരണ ചരിത്രത്തിൽ ഏറ്റവും അധികം പദ്ധതികൾ പൂർത്തീകരിച്ച് നാടിന് സമർപ്പിക്കപ്പെട്ടത് ഈ കാലയളവിലാണ്

# പ്രതിസന്ധിയിലും കരുതലോടെ



കോവിഡ് സാഹചര്യം സൃഷ്ടിച്ച സാമ്പത്തിക മരവിപ്പിനെ മറി കടക്കാൻ ഇരുപതിനായിരം കോടി രൂപയുടെ കോവിഡ് പാക്കേജുൾപ്പെടെയുള്ള നിരവധി പദ്ധതികളാണ് ധനകാര്യ വകുപ്പ് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി നടപ്പാക്കിയത്. കോവിഡിന്റെ പശ്ചാത്തലത്തിൽ പട്ടിണി ഇല്ലാത്ത ജീവിതം ഉറപ്പാക്കാൻ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യാനും വിവിധ ജനവിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം എത്തിക്കാനും കഴിഞ്ഞു. പ്രതിസന്ധിയിലായ മേഖലകളെ പുനരുജ്ജീവിപ്പിക്കാനും സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാനും ഇടപെട്ടുകൊണ്ട് തൊഴിലുകൾ സൃഷ്ടിക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു. കോവിഡ് കാലത്ത് വിദ്യാർഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിന് സഹായകരമാകുന്ന വിധത്തിൽ ലാപ്ടോപ്പുകളും മൊബൈൽ ഫോണുകളും നൽകി. കിഫ്ബിയിലൂടെ മാത്രം ആയിരം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

ആരോഗ്യമേഖലയിൽ സമ്പൂർണ്ണ വാക്സിനേഷനു വേണ്ടി ആവിഷ്കരിക്കപ്പെട്ട മുഴുവൻ പദ്ധതികൾക്കും ആശുപത്രികൾ, അനുബന്ധ സ്ഥാപനങ്ങൾ, ഉപകരണങ്ങൾ, സംവിധാനങ്ങൾ എന്നിവയ്ക്കായും വേണ്ട പിന്തുണ ഉറപ്പാക്കി. സാമ്പത്തിക പുനരുജ്ജീവന പാക്കേജ് നടപ്പാക്കാനുള്ള പദ്ധതികൾക്കും തുടക്കമായിട്ടുണ്ട്. കോവിഡ് അനുബന്ധ പാക്കേജിലെ കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നിവ വഴി നടപ്പാക്കുന്ന സാമ്പത്തിക സഹായപദ്ധതികൾ വേഗത്തിലാക്കാനുള്ള നടപടികൾ തുടങ്ങി. രണ്ടു മാസത്തെ പെൻഷനും സ്പെഷ്യൽ കിറ്റും നൽകി കഴിഞ്ഞു. സർക്കാർ കെട്ടിടങ്ങളുടെ വാടക ഒഴിവാക്കാനുള്ള നടപടികളും വൈകാതെ പൂർത്തിയാകും.

**കോവിഡ് സാഹചര്യം സൃഷ്ടിച്ച സാമ്പത്തിക മരവിപ്പിനെ മറി കടക്കാൻ ഇരുപതിനായിരം കോടി രൂപയുടെ കോവിഡ് പാക്കേജുൾപ്പെടെയുള്ള നിരവധി പദ്ധതികളാണ് ധനകാര്യ വകുപ്പ് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി നടപ്പാക്കിയത്**

## സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ

വ്യവസായ എസ്റ്റേറ്റുകളിൽ ഉത്പാദന -സേവന മേഖലകളിലെ സംരംഭകർക്ക് പുതിയ യൂണിറ്റുകൾ തുടങ്ങാനും നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കാനും കെ.എഫ്.സി വഴി 500 കോടിയുടെ വായ്പാ പദ്ധതിയാണ് നടപ്പിലാക്കിയത്. രണ്ടാം കോവിഡ് പാക്കേജിന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളുടെ ആശയം മുതൽ വാണിജ്യവത്ക്കരണം വരെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും പിന്തുണ നൽകാൻ സ്റ്റാർട്ടപ്പുകൾക്ക് 10കോടിരൂപ വരെ ധനസഹായം നൽകുന്ന സമഗ്രപദ്ധതി ആവിഷ്ക്കരിച്ചു.

ചെറുകിടവ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ, എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ 5650 കോടി രൂപയുടെ കോവിഡ് അനുബന്ധ പാക്കേജാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേന്ദ്ര-സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള രണ്ടു ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശനിരക്കിന്റെ നാല് ശതമാനം വരെ സംസ്ഥാന സർക്കാർ ആറുമാസത്തേക്ക് വഹിക്കും. ആകെ 2000കോടി രൂപ വലുപ്പമുള്ള വായ്പാപദ്ധതിയുടെ പലിശയിളവാണിത്. ഒരു ലക്ഷത്തിലധികം പേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും.

കോവിഡ് ബാധിച്ച കുടുംബങ്ങൾക്ക് അഞ്ച് ശതമാനം പലിശനിരക്കിൽ ഒരു ലക്ഷം രൂപ വരെ ലോൺ നൽകുന്നതിന്റെ കാലാവധി നീട്ടി. മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയുടെ രണ്ടാം ഭാഗത്തിന് 300 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഒരു കോടി വരെ അഞ്ച് ശതമാനം പലിശയിൽ ഒരു വർഷത്തിൽ 500 സംരംഭം എന്ന കണക്കിൽ അഞ്ച് വർഷം കൊണ്ട് 2500 പുതിയ വ്യവസായ യൂണിറ്റുകൾക്ക് വായ്പ അനുവദിക്കും.

സമൂഹത്തിലെ എല്ലാ മേഖലകളിലെയും ജനങ്ങളുടെ കൈവശം പണലഭ്യത ഉറപ്പാക്കാൻ കോവിഡ് പ്രതിസന്ധിയുടെ ഘട്ടത്തിലും ഈ സർക്കാരിനു സാധിച്ചു. അതിനായി 9018 കോടി രൂപയാണ് മാറ്റിവച്ചത്. സാമൂഹ്യ സുരക്ഷ പെൻഷൻ നൽകാൻ 1700 കോടി, ആയിരം രൂപ വീതം വിവിധ തൊഴിലാളി വിഭാഗങ്ങൾക്ക് വിതരണം ചെയ്യാൻ 147 കോടി, വിവിധ ബോർഡുകൾക്ക് ശമ്പളം നൽകാൻ 30 കോടി, ഓണക്കിറ്റിന് 526 കോടി എന്നിങ്ങനെ വ്യത്യസ്തമേഖലകളിൽ നേരിട്ട് പണവും സഹായങ്ങളും എത്തിച്ചു. കോവിഡ് മൂലം തകർന്ന വിപണി സജീവമാക്കാൻ ഈ ഇടപെടലുകൾ സഹായകരമായി.

ഓണക്കിറ്റുകളിലൂടെ വിതരണം ചെയ്ത 16 ഇനം സാധനങ്ങളും പ്രാഥമിക വിപണിയിൽ നിന്നും സർക്കാർ നേരിട്ട് ശേഖരിച്ചവയായിരുന്നു. കർഷകർക്കും ഉത്പാദകർക്കും ഏറെ സഹായകരമായ ഈ നടപടി ആഭ്യന്തരവിപണിയുടെ ഊർജ്ജസ്വലതയ്ക്ക് കാരണമായി. തൊഴിലുറപ്പു തൊഴിലാളികളേയും ഈ സർക്കാർ മറന്നില്ല. സാധാരണ 100 പ്രവൃത്തി ദിവസങ്ങൾ പൂർത്തിയാക്കുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്കാണ് ഉത്സവബത്ത അനുവദിച്ചിരുന്നതെങ്കിൽ ഇത്തവണ കോവിഡ് പശ്ചാത്തലത്തിൽ 75 ദിവസം പൂർത്തീകരിച്ച തൊഴിലാളികൾക്കും ഉത്സവബത്ത നൽകി. പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കും ഓണം എക്സ്ഗ്രേഷ്യ ധനസഹായമായി 2250 രൂപ വീതം നൽകി.

സർവ്വീസ് മേഖലയിലും ജാഗ്രതയോടെ ഇടപെട്ടായിരുന്നു ഭരണത്തിന്റെ തുടക്കം. പുതുക്കിയ ശമ്പളവും പെൻഷനും കൃത്യമായി നൽകിയതിനൊപ്പം മാറ്റിവച്ച ശമ്പളത്തിന്റെ അഞ്ച് ഗഡു കുടിശികയും പെൻഷൻ പരിഷ്കരണത്തിന്റെ 2600 കോടി കുടിശികയും നൽകി. യൂണിവേഴ്സിറ്റി ജീവനക്കാരുടെ പെൻഷൻ പരിഷ്കരണവും ഹോമിയോ കോളേജ് അധ്യാപകർ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാർ മുതലായവരുടെ



ശമ്പളപരിഷ്കരണവും നടപ്പാക്കി. പരിഷ്കരണ അപാകതകൾ പരിശോധിക്കാൻ ധനവകുപ്പിൽ അനോമലിസെൽ രൂപീകരിച്ച് പ്രവർത്തന മാരംഭിച്ചു. സർക്കാർ ജീവനക്കാരുടെ ബോണസ്, ഫെസ്റ്റിവൽ അലവൻസ് എന്നിവ നൽകാൻ 800 കോടിയും വിവിധ സ്ഥാപനങ്ങളുടെ ബോണസ്, ഫെസ്റ്റിവൽ അഡ്വാൻസ് എന്നിവയ്ക്ക് 100 കോടിയും ചെലവഴിച്ചു.

## കിഫ്ബി പദ്ധതികൾ

വികസനരംഗത്ത് വിസ്മയമായി മാറിയ കിഫ്ബിയിലൂടെ 932.69 കോടിയുടെ 10 പദ്ധതികൾക്ക് കൂടി പുതുതായി അംഗീകാരം നൽകി. ഇതോടെ 64,344 കോടിയുടെ 912 പദ്ധതികളാണ് കിഫ്ബി ഏറ്റെടുത്തത്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ നവീകരണ ചരിത്രത്തിൽ ഏറ്റവും അധികം പദ്ധതികൾ പൂർത്തീകരിച്ച് നാടിന് സമർപ്പിക്കപ്പെട്ടത് ഈ കാലയളവിലാണ്. 92 സ്കൂൾ കെട്ടിടം, 48 ഹയർസെക്കൻഡറി ലാബ്, മൂന്ന് ഹയർസെക്കൻഡറി ലൈബ്രറി എന്നിവ പൂർത്തീകരിച്ചു. 107 പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു. ആകെ 362 കോടിയുടെ പദ്ധതികളിൽ 208 കോടിയും കിഫ്ബി ഫണ്ടാണ്. നമ്മുടെ പശ്ചാത്തല വികസന ചരിത്രത്തിൽ അത്ഭുതകരമായ ഇടപെടലും മുന്നേറ്റവുമാണ് കിഫ്ബിയിലൂടെ സാധ്യമാകുന്നത്.

**സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ നവീകരണ ചരിത്രത്തിൽ ഏറ്റവും അധികം പദ്ധതികൾ പൂർത്തീകരിച്ച് നാടിന് സമർപ്പിക്കപ്പെട്ടത് ഈ കാലയളവിലാണ്. 92 സ്കൂൾ കെട്ടിടം, 48 ഹയർസെക്കൻഡറി ലാബ്, മൂന്ന് ഹയർസെക്കൻഡറി ലൈബ്രറി എന്നിവ പൂർത്തീകരിച്ചു. 107 പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു. ആകെ 362 കോടിയുടെ പദ്ധതികളിൽ 208 കോടിയും കിഫ്ബി ഫണ്ടാണ്**

പഞ്ചായത്ത് വകുപ്പിൽ 222, ഹൈക്കോടതി ഇതരകോടതികളിലായി 368, എൻജിനീയറിങ് കോളേജ്, വിവിധ പോളിടെക്നിക്കുകൾ എന്നിവിടങ്ങളിൽ 153, ആരോഗ്യമേഖലയിൽ 300 ലധികം എന്നിങ്ങനെ 100 ദിവസത്തിനുള്ളിൽ വിവിധ വകുപ്പുകളിലായി സർക്കാർ 1290ലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചു. ധനകാര്യനികുതിവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ രണ്ടായിരത്തിലധികം നിയമനങ്ങൾ ഈ കാലയളവിൽ നടന്നു. കെ-ഡിസ്കിലൂടെ ഡിജിറ്റൽ സാങ്കേതിക രംഗത്ത് ഇരുപത് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടികളും പൂർത്തിയാവുകയാണ്. സ്ഥിതിസമത്വത്തിലധിഷ്ഠിതമായ നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ മുന്നേറുകയാണ് രണ്ടാം പിണറായി സർക്കാർ. കോവിഡ് ഉയർത്തുന്ന വെല്ലുവിളികളെ അതിജീവിച്ച് നമുക്ക് മുന്നേറാനാകുന്നു എന്നത് നൽകുന്ന ആത്മവിശ്വാസം ചെറുതല്ല.


സഞ്ജന സുനിൽ, സംഗീത .ഒ

# ഭരണനിർവഹണവും സേവനങ്ങളും ഓൺലൈനിൽ

അധികാര വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണ രംഗത്തും രാജ്യത്തിനു തന്നെ മാതൃകയായ നമ്മുടെ സംസ്ഥാനം പഞ്ചായത്തുകളിലെ ഇ-ഗവേർണൻസ് രംഗത്ത് പുതിയ ഉയരങ്ങൾ താണ്ടുകയാണ്. ഇൻഫർമേഷൻ കേരളാ മിഷൻ തയ്യാറാക്കിയിട്ടുള്ള പുതിയ സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി പഞ്ചായത്തുകളിൽ സമ്പൂർണ്ണ ഇന്റലിജന്റ് ഇ-ഗവേർണൻസ് സംവിധാനം നടപ്പിലാക്കിയതോടെയാണ് നമ്മുടെ പഞ്ചായത്തുകൾ ഭരണ നിർവ്വഹണത്തിനൊപ്പം സേവനത്തിലും രാജ്യത്തിന് പുതിയ മാതൃക തീർക്കുന്നത്. ഇതോടെ തദ്ദേശ ഭരണ വകുപ്പ് ആദ്യഘട്ടത്തിൽ കേരളത്തിലെ 153 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ച് വിജയം കണ്ട ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം(ഐഎൽജിഎംഎസ് ) രണ്ടാംഘട്ടത്തിൽ 150 ഗ്രാമപഞ്ചായത്തുകളിൽ കൂടിയാണ് യാഥാർഥ്യമായിരിക്കുന്നത് .

ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന 213 സേവനങ്ങൾക്കുള്ള അപേക്ഷകളും, പരാതികളും, അപ്പീലുകളും, നിർദേശങ്ങളും ഓൺലൈനായി ഒരൊറ്റ പ്ലാറ്റ്ഫോമിൽ നിന്നും അയയ്ക്കുന്നതിനുള്ള സൗകര്യമാണ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ ലഭിക്കുന്നത്. മിക്കവാറും വരുന്ന സർക്കാർ സേവനങ്ങൾക്ക് മുമ്പും ഓൺലൈനിലൂടെ അപേക്ഷ നൽകാൻ സാധിക്കുമായിരുന്നു. പല വെബ് ലിങ്കുകളിലായി ചിതറികിടക്കുകയായിരുന്ന അത്തരം സേവന സൗകര്യങ്ങളെയാണ് ഒരൊറ്റ ലോഗിനിൽ ലഭ്യമാകുന്ന തരത്തിൽ ഇപ്പോൾ ക്രമീകരിച്ചിരിക്കുന്നത്. കോവിഡിന്റെ സാഹചര്യത്തിൽ പഞ്ചായത്തുകളിലൂടെ ലഭിക്കേണ്ട സർക്കാർ സേവനങ്ങൾക്ക് ഓഫീസുകളിൽ കയറിയിറങ്ങേണ്ട എന്നതിനൊപ്പം അപേക്ഷയുടെ പുരോഗതി അപ്പപ്പോൾ അറിയാമെന്നതും സവിശേഷതയാണ്.

അപേക്ഷയ്ക്കൊപ്പം നൽകിയിട്ടുള്ള ഇ -മെയിലിലും, അപേക്ഷകന്റെ യൂസർ ലോഗിനിലും സേവനങ്ങളും, സാക്ഷ്യപത്രങ്ങളും അറിയിപ്പുകളും ഈ സേവനം ഉപയോഗപ്പെടുത്തുന്നവർക്കു ലഭ്യമാകുന്നു. നടപടികൾ പൂർത്തിയാകുമ്പോൾ അത് സംബന്ധിച്ച അറിയിപ്പ് എസ് എം എസ് ആയി അപേക്ഷകന് ലഭിക്കും. അപേക്ഷയിന്മേൽ അറിയിപ്പുകളോ നിർദേശങ്ങളോ നൽകാൻ ഉണ്ടായിരുന്ന പരിമിതികൾക്കാണ് ഇതോടെ പരിഹാരമാകുന്നത്. പൊതുജനങ്ങൾക്ക് വീട്ടിലിരുന്നും അക്ഷയ കേന്ദ്രങ്ങൾ വഴിയും https://citizen.lsgkerala.gov.in/ എന്ന വെബ് സൈറ്റിലൂടെ ഇ -സേവനങ്ങൾ നേടിയെടുക്കാൻ സാധിക്കും.




അപേക്ഷകളുടെ മുൻഗണനാടിസ്ഥാനത്തിലാകും ഈ സോഫ്റ്റ്‌വെയർ വഴി പൊതുജനങ്ങൾക്ക് സേവനം ലഭ്യമാകുന്നത്. ഫയലുകൾ എല്ലാം വെബ് അധിഷ്ഠിതമായാണ് കൈകാര്യം ചെയ്യപ്പെടുക എന്നതിനാൽ ജീവനക്കാർക്ക് ആവശ്യമെങ്കിൽ വീട്ടിലിരുന്നും ഓഫീസ് പ്രവർത്തനങ്ങൾ നിർവഹിക്കാൻ സാധിക്കും. സർക്കാർ നയത്തിന് അനുസൃതമായി ഓപ്പൺ സോഴ്സ് ടെക്നോളജിയിലാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. അതിലൂടെ പഞ്ചായത്തുകൾക്ക് സോഫ്റ്റ്‌വെയർ ലൈസൻസ് ഇനത്തിലുള്ള ഭീമമായ തുകയും ഒഴിവാക്കാൻ സാധിക്കും. മാത്രമല്ല, ഇതിലൂടെ വിനിമയം ചെയ്യപ്പെടുന്ന വിവരങ്ങളും സുരക്ഷിതമായിരിക്കും. പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ഉപയോഗപ്രദമായ പുതിയ സംവിധാനം വൈകാതെ സംസ്ഥാനത്തുടനീളം നടപ്പിലാവുന്നതോടെ പ്രാദേശിക സേവന ക്രമത്തിൽ തന്നെ വലിയ മാറ്റങ്ങൾ പ്രകടമാകുമെന്ന കാര്യം ഉറപ്പാണ്.

100ന്റെ നേട്ടം
വ്യവസായ വകുപ്പ്



# വ്യവസായം

# മീറ്റ് ദി മിനിസ്റ്റർ മീറ്റ് ദി ഇൻവെസ്റ്റർ

രണ്ടാം പിണറായി വിജയൻ സർക്കാർ 100 ദിവസങ്ങൾ പൂർത്തിയാക്കുമ്പോൾ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച ലക്ഷ്യമിട്ട് വ്യവസായ വാണിജ്യ വകുപ്പ് നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. സംരംഭകരുടെ പരാതി പരിഹരിക്കുന്നതിനും പ്രമുഖ വ്യവസായഗ്രൂപ്പുകളുമായി ആശയവിനിമയത്തിനുമായി മീറ്റ് ദി മിനിസ്റ്റർ, മീറ്റ് ദി ഇൻവെസ്റ്റർ പരിപാടികൾ സംഘടിപ്പിച്ചത് ഏറെ ശ്രദ്ധേയമായി. 100 ദിവസങ്ങൾക്കുള്ളിൽ വകുപ്പിന്റെ തിളക്കമാർന്ന നേട്ടങ്ങളിൽ പ്രധാനപ്പെട്ടവ.

- വ്യവസായ സ്ഥാപനങ്ങളിലെ പരിശോധന സുതാര്യവും കാര്യക്ഷമവുമാക്കാൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം ഏർപ്പെടുത്തി. ഇതിനായുള്ള കെ.സിസ് പോർട്ടൽ പ്രവർത്തനക്ഷമമായി.
- സംരംഭകരുടെ പരാതികൾ പരിഹരിക്കാൻ സംസ്ഥാന ജില്ലാ തലങ്ങളിൽ സ്റ്റാറ്റ്യൂട്ടറി പരാതി പരിഹാരസമിതി രൂപീകരിച്ചു കൊണ്ടുള്ള ഓർഡിനൻസ് നിലവിൽ വന്നു.
- ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്ക് ഉയർത്താൻ ഫലപ്രദമായ നടപടികളിലേക്ക് കടന്നു. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കാൻ മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു.
- കോവിഡ് പ്രതിസന്ധി മറികടക്കാൻ എം.എസ്.എം.ഇ മേഖലക്ക് 1416 കോടി രൂപയുടെ സഹായ പാക്കേജ് പ്രഖ്യാപിച്ചു.
- 1645 കോടി രൂപയുടെ നിക്ഷേപപദ്ധതികൾക്ക് ധാരണയായി. ലോകത്തെ മുൻനിര ഐടി - ഡിസൈൻ സേവനദാതാക്കളായ ടാറ്റ എൽക്സിയുമായി പുതിയ നിക്ഷേപപദ്ധതിക്ക് ധാരണാപത്രം ഒപ്പിട്ടു. ഇതിനായി 75 കോടി രൂപ നിക്ഷേപിക്കും. അഞ്ച് വർഷത്തിനുള്ളിൽ 6000 തൊഴിലവസരങ്ങൾ സൃഷ്ടിക്കും
- 690 കോടി രൂപയുടെ നിക്ഷേപത്തിന് ടാറ്റ കൺസൾട്ടൻസി സർവീസസുമായി ധാരണയായി. പതിനായിരം തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്നു.
- വി - ഗാർഡ് 120 കോടി നിക്ഷേപിച്ച് ഇലക്ട്രോണിക് ലാബ് സ്ഥാപിക്കും.



•ലുലു ഗ്രൂപ്പിന്റെ ഇലക്ട്രോണിക് വെയർഹൗസ് പദ്ധതിക്കും ധാരണ.

•760 കോടി രൂപയുടെ നിക്ഷേപത്തിന് ധാത്രി ആയുർവേദ, നീറ്റ ജലാറ്റിൻ, സിന്തൈറ്റ് ഗ്രൂപ്പുകൾ സന്നദ്ധത അറിയിച്ചു.

•പൊതുമേഖലാസ്ഥാപനങ്ങളുടെ ആധുനീകരണത്തിനായി കരട് മാസ്റ്റർ പ്ലാൻ തയ്യാറായി.

•പൊതുമേഖലയിൽ മികവിന്റെ പുരസ്കാരങ്ങൾ ഏർപ്പെടുത്തി. മികച്ച സ്ഥാപനം, എം.ഡി, ജീവനക്കാരൻ, തൊഴിലാളി എന്നിവർക്ക് പുരസ്കാരം.

•സംരംഭകരുടെ പരാതി പരിഹരിക്കാൻ വ്യവസായ മന്ത്രി പങ്കെടുക്കുന്ന മീറ്റ് ദി മിനിസ്റ്റർ പരിപാടി ജില്ലാ തലത്തിൽ ആവിഷ്കരിച്ചു. 100 കോടി രൂപക്ക് മുകളിൽ നിക്ഷേപമുള്ള വ്യവസായഗ്രൂപ്പുകളുമായി സ്ഥിരം ആശയവിനിമയത്തിന് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി സംഘടിപ്പിക്കുന്നു.

•വ്യവസായ സംരഭകരുടെ കൂട്ടായ്മകളുമായി (സി.ഐ.ഐ, ഫിക്കി, ചെറുകിട വ്യവസായ അസോസിയേഷൻ) തുടർ ആശയവിനിമയത്തിന് ആരംഭം കുറിച്ചു.

•വൻകിട - പ്രവാസി വ്യവസായികളുമായി കൂടിക്കാഴ്ച നടത്തി.

•ഒരു ജില്ല ഒരു ഉത്പന്നം പദ്ധതിയിൽ കാർഷികോത്പന്നങ്ങളിൽ നിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിന് ഈ വർഷം 108 യൂണിറ്റുകൾ ആരംഭിക്കും. നടപടികൾക്ക് തുടക്കമായി.

•എം.എസ്.എം. ഇ ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ലക്ഷ്യമിട്ട് കൊച്ചിയിൽ അന്താരാഷ്ട്ര പ്രദർശനകേന്ദ്രം സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു.




**സംരംഭകരുടെ പരാതി പരിഹരിക്കുന്നതിനും പ്രമുഖ വ്യവസായ ഗ്രൂപ്പുകളുമായി ആശയവിനിമയത്തിനുമായി മീറ്റ് ദി മിനിസ്റ്റർ, മീറ്റ് ദി ഇൻവെസ്റ്റർ എന്നിവ യാഥാർഥ്യമാക്കി**


•സംസ്ഥാനത്ത് എഫ്.എം.സി.ജി പാർക്ക് സ്ഥാപിക്കുന്നതിന് ഫിക്കിയുമായി ചർച്ചകൾ ആരംഭിച്ചു.
•വ്യവസായ സൗഹൃദ സമീപനത്തിന് തദ്ദേശസ്ഥാപനങ്ങൾക്ക് പുരസ്കാരം ഏർപ്പെടുത്താൻ തീരുമാനം.
•വ്യവസായ പാർക്കുകളിൽ ഏകജാലക ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചു.
•പ്രതിരോധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.പി.ഒ. എൽ കെൽട്രോണുമായി ധാരണാപത്രം ഒപ്പിട്ടു.
•കയർ വ്യവസായമേഖല ആധുനീകരിക്കാൻ നടപടികൾ. കയർ ഭൂവസ്ത്ര പദ്ധതിക്ക് 121 കോടിയുടെ കരാർ. ഉയർന്ന ഉത്പാദനശേഷിയുള്ള 10 ലക്ഷം കശുമാവിൻ തൈകൾ വിതരണം ചെയ്തുതുടങ്ങി.
•ഓണത്തിന് കൈത്തറി- ഖാദി ചലഞ്ച് പ്രഖ്യാപിച്ചു. ഇൻകം സപ്പോർട്ട് സ്കീമിൽ 23 കോടി രൂപ അനുവദിച്ചു.
•പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം റിക്രൂട്ട്മെന്റ് ബോർഡിന് വിടാൻ തീരുമാനം.
•പൊതുമേഖലാ സംരക്ഷണത്തിന് പുതിയ മാതൃക സൃഷ്ടിച്ച് കാസർഗോഡ് ഭെൽ - ഇ. എം.എൽ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനം ഏറ്റെടുത്തു.
•വെള്ളൂരിൽ ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (HNL) പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കേരളാ റബ്ബർ ലിമിറ്റഡ്, കേരളാ പേപ്പർ പ്രോഡക്റ്റ്സ് ലിമിറ്റഡ് കമ്പനികൾക്ക് രൂപം നൽകി.
•ഈ സർക്കാർ ചുമതലയേറ്റ ശേഷം 3247 എം.എസ്.എം. ഇ യൂണിറ്റുകളും 373 കോടി രൂപയുടെ നിക്ഷേപവും പുതുതായി വന്നു. 13209 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.
•വ്യവസായ ആവശ്യങ്ങൾക്കായി ഭൂവിനിയോഗത്തിനുള്ള കരട്നയം രൂപീകരിച്ചു.
•കിൻഫ്ര മലപ്പുറം കാക്കഞ്ചേരിയിലെ സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി, കൊല്ലം മുദായ്ക്കൽ മിനി ഇൻഡസ്ട്രിയൽ പാർക്ക് എന്നിവ ഉദ്ഘാടനം ചെയ്തു.
•കിൻഫ്ര മട്ടന്നൂർ പാർക്കിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മാണ ഉദ്ഘാടനം ചെയ്തു.
•യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ സ്മാർട്ട് എനർജി മീറ്റർ, സ്മാർട്ട് വാട്ടർ മീറ്റർ യൂണിറ്റുകൾ ഉദ്ഘാടനം ചെയ്തു.
•കെ.സി.സി.പി.എൽ കയർ ഡിഫൈബറിങ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു.
•കെ എം എം എൽ ഓക്സിജൻ ഉത്പാദന ശേഷി വർധിപ്പിക്കുന്ന പദ്ധതിയും ഹോട്ട് ബാഗ് ഫിൽറ്റർ സംവിധാനവും ഉദ്ഘാടനം ചെയ്തു.
• ട്രാക്കോ കേബിൾ കമ്പനി തിരുവല്ല യൂണിറ്റിലെ ആധുനിക മെഷിനറികൾ ഉദ്ഘാടനം ചെയ്തു.
•ചേർത്തല ഓട്ടോകാസ്റ്റ് നിർമ്മിച്ച റെയിൽവേ ബോഗി കൈമാറി.
•സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ വ്യവസായ വകുപ്പ് സാമൂഹികമാധ്യമ ക്യാമ്പയിന് തുടക്കം കുറിച്ചു.




കേരളത്തിലെ ഏറ്റവും താഴേക്കിടയിലുള്ള ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്താനുതകുന്ന നയങ്ങൾക്ക് സർക്കാർ വലിയ മുൻതൂക്കമാണ് നൽകിവരുന്നത്. ആദ്യ നൂറുദിനത്തിൽ തന്നെ വീടില്ലാത്തവർക്ക് വീടും ഭൂമിയില്ലാത്തവർക്കു ഭൂമിയും നൽകുന്നതും സാമൂഹികസുരക്ഷാ പദ്ധതികൾ ശക്തിപ്പെടുത്തുന്നതും ഇതിന്റെ ഭാഗമായാണ്. പദ്ധതികളെ പ്രഖ്യാപനത്തിൽ ഒതുക്കാതെ അത് പ്രാവർത്തികമാക്കാൻ പ്രയത്നിക്കുന്നതുകൊണ്ടാകണം നവകേരളം സൃഷ്ടിക്കുന്നതിനായുള്ള സർക്കാരിന്റെ പദ്ധതികളിൽ ഉറച്ച പങ്കാളിത്തമാണ് തുടക്കം മുതൽ ലഭിച്ചു വരുന്നത്. 100 ദിന കർമ്മ പരിപാടികളുടെ ഭാഗമായി റവന്യൂവകുപ്പും ഒട്ടേറെ ജനപ്രിയ പദ്ധതികൾക്ക് തുടക്കമിട്ടു. എല്ലാവർക്കും ഭൂമി, ഡിജിറ്റൽ സർവ്വേക്കായി ആധുനിക സാങ്കേതിക വിദ്യ, സ്മാർട്ട് സേവന സംവിധാനം, സൈക്ലോൺ ഷെൽട്ടർ തുടങ്ങിയ പദ്ധതികൾ അതിൽ ഉൾപ്പെടുന്നുണ്ട്.

സ്വന്തമായി ഒരു വീടെന്ന സ്വപ്നത്തിലേക്ക് മലയാളികളെ കൈപിടിച്ചുയർത്താൻ പ്രതിജ്ഞാബദ്ധതയോടെയാണ് ഈ സർക്കാർ പ്രവർത്തിച്ചു വരുന്നത്. ലൈഫ് പദ്ധതിയിലൂടെ രണ്ടര ലക്ഷത്തിലധികം കുടുംബങ്ങളുടെ സ്വപ്നമാണ് ഒന്നാം പിണറായി സർക്കാർ സാക്ഷാത്ക്കരിച്ചത്. ഒന്നേമുക്കാൽ ലക്ഷത്തോളം കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. അതിന്റെ തുടർച്ചയെന്ന വണ്ണം കൈവശാവകാശ ഭൂമിയ്ക്ക് പട്ടയം ഇല്ലാത്തതിന്റെ പേരിൽ ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന കേരളത്തിലെ വിവിധ താലൂക്കുകളിലെ 13500 ലേറെ പേർക്കാണ് ആദ്യ നൂറു ദിനത്തിൽ തന്നെ ഈ സർക്കാർ ഭൂമിയുടെ അവകാശം നൽകിയത്.

സംസ്ഥാനത്തെ എല്ലാ ഭൂമിക്കും രേഖ ഉറപ്പാക്കുന്നതിനായി റീസർവ്വേ നടപടികളും നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി ത്വരിതപ്പെടുത്തുകയാണ്. രേഖയില്ലാത്ത ഒരു ഭൂമി പോലും സംസ്ഥാനത്ത് ഉണ്ടാകാൻ പാടില്ലെന്ന ലക്ഷ്യം മുൻനിർത്തി ചരിത്രത്തിലാദ്യമായി കേരളം മുഴുവൻ ഡിജിറ്റലായി അളക്കുന്നതിനു 807.98 കോടി രൂപയുടെ പദ്ധതിക്കാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്.



# എല്ലാവർക്കും ഭൂമി
# എല്ലാ ഭൂമിക്കും രേഖ




തൃശൂരിൽ നടന്ന സംസ്ഥാനതല പട്ടയമേളയിൽ നിന്ന്

100 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കാനും സാധിച്ചിട്ടുണ്ട്. ഈ സർവ്വേക്കായി CORS ( Continuously Operating Reference Station) & RTK (Real Time Kinematic) ഡ്രോൺ, ലിഡാർ, ETS തുടങ്ങിയ സാങ്കേതിക വിദ്യകളാണ് ഉപയോഗപ്പെടുത്തുന്നത്. നാലു ഘട്ടങ്ങളിലായി നാലു വർഷം കൊണ്ട് ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## ഇനി റവന്യൂ സേവനങ്ങളും സ്മാർട്ട്

റവന്യൂ വകുപ്പിന്റെ എല്ലാ സേവനങ്ങളും വിരൽതുമ്പിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കും നൂറു ദിനത്തിനുള്ളിൽ തുടക്കമായി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകൾക്കും പ്രത്യേക വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഭൂനികുതി അടയ്ക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷനും സജ്ജമാക്കി. സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി നൽകുന്നതിനുള്ള മൊഡ്യൂൾ, ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ, തണ്ടപ്പേർ രജിസ്റ്റർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണം, 1666 വില്ലേജുകൾക്കും പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റുകൾ, നവീകരിച്ച ഇ- പെയ്മെന്റ് പോർട്ടൽ, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ മൊഡ്യൂൾ എന്നിവയാണ് ഡിജിറ്റൈസ് ചെയ്ത സേവനങ്ങൾ. അടുത്ത മൂന്നു വർഷത്തിനിടയിൽ റവന്യൂ വകുപ്പിന്റെ എല്ലാ കേന്ദ്രങ്ങളും ഡിജിറ്റലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

> റവന്യൂ വകുപ്പിന്റെ എല്ലാ സേവനങ്ങളും വിരൽതുമ്പിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് യാഥാർഥ്യമായിരിക്കുക യാണ്

## സൈക്ലോൺ ഷെൽട്ടർ

സംസ്ഥാനത്ത് പ്രവചനാതീതമായി ക്കൊണ്ടിരിക്കുന്ന കാലാവസ്ഥ കണക്കിലെടുത്ത് അപകട മേഖലകളിൽ അധിവസിക്കുന്നവർക്ക് ദുരന്തകാലത്ത് പ്രയാസരഹിത ജീവിതത്തിനും ആശ്വാസത്തിനും വേണ്ടി സൈക്ലോൺ ഷെൽട്ടർ നിർമ്മിച്ചു തുടങ്ങി. പൊന്നാനി, ചെറുതന, എറിയാട് എന്നിവിടങ്ങളിൽ ഷെൽട്ടറുകൾ പൂർത്തിയായിക്കഴിഞ്ഞു. സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് ലോക ബാങ്കിന്റെ സഹായത്തോടെയാണ് ഷെൽട്ടറുകൾ നിർമ്മിക്കുന്നത്.

## ആശ്വാസ് വാടക വീടുകൾ

മെഡിക്കൽ കോളേജുകളിലെ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് കുറഞ്ഞ ചെലവിൽ താമസിക്കാൻ കഴിയുന്ന ആശ്വാസ് വാടക വീടുകൾ ഭവന നിർമ്മാണ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാവുകയാണ്. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആലപ്പുഴ, തൃശൂർ ജില്ലകളിൽ ആശ്വാസ് വീടുകൾക്ക് തറക്കല്ലിട്ടു. അഞ്ചു വർഷത്തിനുള്ളിൽ എല്ലാ മെഡിക്കൽ കോളേജുകളിലും ആശ്വാസ് ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതിയും രൂപപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ ആദ്യമായി റവന്യൂ സർവ്വേ, ഭവന നിർമ്മാണ, ദുരന്ത നിവാരണ വകുപ്പുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും മേൽനോട്ടത്തിനുമായി റവന്യൂ സെക്രട്ടേറിയറ്റ്, ഓരോ ജില്ലകളിലെയും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പരിഹരിക്കുന്നതിനായി റവന്യൂ അസംബ്ലികൾ, പൊതുജനങ്ങൾ റവന്യൂ മന്ത്രിക്കു നൽകുന്ന പരാതികളിൽ സമയബന്ധിതമായി പരിഹാരം കാണുന്നതിനായി ജില്ലാ കളക്ടറേറ്റുകളിൽ ആർഎം സെല്ലുകൾ, വില്ലേജുതല ജനകീയ സമിതികൾ, പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാനും പരിഹാരം കാണുന്നതിനുമായി ഐഎൽഡിഎം കേന്ദ്രീകരിച്ച് കോൾ സെന്റർ, റവന്യൂ വകുപ്പിനു കീഴിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ നിന്ന് ആരംഭിച്ച് വില്ലേജ് ഓഫീസുകളിൽ അവസാനിക്കുന്ന തരത്തിൽ ഫയൽ അദാലത്ത് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തുടക്കമിടാനും ഇക്കാലയളവിൽ സാധിച്ചു.





**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

# അതിദാരിദ്ര്യമുക്ത കേരളത്തിനായി ജനകീയ യജ്ഞം

**അഞ്ചുവർഷം കൊണ്ട് സംസ്ഥാനത്തെ അതിദരിദ്രരെ കണ്ടെത്തി, അതിജീവന പദ്ധതികൾ നടപ്പിലാക്കി, അവരെ മുഖ്യധാരയിലേക്ക് ഉയർത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനായി വിപുലമായ ക്യാമ്പയിനിനാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്**

കേരളം ലോകത്തിന് മുന്നിൽ നിരവധി മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. സാക്ഷരതാ പ്രസ്ഥാനം , ജനകീയാസൂത്രണം , കുടുംബ ശ്രീ എന്നിവ അവയിൽ ചിലതു മാത്രമാണ്. അതിലൂടെ വികസിത രാജ്യങ്ങൾക്ക് ഒപ്പം നിൽക്കാനാകും വിധം സാമൂഹിക നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. നൂറു ദിനത്തിനുള്ളിൽ സർക്കാർ തുടക്കമിട്ട അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞമെന്ന ജനകീയ പ്രസ്ഥാനവും കേരളത്തെ പുതിയ ദിശയിലേക്ക് നയിക്കാൻ ഒരുങ്ങുകയാണ്.

ആശ്രയ, അഗതി രഹിത, വിശപ്പുരഹിത കേരളം തുടങ്ങി അതിദാരിദ്ര്യം ഇല്ലാതാക്കാൻ കേരളം നേരത്തെ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞം. അഞ്ചുവർഷം കൊണ്ട് സംസ്ഥാനത്തെ അതിദരിദ്രരെ കണ്ടെത്തി, അതിജീവന പദ്ധതികൾ നടപ്പിലാക്കി, അവരെ മുഖ്യധാരയിലേക്ക് ഉയർത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനായി വിപുലമായ ക്യാമ്പയിനാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്.

ഒരു മനുഷ്യൻ നേരിടുന്ന വിവിധ തരത്തിലുള്ള ശേഷിയില്ലായ്മകളെ ദാരിദ്ര്യം എന്ന് വിവക്ഷിക്കാം. ആഹാര ലഭ്യതയെന്ന ഒറ്റ മാനദണ്ഡത്തിൽ നിന്നും

മാറി പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം, ആരോഗ്യം, സേവനലഭ്യത, അടിസ്ഥാന സൗകര്യങ്ങളും വരുമാനവും, സാമൂഹിക ക്ഷേമ പരിപാടികളുടെ ലഭ്യത തുടങ്ങിയവയൊക്കെ ദാരിദ്ര്യം തിട്ടപ്പെടുത്താനുള്ള മാനകങ്ങളാണ്. ഇവയിൽ വരുമാനം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയെ പരിഗണിക്കുന്ന സൂചികയിലൂടെ, മാനവവിഭവശേഷിയുടെ വികസനത്തെ കണക്കാക്കാൻ സാധിക്കും. കേരളം മാനവ വികസന സൂചികകളിൽ ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണെങ്കിലും ദാരിദ്ര്യത്തിന്റെ തുരുത്തുകളുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

സ്വന്തം അവസ്ഥ മറ്റുള്ളവരെ ബോധ്യപ്പെടുത്തി, ആ ദയനീയമായ സാഹചര്യത്തെ മറികടക്കാൻ ശേഷിയില്ലാത്തവരാണ് അതിദരിദ്രർ. ഉപജീവനവും അതിജീവനവും നേടാനുള്ള മാനസികവും ശാരീരികവുമായ ത്രാണി അവർക്കുണ്ടാവില്ല. വാർധക്യത്താലോ, മാനസിക വെല്ലുവിളികളാലോ, തീരാവ്യാധികളാലോ, ദൈനംദിന ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ഈ വിഭാഗത്തിലുള്ളവർക്ക് സാധിക്കില്ല. അതുകൊണ്ടുതന്നെ ബാഹ്യസഹായം ഇല്ലാതെ ജീവിക്കാൻ സാധിക്കാത്ത അശരണരും നിരാലംബരും അഗതികളുമായ കുടുംബങ്ങളെയാണ് അതി ദരിദ്രരായി കണക്കാക്കേണ്ടത്. ദരിദ്ര വിഭാഗത്തിലുള്ളവരെ ആ അവസ്ഥയിൽ നിന്നും കരകയറ്റുന്നതിന് സർക്കാരിന്റെ പല പദ്ധതികളും സഹായമായിട്ടുണ്ട്. റേഷൻ സംവിധാനങ്ങളും തൊഴിലുറപ്പ്, ലൈഫ് മിഷൻ പദ്ധതികളുമൊക്കെ അതിനു ഉദാഹരണമാണ്. ഈ അടിസ്ഥാന സഹായങ്ങൾ പോലും ലഭിക്കാത്ത അവസ്ഥയിൽ നിൽക്കുന്ന അതിദാരിദ്ര്യ വിഭാഗത്തെയാണ് ഈ യജ്ഞത്തിലൂടെ കണ്ടെത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ക്യാമ്പയിനിൽ വലിയ പങ്കാണ് വഹിക്കാനുള്ളത്. പ്രാദേശിക സർക്കാരുകളുടെ രണ്ടര ദശാബ്ദക്കാലത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ദാരിദ്ര്യ ലഘൂകരണത്തിന് ഏറെ സാധിച്ചിട്ടുണ്ട്. വീട്, കുടിവെള്ളം, സാനിറ്റേഷൻ സൗകര്യം, വൈദ്യുതീകരണം മുതലായ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ ഇതിലൂടെ കഴിഞ്ഞു. ദാരിദ്ര്യത്തെ നേരിടുന്നതിന് പട്ടികജാതി- വർഗ വിഭാഗങ്ങളുടെ ഉപപദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകി. 1998ൽ കുടുംബശ്രീ ആവിഷ്കരിക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം മുന്നിൽ വെച്ചാണ്. തുടർന്ന് നടപ്പിലാക്കപ്പെട്ട എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും കുടുംബശ്രീയുടെയും പ്രാദേശിക സർക്കാരുകളുടെയും ആഭിമുഖ്യത്തിലാണ് നടപ്പിലാക്കിയത്. 2002-03 ഓടുകൂടി ആശ്രയ പദ്ധതി ആവിഷ്കരിക്കുകയും അതിദാരിദ്ര്യത്തെ അഭിസംബോധന ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എല്ലാത്തരം ദാരിദ്ര്യ നിർമാർജ്ജന പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി ആവിഷ്കരിക്കാനും ആരംഭിച്ചു. ഇതൊക്കെ നടപ്പിലാക്കിയത് കുടുംബശ്രീ തന്നെയാണ്. 2016ലാണ് അതിദരിദ്രരെ കണ്ടെത്താനും അവരുടെ ജീവിത നിലവാരം ഉറപ്പുവരുത്താനും അഗതിരഹിത കേരളം പദ്ധതിക്ക് തുടക്കമിട്ടത്. അടിസ്ഥാന അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ, വികസന ആവശ്യങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് അഗതി രഹിത കേരളം പദ്ധതി മുന്നോട്ടുപോയത്. ഇത്തരം പദ്ധതികളിലൊന്നും ഉൾപ്പെടാത്ത, ദാരിദ്ര്യത്തിന്റെ കറുപ്പിൽ നിന്നും മോചനം നേടാനാവാത്ത അതിദരിദ്രരെയാണ് പുതിയ യജ്ഞത്തിലൂടെ സംസ്ഥാന സർക്കാർ ദാരിദ്ര്യ രഹിത ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താൻ ശ്രമിക്കുന്നത്.

ജനപങ്കാളിത്തത്തോടെ മാത്രമേ അതിദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം സാധിതമാക്കാൻ കഴിയുകയുള്ളൂ. ഏറ്റവും അർഹരായ അതിദരിദ്രരെ കണ്ടെത്തുന്നതിന് ജനങ്ങളുടെ കൂട്ടായ ശ്രമം ആവശ്യമാണ്. സാധാരണ നിലയിൽ ആരുടെയും ശ്രദ്ധയിൽപ്പെടാതെ പോകുന്ന നിരാലംബരും നിരാശ്രയരുമായ ആളുകളെ, കുടുംബങ്ങളെ കണ്ടെത്താൻ സാധിക്കണം. ദാരിദ്ര്യത്തെയും അതിദാരിദ്ര്യത്തെയും കൃത്യമായി വേർതിരിച്ചുകൊണ്ട് ഗുണഭോക്താക്കളെ കണ്ടെത്തണം. അതിദാരിദ്ര്യമുള്ളവരെ കണ്ടെത്തുന്നതും ആ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതും ഒരു സാമൂഹിക ഉത്തരവാദിത്വമാണെന്ന നിലയിൽ ജനകീയമായ ഒരു അവബോധം സമൂഹത്തിൽ ഉണർന്നുവരണം. അതിനൊക്കെ ജനകീയമായ ഇടപെടൽ അനിവാര്യമാണ്.

**ജനപങ്കാളിത്തത്തോടെ മാത്രമേ അതിദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം സാധിതമാക്കാൻ കഴിയുകയുള്ളൂ. ഏറ്റവും അർഹരായ അതിദരിദ്രരെ കണ്ടെത്തുന്നതിന് ജനങ്ങളുടെ കൂട്ടായ ശ്രമം ആവശ്യമാണ്**

## ജനകീയ പങ്കാളിത്തം

സ്ഥലവും വീടുമില്ലാതെ തെരുവിൽ അലയുന്ന കുടുംബങ്ങൾ, റേഷൻ കാർഡുപോലുമില്ലാതെ, ആഹാരത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്ന, തൊഴിൽ എടുക്കാൻ ശേഷിയില്ലാത്ത കുടുംബങ്ങൾ, ശയ്യാവലംബിയായ രോഗിയെ പരിചരിക്കുന്നത് മൂലം തൊഴിൽശേഷിയുള്ള ബന്ധുവിന് തൊഴിൽ ചെയ്യാൻ പോലും സാധിക്കാത്ത ദുരവസ്ഥയിൽ മുന്നോട്ടുപോകുന്ന കുടുംബങ്ങൾ, വയോജനങ്ങൾ മാത്രമുള്ള, ആർക്കും തൊഴിലെടുക്കാൻ സാധിക്കാത്ത കുടുംബങ്ങൾ- ഇങ്ങനെയുള്ള നിരവധി പേർ ആരാലും ശ്രദ്ധിക്കപ്പെടാതെ നാടിന്റെ വിവിധ മേഖലകളിലുണ്ട്. അവരെ കണ്ടെത്തണമെങ്കിൽ പരമ്പരാഗത രീതിയിലുള്ള ഒരു സർവ്വെ മതിയാവില്ല. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരവരുടെ വാർഡുകളിൽ ക്ലസ്റ്ററുകളും വാർഡ്തല കൂട്ടായ്മകളുമുണ്ടാക്കി, രാഷ്ട്രീയ സംഘടനാ പ്രതിനിധികളും സമൂഹത്തിലെ മറ്റ് പൗരപ്രമുഖരും സന്നദ്ധസംഘടനാ, പാലിയേറ്റീവ് പ്രവർത്തകരും തുടങ്ങി സമൂഹത്തിന്റെ ഒരു പരിച്ഛേദമെന്നപോലെ കൂടിയിരുന്ന്

വിശദമായ ചർച്ചകളിലൂടെ അതിദരിദ്രരെ കണ്ടെത്തണം. തുടർന്ന് അവരുടെ ദാരിദ്ര്യാവസ്ഥയെ മറികടക്കുന്നതിനുള്ള ഇടപെടലുകൾക്കും സമൂഹത്തെയാകെ പങ്കാളികളാക്കണം.

അതിനായി ഓരോ വാർഡിലും തയ്യാറാക്കുന്ന മൈക്രോപ്ലാനുകൾ ക്രോഡീകരിച്ച് പ്രാദേശിക സർക്കാരുകൾ തനത് പദ്ധതികൾ ആവിഷ്കരിക്കുകയാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഡ് തലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കും. വാർഡ് തലത്തിലും തദ്ദേശ സ്ഥാപന തലത്തിലുമുള്ള ജനകീയ സമിതികളുടെ മേൽനോട്ടത്തിലാവണം പദ്ധതി നടപ്പിലാക്കുന്നത്. ഈ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ നടത്തിപ്പിന് നേതൃത്വം നൽകുമ്പോൾ കേരളത്തിലെ അതിദാരിദ്ര്യം സമ്പൂർണമായി നിർമ്മാർജ്ജനം ചെയ്യപ്പെടും. അതിലൂടെ കേരളം തിളക്കമുള്ള മറ്റൊരു ജനകീയ പ്രസ്ഥാനം കൂടി അടയാളപ്പെടുത്താൻ പോവുകയാണ്. ◘



സെപ്റ്റംബർ 27
ലോക
ടൂറിസം ദിനം

**നാലുവർഷം പിന്നിടുന്ന ഉത്തരവാദിത്ത ടൂറിസത്തെ കുറിച്ച് ലോക ടൂറിസം ദിനത്തോടനുബന്ധിച്ച് ഒരോർമ്മപ്പെടുത്തൽ**

# ടൂറിസം നാടിനും ജനങ്ങൾക്കും




**പി.എ മുഹമ്മദ് റിയാസ്**
ടൂറിസം വകുപ്പ് മന്ത്രി


പ്രകൃതി സൗന്ദര്യവും കാലാവസ്ഥയും ജൈവവൈവിധ്യവും കൊണ്ട് സമ്പന്നമായ നാടാണ് കേരളം. ഇത്രയും വ്യത്യസ്തമാർന്ന പ്രകൃതിഭംഗി കൊച്ചുകേരളത്തിനുമാത്രം അവകാശപ്പെടാവുന്നതാണെന്നത് നമുക്ക് അഭിമാനം പകരുന്ന വസ്തുതയാണ്. ഇവിടുത്തെ കായലും കടലും നിത്യഹരിത വനങ്ങളും മഴനിഴൽക്കാടും കലാരൂപങ്ങളും ആസ്വദിക്കാൻ എത്തുന്നവരുടെ എണ്ണം ഓരോ വർഷം കഴിയും തോറും വർധിച്ചുവരികയാണ്. എന്നാൽ പുറംലോകം അറിയാത്ത ഒട്ടേറെ നാട്ടുവിശേഷങ്ങളും സവിശേഷതകളും നമുക്കു ചുറ്റുമുണ്ട്. പ്രാദേശികമായ അത്തരം സവിശേഷതകളേയും പ്രകൃതിവിഭവങ്ങളേയും സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ നമുക്ക് അവതരിപ്പിക്കാനാകും. നമ്മുടെ നാടിനും നാട്ടുകാർക്കും ഗുണം ചെയ്യുന്ന രീതിയിൽ അതെല്ലാം ടൂറിസം പദ്ധതികളാക്കി മാറ്റാനാണ് കഴിഞ്ഞ നാലുവർഷമായി ഉത്തരവാദിത്ത ടൂറിസത്തിലൂടെ സംസ്ഥാനം ശ്രമിച്ചു വരുന്നത്.

സാധാരണ മനുഷ്യർക്ക് കടന്നുവരാനും, ഇടപഴകാനും, സംവദിക്കാനും പരിമിതികളുണ്ടായിരുന്ന പഴയ കാലത്തെയാണ്, കേരളത്തിലെ ഈ പദ്ധതിയിലൂടെ മറികടക്കുന്നത്. പ്രാദേശികമായി

ജനങ്ങൾക്കു പ്രയോജനം സിദ്ധിക്കുന്ന പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പ്ലാനിങ് ആന്റ് എംപവർമെന്റ് ത്രൂ റസ്പോൺസിബിൾ ടൂറിസം പദ്ധതി ലോകത്തിൽ ആദ്യമായാണ് ഒരു സർക്കാർ നടപ്പിലാക്കുന്നത്. ടൂറിസം വികസനത്തെക്കുറിച്ച് മാത്രം ചർച്ചചെയ്യാൻ ഗ്രാമസഭകൾ ചേരുന്നതും ആദ്യമായാണ്. ഈ രീതിയിൽ നാട്ടിലെ ടൂറിസം സാധ്യതയുള്ള ചെറിയ ചെറിയ പ്രദേശങ്ങൾ വികസിപ്പിച്ചെടുക്കുക എന്നത് ലോകത്തിനു തന്നെ മാതൃകയാണ്.

പ്രകൃതിയുടെ നൂറ്റാണ്ടുകളായുള്ള സ്വാഭാവിക പരിണാമത്തിന്റെ ഫലമായ കടൽത്തീരങ്ങൾ, കായൽപ്പരപ്പുകൾ, നദികൾ, പർവ്വതങ്ങൾ, കുന്നുകൾ, പുൽമേടുകൾ തുടങ്ങിയ രമണീയ ദൃശ്യങ്ങളെ അവയുടെ സ്വാഭാവികതയോടെ സംരക്ഷിക്കുക എന്നത് അവിടെ വസിക്കുന്നവരുടെ കൂടി ഉത്തരവാദിത്വമാണ്. ആ അർഥത്തിൽ ജൈവവൈവിധ്യങ്ങൾക്ക് കേടുപാടുകൾ കൂടാതെ ഓരോ കേന്ദ്രവും സംരക്ഷിക്കപ്പെടുന്നതിനാവശ്യമായ പ്രാദേശികമായ ഉത്തരവാദിത്വം ഈ പദ്ധതിയിലൂടെ ജനങ്ങൾ നിറവേറ്റുകയാണ്. പാരിസ്ഥിതിക സംരക്ഷണത്തിനൊപ്പം, സാമൂഹികം, സാമ്പത്തികം എന്നിങ്ങനെയുള്ള ഘടകങ്ങളെ കൂടി ഇത് തൃപ്തിപ്പെടുത്തുന്നു എന്നതാണ് പ്രധാന സവിശേഷത.

ടൂറിസം മേഖലയിലെ മുന്നേറ്റത്തിൽ കാര്യമായി ഉൾക്കൊള്ളിക്കാൻ കഴിയാതെ പോയ കാർഷിക സംസ്കൃതി കൂടി ഈ പദ്ധതിയുടെ ഭാഗമാകുകയാണ്. കാർഷിക പ്രവർത്തനങ്ങളെ സംരക്ഷിച്ചു കൃഷിയുടെ സ്വാഭാവികതകളെ വിനോദസഞ്ചാരവുമായി ബന്ധിപ്പിക്കുന്നു. കാർഷിക വിളകൾക്ക് വരുമാനലഭ്യത ഉറപ്പുവരുത്താനും അനുഭവവേദ്യപാക്കേജുകളുടെ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന യൂണിറ്റുകളാക്കി മാറ്റാനും ഉതകുംവിധമാണ് ആ പ്രവർത്തനങ്ങൾ വികസിക്കുന്നത്. ഫാം ടൂറിസം, വീട്ടുവളപ്പിലെ കൃഷികൾ, മാതൃകാ കർഷകരുടെ കൃഷിയിടങ്ങൾ എന്നിവയെല്ലാം അതിന്റെ ഭാഗമാകുകയാണ്. അതിലൂടെ കാർഷിക ടൂറിസം ശൃംഖല രൂപപ്പെടുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യം.

നാലുവർഷം കൊണ്ട് ടൂറിസം മേഖലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ ഉണ്ടാക്കിയ ചലനം ചെറുതല്ല. ഇന്ന് ഈ രംഗത്തെ ലോക മാതൃകയായി മാറാൻ നമുക്കായിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം ആശയങ്ങളോട് ചേർന്നു നിന്നുകൊണ്ടാണ് ടൂറിസം രംഗത്തെ മുഴുവൻ പ്രവർത്തനങ്ങളും നാം സംഘടിപ്പിക്കുന്നത്. 10200 പേർക്കാണ് ഇതിനകം ഈ പദ്ധതിക്കായി പരിശീലനം നൽകിയത്. ഒരു ലക്ഷം കുടുംബങ്ങളാണ് ഇപ്പോൾ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ സർക്കാർ കൂടുതൽ



**സാധാരണ മനുഷ്യർക്ക് കടന്നുവരാനും, ഇടപഴകാനും, സംവദിക്കാനും പരിമിതികളുണ്ടായിരുന്ന പഴയ കാലത്തെയാണ്, ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ നാം മറികടക്കുന്നത്**



തദ്ദേശവാസികൾക്ക് ടൂറിസത്തിലും അനുബന്ധ മേഖലകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. അഞ്ചുവർഷത്തിനുള്ളിൽ ഒരു ലക്ഷം യൂണിറ്റുകൾ എന്നതാണ് ലക്ഷ്യം. അതിലൂടെ രണ്ടു ലക്ഷം കുടുംബങ്ങൾക്ക് വരുമാനം ലഭിക്കും.

കേരള അഗ്രി ടൂറിസം നെറ്റ് വർക്കിന്റെ ഭാഗമായി അടുത്ത രണ്ടു വർഷത്തിനുള്ളിൽ 500 ഫാം ടൂറിസം യൂണിറ്റുകളും 5000 ഹോം സ്റ്റേ ഫാമുകളും ( വീട്ടുവളപ്പിലെ സംയോജിത കൃഷി യൂണിറ്റുകൾ) സജ്ജമാക്കും. ഇതിനായുള്ള പ്രത്യേക പരിശീലന പരിപാടികൾ സർക്കാർ ആവിഷ്കരിച്ചു വരികയാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റുകളായി അംഗീകരിക്കപ്പെടുന്ന കൃഷിയിടങ്ങളെ ടൂറിസം പാക്കേജുകളിൽ ഉൾപ്പെടുത്തും. കുമരകം ഉൾപ്പെടെയുള്ള വിവിധ കേന്ദ്രങ്ങളിലെ പോലെ കാർഷിക യൂണിറ്റുകളുടെ ഉത്പന്നങ്ങളെ ടൂറിസം സംരംഭങ്ങളുമായി ബന്ധിപ്പിച്ചു വിപണനം ഉറപ്പാക്കും.

കാർഷിക ഉത്പന്നങ്ങളുടെ പ്രത്യേക വിപണനത്തിനായി ഓൺലൈൻ വിപണന പ്ലാറ്റ് ഫോമും മൊബൈൽ ആപ്പും സജ്ജമാക്കും. പ്രാദേശിക തലത്തിൽ വിപണനമേളകളും ഉണ്ടാകും. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ കുറഞ്ഞത് ഒരു ടൂറിസം ഡെസ്റ്റിനേഷൻ എന്ന ആശയത്തിനൊപ്പം കുറഞ്ഞത് ഒരു ഫാം ടൂറിസം യൂണിറ്റും 50 ഹോം സ്റ്റേ ഫാം യൂണിറ്റുകളുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം


ചെയ്യുന്നത്. കാരവൻ ടൂറിസത്തിലും ഉത്തരവാദിത്ത ടൂറിസത്തെ സംയോജിപ്പിക്കും. അതിലൂടെ കാരവൻ പാർക്കുകളിലെ സുരക്ഷയും വൃത്തിയും ആ നാടിന്റെ ഉത്തരവാദിത്വമാക്കി മാറ്റാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഒപ്പം പ്രാദേശിക വിഭവങ്ങൾ, കലാരൂപങ്ങൾ എന്നിവ കൂടി സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കാനും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

ഈ രീതിയിൽ ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക സമൂഹത്തിനു ലഭ്യമാക്കുക, ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുക എന്നീ ആശയങ്ങളുമായി ഉത്തരവാദിത്ത ടൂറിസം മുന്നേറുകയാണ്. നമ്മുടെ നാടിന്റെ പരിസ്ഥിതിയും, സംസ്കാരവും, പൈതൃകവും സംരക്ഷിച്ച് തദ്ദേശീയർക്ക് ടൂറിസം വഴി തൊഴിലും വരുമാനവും ഉറപ്പു വരുത്തുന്ന ഈ പദ്ധതി കേരളം തീർക്കുന്ന പുത്തൻ മാതൃകയാകുന്നു. ഇതിലൂടെ കേരളം തന്നെ ഒരു ടൂറിസം ബ്രാൻഡായി വളരുകയാണ്.



# മലബാറിലെ ദേശീയവാദികൾ

**ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ സമരചരിത്രത്തിലെ വിലപ്പെട്ട നിമിഷങ്ങളായിരുന്നു മലബാർ കലാപം സംഭാവന ചെയ്തത്**



**ഡോ. കെ.കെ.എൻ. കുറുപ്പ്**
ചരിത്രകാരൻ

ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യ സമരചരിത്രത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു അധ്യായമാണ് ഖിലാഫത്ത് പ്രസ്ഥാനം. മതമൗലിക വാദികൾ ഇതിനെ വംശീയഹത്യയെന്നു വിശേഷിപ്പിക്കുന്നു. എന്നാൽ ദേശീയവാദികൾ സ്വാതന്ത്ര്യസമരത്തിന്റെ അഭേദ്യമായ ഭാഗമായി ഇതിനെ പരിഗണിക്കുന്നു. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ സമരസേനാനികളുടെ ഡിക്ഷ്ണറിയിൽ നിന്നും 387 പേരെ വെട്ടിമാറ്റി ഐസിഎച്ച്ആർ ഒരു കൽപന പുറപ്പെടുവിച്ചിരിക്കുന്നു. ഇത്തരം ഒരു പ്രവർത്തനത്തിന് സർക്കാർ സ്ഥാപനത്തിന് അർഹതയില്ല. എന്തെന്നാൽ വളരെയധികം പരിശോധനകൾ നടത്തിയാണ് ബിപിൻചന്ദ്രയെപ്പോലുള്ള ചരിത്രകാരൻമാർ ഡിക്ഷ്ണറിയിൽ ഈ പേരുകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അത് വെട്ടിമാറ്റുക ഒരു കമ്മിറ്റിയുടെ തീരുമാനമെന്ന പേരിൽ ചെയ്യുന്നത് തികച്ചും ഫാസിസ്റ്റ് പ്രവണതയാണ്. പുതിയ രേഖകൾ കണ്ടെത്താതെ ചരിത്രം തിരുത്തുവാൻ ആർക്കും അർഹതയില്ല. ഈ തിരുത്തൽ കയ്യൂർ, കാവുമ്പായി, പുന്നപ്ര വയലാർ തുടങ്ങിയ സമരങ്ങളെ കൂടി പ്രതികൂലമായി ബാധിക്കുമെന്നത് തീർച്ചയാണ്. ഫ്രഞ്ച് വിപ്ലവത്തിന്റെ ആശയം ഇന്നും നമുക്ക് സ്വീകാര്യമാണ്. അതുപോലെ ഖിലാഫത്ത് വിപ്ലവത്തിന്റേയും ആശയം സ്വീകാര്യമാണുതാനും. കലാപം ശത്രു രാജ്യം പിടിച്ചടക്കുന്ന ഒരു സൈനികരീതിക്കാണ് നടപടിയൊരുക്കിയത്. അതിനാൽ കലാപത്തിന്റെ തീക്ഷ്ണത ഏറ്റവും ശ്രദ്ധേയമാണ്. പൂക്കോട്ടൂർ തുടങ്ങിയ യുദ്ധക്കളങ്ങളിൽ ദരിദ്രകർഷകർ



ബ്രിട്ടീഷ് ആധിപത്യത്തോട് ഏറ്റുമുട്ടി മരണം വരിച്ചു. അത് അവരുടെ ആത്മത്യാഗത്തെ വ്യക്തമാക്കുന്നു. ഞാനൊരു കവിതയിൽ എഴുതിയതുപോലെ

'അല്ലയോ രക്തസാക്ഷി
എനിക്കു നിന്റെ പേരറിയില്ല, നാടറിയില്ല
എന്നാൽ നീ എന്റെ നാടിന്
വേണ്ടിയാണ് വീരമൃത്യു വരിച്ചത്'

ഡോ.സൗമ്യേന്ദ്രനാഥ ടാഗോർ 'Peasants Revolt in Kerala'എഴുതിയ ഉടൻതന്നെ അത് ഗവൺമെന്റ് കണ്ടുകെട്ടി. അതിലെ ഉദ്ധരണികൾ കലാപ മെന്തായിരുന്നുവെന്ന് വ്യക്തമാക്കുന്നു.

'മലബാറിലെല്ലായിടത്തും അരനൂറ്റാണ്ടുകാലമായി അവിടവിടെ പൊട്ടിപ്പുറപ്പെടുകയുണ്ടായ ഒട്ടനേകം കർഷകസമരങ്ങളുടെ പരമകാഷ്ഠയാണ് 1921ലെ വലിയ കർഷകകലാപം'

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നടപ്പിലാക്കിയ നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും 1920-21 കാലം മലബാറിലെമ്പാടും ദേശീയ പ്രസ്ഥാനത്തിന് പുതിയൊരു ചൈതന്യം നൽകി. ഏറനാട്ടിന്റെ കേന്ദ്രമായ മഞ്ചേരിയിൽ 1920 ഫെബ്രുവരിയിൽ നടന്ന അഞ്ചാം ജില്ലാ സമ്മേളനം മൂന്നിന പ്രമേയങ്ങൾ പാസ്സാക്കി. അവ(1)ബ്രിട്ടീഷ് ഗവൺമെന്റ് നടപ്പിൽ വരുത്തിയ മൊണ്ടേഗു ചെംസ് ഫോർഡ് ഭരണ പരിഷ്കാരം സ്വീകാര്യമല്ല. 2. ഇന്ത്യൻ മുസ്ലീങ്ങളുടെ ആഗ്രഹമനുസരിച്ച് ഓട്ടോമെൻ പ്രശ്നം പരിഹരിക്കണം. 3. മലബാറിന് സമഗ്രമായ ഒരു കുടിയായ്മ നിയമം നടപ്പിൽ വരുത്തണം.

ആയിരക്കണക്കിൽ വെറും പാട്ടക്കാരായ കർഷകരും മറ്റും പങ്കെടുത്ത ഈ സമ്മേളനം പുതിയ കുടിയായ്മ നിയമത്തിനു വേണ്ടി ശബ്ദമുയർത്തിയത് കർഷകരെ രാഷ്ട്രീയ രംഗത്തേക്കാകർഷിക്കുവാൻ വേണ്ടിയായിരുന്നു. കുടിയാൻ സംഘപ്രവർത്തകനായ കെ.പി.രാമൻ മേനോൻ ഈ സമ്മേളനത്തിനു ശേഷം തന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കി.

ആഗസ്റ്റിൽ ഗാന്ധിജിയും ഷൗക്കത്തലിയും കോഴിക്കോട് സന്ദർശിച്ചു. ഗവൺമെന്റുമായി നിസ്സഹകരിക്കുവാൻ അവർ ജനങ്ങളോട് ആവശ്യപ്പെട്ടു. എം.പി നാരായണമേനോൻ തുടങ്ങിയ വക്കീലൻമാർ കോടതി ബഹിഷ്കരിച്ച് ഏറനാട്, വള്ളുവനാട് തുടങ്ങിയ പ്രദേശങ്ങളിൽ വാരിയൻ കുന്നത്ത് മുഹമ്മദ് ഹാജി, കെ.എം. മൗലവി സാഹിബ് തുടങ്ങിയവരോടൊത്ത് ഖിലാഫത്ത് കമ്മിറ്റികൾ രൂപീകരിക്കുകയും മാപ്പിളമാരെ രാഷ്ട്രീയമായി ഉത്ബുദ്ധരാക്കുകയും ചെയ്തു. കൊണ്ടോട്ടിയിൽ 1920 നവംബറിൽ ഒരു ഖിലാഫത്ത് സമ്മേളനവും ജനുവരിയിൽ കോഴിക്കോട്ടു കോൺഗ്രസ്സ് ഖിലാഫത്ത് സമ്മേളനവും ചേർന്നു. ഈ യോഗങ്ങളിലെല്ലാം മാപ്പിളമാരായ കുടിയാൻമാർ ധാരാളം പങ്കെടുത്തു. ഗവൺമെന്റിനെതിരായ ഖിലാഫത്ത് സമ്മേളനങ്ങൾ ജില്ലാ മജിസ്ട്രേറ്റ് ഇ.എഫ്.തോമസ് 1921 ഫെബ്രുവരി 5 ന് നിരോധിച്ചു. ഇതേ അവസരം മദ്രാസ്സിലെ ഖിലാഫത്ത് നേതാവായ യാക്കൂബ് ഹസ്സൻ കോഴിക്കോട്ടു വന്നു. സമ്മേളനത്തിൽ പങ്കെടുക്കുവാൻ പാടില്ലെന്ന വാറണ്ട് നിഷേധിച്ച് അറസ്റ്റു വരിച്ചു. കെ. മാധവൻ നായർ, യു.എൻ ഗോപാലമേനോൻ, പൊൻമാടത്ത് മൊയ്തീൻ കോയ എന്നീ നേതാക്കളും അറസ്റ്റു ചെയ്യപ്പെട്ടു. നിസ്സഹകരണ പ്രസ്ഥാനത്തിലെ ആദ്യത്തെ ഈ അറസ്റ്റുകൾക്കെതിരായി കോഴിക്കോട് പരിപൂർണ്ണ ഹർത്താൽ ആചരിച്ചു. പോലീസ് ജനങ്ങളെ ലാത്തിച്ചാർജ് ചെയ്തു. തീരൂരങ്ങാടിയിൽ പൊറ്റ അബൂബക്കർ, കല്ലറയ്ക്കൽ അഹമ്മദ്, പൊറ്റ കുഞ്ഞഹമ്മദ്, എൻ.അസ്സൻകുട്ടി എന്നീ ഖിലാഫത്ത് പ്രവർത്തകരെ അറസ്റ്റു ചെയ്യുകയുണ്ടായി. ഇവർക്കെല്ലാം ആറുമാസക്കാലത്തേക്ക് ജയിൽ ശിക്ഷ വിധിച്ചു.

## കലാപത്തിലേക്കുള്ള നീക്കം

ഖിലാഫത്ത് വളന്റിയർമാരെ അപമാനിക്കുക, കൊടി കീറുക, ഭീക്ഷണിപ്പെടുത്തുക തുടങ്ങിയവ പോലീസുകാരുടെ പതിവു പരിപാടികളായിരുന്നു. പക്ഷേ ഖിലാഫത്തിലൂടെ തെക്കേ മലബാറിൽ മാപ്പിളമാർ കൂടുതൽ സംഘടിതരാവുകയാണുണ്ടായത്. തിരൂരങ്ങാടിയിൽ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത ഏരിക്കുന്നേൽ ആലി മുസ്ലിയാർ സന്ന കുടിയാൻമാരെ സംഘടിപ്പിച്ചു. റംസാൻ മാസമായ ജൂണിൽ അദ്ദേഹം വോളണ്ടിയർമാരോടുകൂടി 1843 ലെ കലാപത്തിൽ മരിച്ച ശഹീദുകളുടെ മഖ്ബറയിലേക്കു (ചേരൂർ നേർച്ചയുമായി ബന്ധം) തീർത്ഥാടനം നടത്തി. ഇത് മാപ്പിളക്കലാപത്തിന്റെ തുടക്കമാകുമോ എന്നു ഭയപ്പെട്ട് ഭരണാധികാരികൾ ജൂൺ 18 ന് അദ്ദേഹത്തെ ചോദ്യം ചെയ്യുവാൻ ഒരു പോലീസുകാരനെ അയച്ചു. ഈ അവസരത്തിൽ പൂക്കോട്ടൂർ പ്രദേശങ്ങളിൽ നിന്നും അറുന്നൂറോളം പേർ അവിടെയെത്തുകയും മുസ്ലിയാരെ അറസ്റ്റ് ചെയ്യുന്നതല്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം പിരിഞ്ഞുപോകുകയും ചെയ്തു.

## തിരൂരങ്ങാടി സംഭവം

നിയമസമാധാനം തകരുമെന്നു പേടിച്ച ജില്ലാ മജിസ്ട്രേട്ട് തോമസ് സ്ഥിതിഗതികൾ ആഗസ്റ്റ് പത്തിന് മദ്രാസ്സ് ഗവൺമെന്റിനെ അറിയിച്ചു. ഗവർണർ എ.ആർ.നേപ്പിനെ മജിസ്ട്രേട്ടുമായി കാര്യങ്ങൾ ചർച്ച ചെയ്യാൻ നിയോഗിച്ചു. 16-ാം തീയതി ഗവൺമെന്റിന്റെ ടെലഗ്രാം 1851 ലെ മലബാർ വാർ നൈവ്സ് ആക്ട് പ്രകാരം ആയുധങ്ങൾ പിടിച്ചെടുക്കുവാനും തിരൂരങ്ങാടിയിലേക്ക് പട്ടാളത്തെ അയയ്ക്കുവാനും നിർദേശങ്ങൾ നൽകി. പക്ഷേ ഈ നടപടികൾ മാപ്പിളക്കലാപത്തിന്റെ ഭീഷണി നേരിടാൻ മാത്രമാണെന്നും ഖിലാഫത്തിനെതിരായിട്ടു ള്ളതല്ലെന്നും തോന്നിക്കത്തക്കവിധമായിരിക്കണമെന്നും ഗവൺമെന്റ് ആവശ്യപ്പെട്ടു.

ആഗസ്റ്റ് 20 ന് പുലർച്ചയ്ക്കു മുമ്പായി തോമസും ഹിച്ച്കോക്കും പട്ടാളത്തോടൊപ്പം തിരൂരങ്ങാടിയിലെത്തി. ആലി മുസ്ലിയാർ തുടങ്ങിയ പ്രധാന ഖിലാഫത്ത് പ്രവർത്തകരെ അറസ്റ്റ് ചെയ്യുവാൻ പുറപ്പെട്ടു. മുസ്ലിയാരും കൂട്ടരും പിടികൊടുത്തില്ല. അതിനാൽ പൊറ്റ മുഹമ്മദ് ഹാജി, ഒസ്സാൻ മമ്മദ്, മകൻ മൊയ്ദീൻ കുട്ടി എന്നിവരെ പിടികൂടുകയും മാരകായുധങ്ങളുണ്ടോയെന്നു പരിശോധിക്കുവാൻ പട്ടാളക്കാർ പള്ളി വളയുകയും ചെയ്തു. ആയുധങ്ങളൊന്നും ലഭിച്ചില്ല. പള്ളിയും മമ്പുറംജാറവും പട്ടാളം നശിപ്പിച്ചു എന്ന വാർത്ത കാട്ടുതീ പോലെ പരന്നു. താനൂരിൽ നിന്നും കുഞ്ഞിക്കാദറിന്റെ നേതൃത്വത്തിൽ ഒരുകൂട്ടം വോളണ്ടറിയർമാർ തിരൂരങ്ങാടിയിലേക്കു പുറപ്പെട്ടു. അതുപോലെ വേങ്ങര തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ആലിമുസ്ലിയാരും മറ്റുള്ളവരും അറസ്റ്റു ചെയ്തവരെ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ടു. തുടർന്ന് വെടിവയ്പുണ്ടാകുകയും കുറച്ചു

പേർ മരിക്കുകയും ചെയ്തു. സംഘട്ടനത്തിൽ ലഫ്.ജോൺസ്റ്റൺ റൗലി(എ.എസ്.പി) മരിച്ചു വീണു.

മദ്രാസ്സ് ഗവൺമെന്റ് റിപ്പോർട്ടനുസരിച്ച് ഇന്ത്യാ ഗവൺമെന്റ് വള്ളുവനാട്, പൊന്നാനി, ഏറനാട്, കോഴിക്കോട് എന്നീ താലൂക്കുകളിൽ ആഗസ്റ്റ് 24 മുതൽ പട്ടാള നിയമം നടപ്പിൽ വരുത്തി. പിന്നീട് കുറുമ്പ്രനാട്, വയനാട് എന്നിവിടങ്ങളിലേക്കും ഈ നിയമം വ്യാപിപ്പിച്ചു. ആഗസ്റ്റ് 26 ന് പൂക്കോട്ടൂരിൽ കലാപകാരികളും പട്ടാളവും തമ്മിൽ വലിയൊരേറ്റുമുട്ടൽ നടന്നു. വലിയ വീട്ടിൽ മുഹമ്മദടക്കം 300നും 400നും ഇടയിൽ കലാപകാരികൾ മരിച്ചു വീണു. കിഴക്കൻ ഏറനാട്ടിൽ കലാപത്തിന്റെ നേതൃത്വം ഏറ്റെടുത്തത് വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും ചെമ്പ്രശ്ശേരി ഒറ്റകത്ത് കുഞ്ഞിക്കോയ തങ്ങളും ആയിരുന്നു.

## കലാപത്തിന്റെ വ്യാപ്തി


ഒക്ടോബർ 21 നു പൂക്കോട്ടൂരിനടുത്ത് ഗൂർഖകളുടെ സൈന്യത്തെ ആക്രമിച്ച കലാപകാരികളിൽ 46 പേർ വധിക്കപ്പെട്ടു. അതുപോലെ മേൽമുറിയിൽ 246 പേരും. ബേപ്പൂർ ഭാഗങ്ങളിൽ 100 പേരെ പട്ടാളം വധിച്ചു. നവംബർ 13 നു പാണ്ടിക്കാട്ടു വെച്ച് പട്ടാളത്തെ ആക്രമിച്ച കലാപകാരികളിൽ 234 പേർ വധിക്കപ്പെട്ടു. ശിക്ഷിക്കപ്പെട്ട കുറ്റവാളികളെ ചരക്കു കയറ്റുന്ന വാഗണിൽ (എൽ.വി.1711) തിരൂരിൽ നിന്നും കോയമ്പത്തൂരിലേക്കു കൊണ്ടുപോകുമ്പോൾ 67 പേർ ശ്വാസം മുട്ടി ദാരുണമായി മരിച്ചു. ജനുവരി 6 നു വാരിയൻകുന്നത്തു ഹാജി പോലീസിനു കീഴടങ്ങി. ചെമ്പ്രശ്ശേരി തങ്ങളേയും ഹാജിയേയും 22 നു മലപ്പുറത്തു കോട്ടക്കുന്നിൽ വെടിവെച്ചുകൊന്നു. കലാപം ക്രമേണ കെട്ടടങ്ങുകയും ഫെബ്രുവരിയോടുകൂടി സമാധാനവും ഭരണവും പുനഃസ്ഥാപിക്കുകയും ചെയ്തു.

കലാപത്തിനു നേതൃത്വം കൊടുത്തുവെന്ന പേരിൽ ശിക്ഷിക്കപ്പെട്ടവരാണ് എം.പി നാരായണമേനോൻ, മോഴിക്കുന്നത്തു ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ചെർപ്പുളശ്ശേരി ഗോവിന്ദൻ നായർ, മണ്ണാർക്കാട് മൂപ്പിൽ ഇളയനായർ, കെ.വി ബാലകൃഷ്ണമേനോൻ, കെ.പി രാമൻമേനോൻ തുടങ്ങിയവർ. പൊന്നാനി ട്രഷറി കൊള്ള ഒഴിവാക്കിച്ച കെ.കേളപ്പനേയും കോട്ടക്കൽ കോവിലകത്തിനു കാവലേർപ്പെടുത്തിയ ഓടായപ്പുറത്തു വലിയ ചേക്കുട്ടിയേയും ബ്രട്ടീഷുഭരണം ശിക്ഷിച്ചു. പട്ടാളത്തിന്റെ ഭീകരപ്രവർത്തനങ്ങളെപ്പറ്റി പ്രസംഗിച്ച സരോജിനി നായിഡുവിനെ തന്റെ പ്രസ്താവന പിൻവലിക്കുവാൻ ഗവൺമെന്റ് നിർബന്ധിച്ചു. ഇങ്ങനെ കലാപത്തിന്റെ അടിയൊഴുക്കുകൾ സാമ്രാജ്യത്വ വിരുദ്ധമെന്ന ഒരേ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു കാണാം. അതിനാൽ അത് തിരിഞ്ഞടിക്കുകയും ചെയ്തു.

കലാപത്തിന്റെ ഏറ്റവും ആശാവഹമായ നേട്ടം പിന്നീടുള്ള സംഘടിത കർഷക പ്രസ്ഥാനത്തിനും ദേശീയ സമരത്തിനും ആവേശകരമായ ഉന്മേഷം പകർന്നുകൊടുത്തുവെന്നുള്ളതാണ്. കേരളീയനെപ്പോലുള്ള പിൽക്കാലത്തെ കർഷക സമരസേനാനികൾ ഏറനാട്ടിൽ നിന്നും വാരിയൻകുന്നത്ത്ഹാജി തുടങ്ങിയവരിൽ നിന്നും പ്രചോദനം നേടിയിട്ടുള്ളതായി രേഖപ്പെടുത്തുന്നു. ആശക്കവകാശമില്ലാത്ത ഒരു കാര്യത്തിനാണെങ്കിൽ പോലും ജനങ്ങൾ സാഹസികമായി നടത്തുന്ന ഒരു സമരം അടുത്ത സമരത്തിനാവശ്യമായ പരിശീലനം അവർക്കു നൽകുന്നതിനു ഉപയുക്തമായിത്തീരുന്ന നിമിഷങ്ങൾ ചരിത്രത്തിലുണ്ടെന്ന കാര്യം മാർക്സ് വിലമതിച്ചിരുന്നതായി ലെനിൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. (ദ തെയ്പിങ് റവല്യൂഷൻ ഉദ്ധരിച്ചത് പു.178) സാമ്രാജ്യത്വത്തിന്നെതിരായ സമരചരിത്രത്തിലെ അത്തരം വിലപ്പെട്ട നിമിഷങ്ങളായിരുന്നു മാപ്പിളമാർ കാഴ്ചവെച്ചതെന്ന സത്യം അവശേഷിക്കുന്നു.

ലേഖകന്റെ പുതിയ ചരിത്രകൃതിയാണ് മലബാറിലെ കാർഷിക കലാപം-1921.





# കാലാതീതം

## അനശ്വരനടൻ സത്യന്റെ വിയോഗത്തിന് അരനൂറ്റാണ്ട്



**ബി.ടി. അനിൽകുമാർ**
ഇൻഫർമേഷൻ ഓഫീസർ, ഐ.പി.ആർ.ഡി

മലയാള സിനിമയ്ക്ക് സംസ്ഥാന സർക്കാർ പുരസ്കാരമേർപ്പെടുത്തിയത് 1969 ലാണ്. സത്യനാണ് മികച്ച അഭിനേതാവിനുള്ള ആദ്യ പുരസ്കാരത്തിനർഹനായത്. കെ.എസ് സേതുമാധവൻ സംവിധാനം ചെയ്ത കടൽപ്പാലം എന്ന സിനിമയിലെ പ്രധാന കഥാപാത്രത്തെ 'അത്ഭുതാവഹമായ വിശ്വസനീയതയോടെ' അവതരിപ്പിച്ചത് പരിഗണിച്ചായിരുന്നു ഇത്. അത്ര എളുപ്പത്തിൽ അഭിനയിപ്പിച്ച് പ്രതിഫലിപ്പിക്കാൻ കഴിയുന്നതായിരുന്നില്ല കടൽപ്പാലത്തിലെ നാരായണക്കൈമൾ എന്ന കഥാപാത്രം. തുടക്കത്തിൽ അന്ധനായും പിന്നീട് കാഴ്ച തിരിച്ചുകിട്ടിയശേഷം അന്ധനായി അഭിനയിച്ചും ജീവിക്കുന്ന സങ്കീർണ്ണതകളേറെയുള്ള നാരായണക്കൈമളുടെ വ്യത്യസ്ത വ്യക്തിത്വത്തെ സൂക്ഷ്മതയോടെയാണ് സത്യൻ എന്ന മഹാനടൻ വരച്ചിടുന്നത്. 1971 ൽ കരകാണാക്കടൽ എന്ന ചിത്രത്തിലെ അഭിനയത്തിന് ഒരാവർത്തി കൂടി മികച്ച നടനായി തിരഞ്ഞെടുക്കപ്പെട്ടെങ്കിലും പുരസ്കാരമേറ്റുവാങ്ങാൻ സത്യനുണ്ടായിരുന്നില്ല.

## വ്യാഖ്യാനകലയുടെ ക്ലാസ്സിക്കുകൾ

യഥാതഥ നടനത്തിന്റെ ശക്തിസൗന്ദര്യങ്ങൾ ഉജ്ജ്വലമായ ഭാവഗരിമയോടെ കഥാപാത്രങ്ങൾക്ക് പകർന്നു നൽകിയ അഭിനേതാവാണ് സത്യൻ. 'അതിനാടകം' അരങ്ങുവാണ അക്കാലത്തെ സിനിമകൾ ഇന്നു കാണുമ്പോഴും സത്യൻ അനശ്വരമാക്കിയ കഥാപാത്രങ്ങൾ ചിരപരിചിതരെന്നവണ്ണം നമുക്കൊപ്പം കൂടുന്നു. കാലത്തെ അതിജീവിക്കാൻ കെൽപുള്ളവയാണ് ക്ലാസിക്കുകൾ. സത്യന്റെ അഭിനയം കാലാതീതമാണ്. ക്ലാസ്സിക്കാണ്.

1951 നും 71നുമിടയിലുള്ള രണ്ടുപതിറ്റാണ്ടുകാലം മലയാള സിനിമ സത്യനൊപ്പമായിരുന്നു. ഭാഷാസാഹിത്യത്തിലെ എത്രയോ കഥാപാത്രങ്ങൾക്ക് വെള്ളിത്തിരയിൽ സത്യൻ വേറിട്ടരൂപം നൽകി. ഒന്ന് മറ്റൊന്നു പോലെയാകാതിരിക്കാനുള്ള ആവിഷ്കാരജാഗ്രത സത്യനിലെ അതുല്യനടൻ കാത്തുസൂക്ഷിച്ചിരുന്നു. തിരനാടകം എന്നായിരുന്നു അന്ന് സിനിമയ്ക്കു വേണ്ടിയുള്ള എഴുത്തിന്റെ വിളിപ്പേര്. വേദിയിലെ നാടകം തിരശ്ശീലയിലേക്ക് ചേക്കേറിയതു പോലെയായിരുന്നു സ്വാഭാവികമായും അക്കാലത്തെ സിനിമകൾ. എന്നാൽ നാടകമുപേക്ഷിച്ച് അരങ്ങിനുപുറത്തെ സാമാന്യജനത്തിന്റെ ഭാവങ്ങൾ പ്രതിഫലിപ്പിച്ച് സത്യൻ അവരുടെ ഹൃദയങ്ങളിൽ ഇടം നേടി. 'ആത്മസഖി' മുതൽ'അക്കരപ്പച്ച' വരെ 150ഓളം സിനിമകളിലാണ് സത്യൻ അഭിനയിച്ചത്. കെ.എസ് സേതുമാധവൻ, രാമുകാര്യാട്ട്, പി ഭാസ്കരൻ, എ വിൻസെന്റ്, തുടങ്ങിയ മികച്ച സംവിധായകരുടെ കൂടെ മലയാളത്തിൽ മാറ്റങ്ങൾ കൊണ്ടുവന്ന സിനിമകളുടെ ഭാഗമാകാൻ സത്യനു കഴിഞ്ഞു. വെറുതെ അഭിനയിച്ചു പോവുകയല്ല, കഥാപാത്രങ്ങളെ സ്വന്തം നിലയിൽ വ്യാഖ്യാനിക്കുക കൂടി ചെയ്തതിലൂടെയാണ് കാലാതീതമായി അവയെ നിലനിർത്താൻ സത്യന് കഴിഞ്ഞത്.

## ആവേശവും അഭിനിവേശവുമായി സിനിമ

സംഭവബഹുലമായിരുന്നു സത്യന്റെ ജീവിതം. 1912 നവംബർ 9ന് തിരുവനന്തപുരത്ത് ജനിച്ച സത്യൻ വിദ്വാൻ പരീക്ഷ പാസ്സായി ആദ്യം അധ്യാപകനായും സെക്രട്ടേറിയറ്റിൽ ഗുമസ്തനായും പ്രവർത്തിച്ചു. പിന്നീട്

# ' സ്വാഭാവിക അഭിനയമായിരുന്നു സത്യനു പ്രിയം '

**കെ.എസ്.സേതുമാധവൻ** / ബി. ടി അനിൽകുമാർ



**കടൽപ്പാലം, അനുഭവങ്ങൾ പാളിച്ചകൾ തുടങ്ങി സത്യന്റെ പല മികച്ച സിനിമകളുടേയും സംവിധായകനായ കെ.എസ് സേതുമാധവൻ സംസാരിക്കുന്നു**

**സത്യൻ മാഷിന് ഏറ്റവും മികച്ച കഥാപാത്രങ്ങൾ നൽകിയ സംവിധായകനാണ് കെ.എസ് സേതുമാധവൻ. എന്തുകൊണ്ടാണ് എല്ലായിപ്പോഴും പ്രഥമപരിഗണന സത്യന് നൽകിയത്?**

സത്യൻ മാഷിന്റെ അഭിനയം തികച്ചും സ്വാഭാവികമെന്ന് തോന്നിപ്പിക്കുന്നതായിരുന്നു. ഞാൻ അക്കാലത്ത് ഏറെയും കണ്ടിരുന്നത് വിദേശ സിനിമകളാണ്. പ്രത്യേകിച്ചും ഇംഗ്ലീഷ് സിനിമകൾ. അവയിൽ അതിഭാവുകത്വമില്ലായിരുന്നു. അത്തരം സിനിമകൾ എന്നെ സ്വാധീനിച്ചു. ചെറുപ്പത്തിൽ കണ്ട ഒരു സിനിമ ഇപ്പോഴും ഓർമ്മയുണ്ട്. "The Keys of the Kingdom" എന്നാണ് സിനിമയുടെ പേര്. അതിൽ മുടന്തനായ ഒരു കഥാപാത്രമുണ്ട്. സിനിമ കാണുമ്പോൾ ഞാൻ കരുതിയത് യഥാർഥത്തിൽ മുടന്തുള്ള ഒരാളാണ് ആ കഥാപാത്രത്തെ അവതരിപ്പിച്ചതെന്നാണ്. എന്നാൽ അത് അഭിനയമാണെന്ന് പിന്നീട് മനസ്സിലായി. അഭിനയത്തിന്റെ സൗന്ദര്യമെന്തെന്ന് ഓരോ സിനിമ കാണുമ്പോഴും അനുഭവിക്കുകയും ചെയ്തു. അങ്ങിനെ അഭിനയിക്കാൻ മലയാളത്തിൽ സത്യൻമാഷ് മാത്രമേ അന്നുണ്ടായിരുന്നുള്ളൂ.

**അക്കാലത്തെ ഇന്ത്യൻസിനിമകളിൽ പൊതുവേ അതിഭാവുകത്വമുണ്ടായിരുന്നു. ആ സ്വാധീനം വരരുത് എന്ന ബോധപൂർവകമായ തീരുമാനം അദ്ദേഹത്തിനുണ്ടായിരുന്നോ?**

തീർച്ചയായും. സ്വാഭാവിക അഭിനയത്തോടായിരുന്നു സത്യനു പ്രിയം. നല്ല വിദേശ സിനിമകൾ കാണുകയും അഭിപ്രായം പറയുകയും ചെയ്യുന്ന ശീലവും അദ്ദേഹത്തിനുണ്ടായിരുന്നു. മൂന്ന് പേജ് നീളുന്ന സംഭാഷണങ്ങൾ, ഒറ്റ ക്ലോസപ്പിൽ, സംഭാഷണം പൂർണമായും ഒഴിവാക്കി ഞങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്. സത്യൻമാഷിന് ആയിരം വാക്കുകൾ കൊണ്ട് വരച്ചിടുന്ന ഭാവങ്ങൾ അസാമാന്യമായി പ്രതിഫലിപ്പിക്കാനുള്ള ശേഷിയുണ്ടായിരുന്നതുകൊണ്ടാണ് അത് സാധ്യമായത്.

**''അനുഭവങ്ങൾ പാളിച്ചകൾ'' എന്ന സിനിമയിലെ വികാരനിർഭരമായ പല രംഗങ്ങളും ഇന്ന് യൂട്യൂബിൽ പുതിയ തലമുറ വീണ്ടും വീണ്ടും കാണുകയും വിസ്മയിക്കുകയും ചെയ്യുന്നുണ്ട്.**

ബ്രിട്ടീഷ് ഇന്ത്യൻ ആർമിയിൽ സേവനമനുഷ്ഠിച്ച് തിരിച്ചുവന്നശേഷം തിരുവിതാംകൂർ സ്റ്റേറ്റ് പൊലീസിൽ ഇൻസ്‌പെക്ടറായി. അമച്വർ നാടകങ്ങളിൽ അഭിനയിച്ച് കലാജീവിതവും ഒപ്പം മുന്നോട്ടുകൊണ്ടുപോയ സത്യന് അഭിനയം എന്ന പരകായപ്രവേശം നൽകിയ ആനന്ദം മറ്റൊന്നിൽ നിന്നും നേടാനായില്ല. ജോലിയുപേക്ഷിച്ച് സിനിമയിലേക്ക് ഇറങ്ങി പുറപ്പെടാൻ സത്യനെ പ്രേരിപ്പിച്ചതും ഇതാണ്.

സംഭാഷണങ്ങൾ ഉരുവിടുന്നതിലപ്പുറം കഥാപാത്രങ്ങളുടെ മാനസികഭാവങ്ങളെ പിന്തുടരാനാണ് സത്യൻ എല്ലായ്പ്പോഴും ശ്രമിച്ചത്. സംഭാഷണങ്ങൾക്കിടയിലുള്ള മൗനദൂരങ്ങൾ സത്യൻ മനസ്സുകൊണ്ട് നിർവചിച്ചു. വാക്കുകൾ കൊണ്ട് പ്രകടിപ്പിക്കാനാവാത്ത വികാരങ്ങളുടെ സൂക്ഷ്മമുഹൂർത്തങ്ങൾ തികഞ്ഞ സ്വാഭാവികതയോടെ കഥാപാത്രങ്ങളോട് ചേർത്തുവച്ചു. പുതിയകാലത്തെ സാങ്കേതികമായ സൗകര്യങ്ങളൊന്നുപോലുമില്ലാതെ തന്നെ പ്രതിഭയുടെ പ്രകാശത്താൽ മാത്രം കഥാപാത്രങ്ങളേയും കഥാസന്ദർഭങ്ങളേയും സത്യൻ അനശ്വരമാക്കി.

അനുഭവങ്ങൾ പാളിച്ചകൾ, കടൽപ്പാലം, ഓടയിൽ നിന്ന്, യക്ഷി, വാഴ്‌വേമായം, ഒരുപെണ്ണിന്റെ കഥ, ശരശയ്യ, മൂലധനം, ചെമ്മീൻ, അടിമകൾ, ഉദ്യോഗസ്ഥ, മുടിയനായ പുത്രൻ, ഭാര്യ തുടങ്ങി എത്രയോ സിനിമകളിൽ നമ്മൾ കണ്ട കഥാപാത്രങ്ങൾ ലോകസിനിമയിലെ മികച്ച ഏത് നടനൊപ്പവും സത്യന് സ്ഥാനമുറപ്പിക്കുന്നു.

'അഭിനയം സത്യന് ആവേശവും അഭിനിവേശവുമായിരുന്നു. അവസാന നാളുകളിൽ തിരിച്ചുവരാനാകാത്ത വിധമുള്ള രോഗത്തിന് അടിമയാണെന്നറിഞ്ഞിട്ടും സത്യൻമാഷ് അഭിനയത്തിന് അവധി കൊടുത്തില്ല. പ്രതികൂലമായ ആരോഗ്യാവസ്ഥയിലും ആവേശത്തോടെ അഭിനയിച്ചുകൊണ്ടേയിരുന്നു; 1971 ജൂൺ 15 ന് മരണത്തിലേക്ക് പോകുന്നതിന് രണ്ടുദിവസം മുൻപുവരെ. സത്യനെ സത്യൻമാഷ് എന്ന് വിളിക്കുന്നത് അദ്ദേഹം അധ്യാപകനായി പ്രവർത്തിച്ചു എന്നതിന്റെ പേരിൽ മാത്രമല്ല, പ്രവർത്തിച്ച അഭിനയമുൾപ്പെടെയുള്ള എല്ലാ മേഖലയിലും 'മാസ്റ്റർ'ആയതുകൊണ്ടുകൂടിയാണ്. സംവിധായകൻ കെ.എസ്.സേതുമാധവൻ അനുസ്മരിക്കുന്നു. ■

**മകളുടെ കുഴിമാടത്തിനരികിലേക്ക് വരുന്ന ചെല്ലപ്പന്റെ മാനസിക സംഘർഷങ്ങൾ സത്യൻമാഷ് അവതരിപ്പിക്കുന്നത് ഇപ്പോഴും കണ്ണു നനയിക്കുന്നു. ചിത്രീകരണ സന്ദർഭങ്ങളിൽ സംവിധായകനെന്ന നിലയിൽ താങ്കൾ ഇതെങ്ങനെയാണ് കണ്ടത്?**

സെറ്റിൽ അഭിനയമാണിതെന്ന് മറന്ന് പലരും വിങ്ങിപ്പൊട്ടുന്നത് കണ്ടിട്ടുണ്ട്. എന്നാൽ സിനിമയായി കാണുമ്പോഴാണ് എനിക്ക് അത് പൂർണ്ണമായി ആസ്വദിക്കാൻ കഴിയുന്നത്. ''Willing Suspension of disbelief'' ആണത്.

**തിരക്കഥയോടുള്ള സത്യന്റെ സമീപനം എങ്ങനെയായിരുന്നു?**

ഞാൻ സംവിധാനം ചെയ്ത സിനിമകളുടെ തിരക്കഥകൾ മുൻകൂട്ടി അദ്ദേഹത്തിന് വായിക്കാൻ നൽകിയിരുന്നു. തിരക്കഥകൾ വായിച്ച് കഥാപാത്രത്തിനായുള്ള തയ്യാറെടുപ്പ് നടത്തിയാണ് അദ്ദേഹം അഭിനയിക്കാൻ വരിക. ഒപ്പം അഭിനയിച്ചവർക്കും സഹായകമായ നിർദേശങ്ങൾ നൽകാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

**സംവിധായകനെന്ന നിലയിൽ സത്യനിൽ നിന്നുണ്ടായ മറക്കാനാവാത്ത അനുഭവങ്ങൾ പറയാമോ?**

അഭിനേതാക്കൾക്ക് നിർദേശം നൽകുമ്പോൾ, സംഭാഷണമുരുവിടേണ്ടതെങ്ങനെ, ഷോട്ടിൽ ചലിക്കേണ്ടതെങ്ങിനെ എന്നൊക്കെ വിശദമായി പറഞ്ഞുകൊടുക്കുമായിരുന്നു. ഒരിക്കൽ സത്യൻമാഷ് പറഞ്ഞു. സേതു സന്ദർഭം വ്യക്തമായി പറഞ്ഞു തന്നാൽ മതി. എത്ര തവണ വേണമെങ്കിലും അഭിനയിക്കാം. പക്ഷേ മൂവ്മെന്റ്സിനെപ്പറ്റിയൊക്കെ വിശദമായി പറഞ്ഞാൽ ഞാൻ അഭിനയിക്കുമ്പോൾ അത് ചിന്തിച്ചുപോകും. അഭിനയത്തെ അത് ബാധിക്കും. ആ കഥാസന്ദർഭത്തിൽ സ്വാഭാവികമായി വേണ്ടതാണ് വരേണ്ടത്. അത് ചെയ്യാനനുവദിക്കണം. അത് ഒരു പാഠമായിരുന്നു. ഇത്തരം അനുഭവങ്ങളാണ് സംവിധായകനെന്ന നിലയിൽ എനിക്കോർമ്മയുള്ളത്.

**പുതിയകാല സിനിമകൾ കാണാറുണ്ടോ?**

ഇല്ല. കഴിഞ്ഞ കുറേക്കാലമായി ടെലിവിഷനിൽ പോലും സിനിമകൾ കാണാറില്ല. പഴയ സിനിമകളും കാണുന്നത് ഒഴിവാക്കുകയാണ്. മനസ്സ് അസ്വസ്ഥമാകുമെന്നതിനാലാണ് ഞാൻ ചെയ്ത സിനിമകൾ പോലും കാണാത്തത്. കുറച്ചുകാലം മുമ്പ് ഞാൻ വാഴ്‌വേമായം സിനിമ കണ്ടു. ഞാൻ സംവിധാനം ചെയ്ത സിനിമയാണത്, യാഥാർഥ്യമല്ല എന്നൊക്കെ അറിയാമെങ്കിലും അതിലെ പല സന്ദർഭങ്ങളും കണ്ടപ്പോൾ എന്റെയും കണ്ണു നനഞ്ഞു.

**രോഗഗ്രസ്തമായ അവസാന കാലത്താണ് സത്യൻ 'അനുഭവങ്ങൾ പാളിച്ചകളിൽ' അഭിനയിക്കുന്നത്. എങ്ങനെയായിരുന്നു ചിത്രീകരണവേളയിൽ സത്യൻ?**

സത്യന് ഗുരുതരമായ രോഗമുള്ള കാര്യം ഞങ്ങൾക്കറിയാമായിരുന്നു. പലപ്പോഴും ആശുപത്രിയിൽ നിന്നാണ് സത്യൻമാഷ് സെറ്റിലെത്തിയിരുന്നത്. എന്നാൽ രോഗത്തെക്കുറിച്ച് സംസാരിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. എല്ലാം മറന്ന് അഭിനയത്തിൽ മുഴുകുമായിരുന്നു സത്യൻമാഷ്. He is such a greatest artist and Actor. സത്യൻ മരിച്ചപ്പോൾ ഞാൻ ഹൃദയം തകർന്ന് കരഞ്ഞുപോയി. നിർമാതാവ് എം.ഒ.ജോസഫിനോട് വാവിട്ടുള്ള കരച്ചിലിനിടയിൽ ഞാൻ ചോദിച്ചു. 'ജോസഫേ, എങ്ങിനെ, എന്തിന് നമ്മൾ ഇനി ജീവിക്കാനാണ്? എല്ലാം അവസാനിച്ചില്ലേ? എല്ലാം ഇത്രയൊക്കെയേ ഉള്ളൂ എന്ന് ആശ്വസിപ്പിക്കാൻ മാത്രമേ ജോസഫിനും കഴിഞ്ഞുള്ളൂ. ഒരിക്കൽ സത്യൻമാഷ് പ്രേംനസീറിനോട് പറഞ്ഞത് ഓർമ്മയുണ്ട്. ഓടിനടന്ന് ഒരുപാട് സിനിമകളിൽ അഭിനയിക്കരുത്. നല്ല വേഷങ്ങൾ ഇഷ്ടത്തോടെ തിരഞ്ഞെടുത്ത് ആത്മാർഥമായി ചെയ്യുക. അതിനുശേഷം സിനിമകൾ തിരഞ്ഞെടുക്കുമ്പോൾ നസീർ കഴിയുന്നത്ര ഇക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സത്യൻമാഷ് യഥാർഥത്തിൽ അതുല്യനായ നടൻ മാത്രമല്ല ഹൃദയാലുവായ ഒരു മനുഷ്യനുമായിരുന്നു.■

# യൂണിവേഴ്സിറ്റി കോളേജ് മികവിന്റെ പെരുമയിൽ




**കേന്ദ്ര മാനവശേഷി വികസന വകുപ്പ് ഏർപ്പെടുത്തിയ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് പട്ടികയിൽ ഇരുപത്തിയഞ്ചാം സ്ഥാനവും സംസ്ഥാന തലത്തിൽ ഒന്നാംസ്ഥാനവും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന്**

**വി.എസ്.ശ്യാംലാൽ**
മാധ്യമ പ്രവർത്തകൻ

രാജ്യത്തെ മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പട്ടിക പുറത്തിറങ്ങുമ്പോൾ പൊതുവെ കേരളീയർക്കു അഭിമാനിക്കാൻ തക്കതായി ഒന്നുമില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. വിദ്യാസമ്പന്നരുടെ നാടായിട്ടും കേരളത്തിൽ കേന്ദ്ര മാനദണ്ഡപ്രകാരമുള്ള മികവുറ്റ വിദ്യാഭ്യാസ സ്ഥാപനങ്ങളില്ലെന്ന കുറവ് കൂടി ആ പട്ടിക കേരളത്തെ ഓർമ്മിപ്പിച്ചിരുന്നു. എന്നാൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് 2018 മുതൽ മികച്ച ആർട്സ് കോളേജുകളുടെ പട്ടികയിൽ തുടർച്ചയായി ഇടം നേടി കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് അഭിമാനമാവുകയാണ്. വമ്പൻമാരെന്നും അന്താരാഷ്ട്ര നിലവാരമുണ്ടെന്നും സ്വയം അഭിമാനിക്കുന്നവരെ ബഹുദൂരം പിന്തള്ളിയാണ് ഒന്നരനൂറ്റാണ്ടിലധികം ചരിത്രപാരമ്പര്യമുള്ള തലസ്ഥാനത്തെ ഈ കലാലയം തുടർച്ചയായി ഈ അപൂർവ നേട്ടം സ്വന്തമാക്കുന്നത്. വിദ്യാർഥി സമരങ്ങളുടെ പേരിൽ പഴി കേൾക്കേണ്ടി വന്നിട്ടും കോളേജിനെ ദുർബലപ്പെടുത്താൻ വിവിധ കോഴ്സുകൾ ഒരു ഘട്ടത്തിൽ അടർത്തിമാറ്റിയിട്ടും മുറിവുകളെ നേട്ടങ്ങളാക്കി ഈ വിദ്യാകേന്ദ്രം രാജ്യത്തെ മികവിന്റെ പട്ടികയിൽ ഇടം നേടി.

കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം ഏർപ്പെടുത്തിയ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് പട്ടികയിൽ (എൻഐആർഎഫ്) ഇത്തവണ ഇരുപത്തിയഞ്ചാം സ്ഥാനമാണ് ഈ കലാലയം നേടിയിരിക്കുന്നത്. റാങ്കിങ് പോയിന്റ് ആകട്ടെ 59.58 ആണുതാനും. ബിരുദ, ബിരുദാനന്തര വിഭാഗങ്ങളിലായി ഏകദേശം മൂവായിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഒരു സർക്കാർ വിദ്യാഭ്യാസ സ്ഥാപനം ഇത്തരമൊരു നേട്ടം കൈവരിക്കുന്നു എന്നതു ചെറിയ കാര്യമേയല്ല. അതും സർവകലാശാല പരീക്ഷകളിലും മത്സരപ്പരീക്ഷകളിലും കലാ കായികരംഗത്തും മുൻനിരയിൽ സ്ഥാനമുറപ്പിച്ച് ഈ കലാലയം നേട്ടങ്ങളുടെ പട്ടികയിൽ ഇടം പിടിക്കുന്നൂവെന്നത് നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗത്തെ പുരോഗതിയുടെ അഭിമാനം ഇരട്ടിപ്പിക്കുന്നു.

2015 മുതലാണ് ചില മാനകങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ എൻ ഐ ആർ എഫ് എന്ന പേരിൽ രാജ്യത്തെ മികച്ച വിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ റാങ്കിങ് ഏർപ്പെടുത്തിയത്. അധ്യാപന മികവ്, പഠനസൗകര്യങ്ങൾ, ഗവേഷണം, വിദ്യാർഥികളുടെ മികവ്, അക്കാദമിക് പ്രസിദ്ധീകരണങ്ങൾ എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു. പെൺകുട്ടികൾ, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവർ, മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും നിന്നുള്ളവരുടെ പ്രാതിനിധ്യം, ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ എന്നിവയും മാനദണ്ഡങ്ങളിലുണ്ട്. തുടക്കത്തിൽ ഐ ഐ ടി പോലുള്ള ഉന്നത സാങ്കേതിക സ്ഥാപനങ്ങളെയാണ് ഈ പട്ടികയിൽപ്പെടുത്തിയിരുന്നതെങ്കിലും 2017 മുതൽ സാധാരണ കോളേജുകളേയും റാങ്കിങ്ങിന് പരിഗണിച്ചു തുടങ്ങി. 2018ൽ ആദ്യമായി ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ റാങ്കിങ് പട്ടിക പുറത്തു വന്നു. ദേശീയ റാങ്കിങ്ങിൽ 18–ാം സ്ഥാനവും കേരളത്തിലെ കോളേജുകളിൽ ഒന്നാം സ്ഥാനവും നേടി അന്ന് യൂണിവേഴ്സിറ്റി കോളേജാണ് കേരളത്തിന്റെ പെരുമ രാജ്യത്തെ അറിയിച്ചത്. അന്ന് മുതലിന്നോളം ആ നേട്ടം നിലനിർത്താനും ഈ കലാലയത്തിനു സാധിക്കുന്നുണ്ട്.

## മഹാരഥരുടെ പാരമ്പര്യം

സ്വാതിതിരുനാളിന്റെ കാലത്ത് സ്ഥാപിച്ച രാജാസ് ഫ്രീ സ്കൂളിനെയാണ് 1866-ൽ ആയില്യം തിരുനാൾ രാമവർമ്മ പിന്നീട് ഹിസ് ഹൈനസ് മഹാരാജാസ് യൂണിവേഴ്സിറ്റി കോളേജ് എന്ന പേരിലേക്ക് മാറ്റിയത്. ഇംഗ്ലീഷുകാരനായ ജോൺ റോസായിരുന്നു ആദ്യ പ്രിൻസിപ്പാൾ. പിന്നീട് 1915 വരെയും കോളേജിനെ നയിക്കാൻ ഇംഗ്ലീഷുകാരെ മാത്രമേ പരിഗണിച്ചിരുന്നുള്ളൂ. 1915 ൽ കേരളപാണിനി എന്ന് അറിയപ്പെട്ടിരുന്ന എ.ആർ രാജരാജവർമ്മ ആ ചരിത്രം മാറ്റിയെഴുതി. ഇവിടുത്തെ ആദ്യത്തെ സ്വദേശിയായ പ്രിൻസിപ്പാളായതും പിന്നീട് കോളേജിലെ ക്ലാസ് മുറികളിലൂടെ മലയാളഭാഷയുടെ വ്യാകരണം ചിട്ടപ്പെടുത്തിയതും അദ്ദേഹമായിരുന്നു.

സംസ്കൃത പണ്ഡിതൻ ആറ്റൂർ കൃഷ്ണപ്പിഷാരടി, ചരിത്രകാരനായ എ.ശ്രീധരമേനോൻ, കേരള ഇബ്സൻ എന്നറിയപ്പെടുന്ന എൻ. കൃഷ്ണപിള്ള, പ്രൊ. എസ്. ഗുപ്തൻ നായർ, കെ.എസ്. നാരായണപിള്ള, ഒ എൻ വി കുറുപ്പ്, ഡോ.കെ.അയ്യപ്പപ്പണിക്കർ, പ്രൊഫ.എം. കൃഷ്ണൻനായർ, ഡി.വിനയചന്ദ്രൻ, വി.പി. ശിവകുമാർ എന്നിവർ ഉൾപ്പെടുന്ന സർഗധനരുടെ അധ്യാപനവും സി.വി. രാമൻപിള്ള മുതൽ നിത്യചൈതന്യയതിയും ഈയിടെ അന്തരിച്ച വിഖ്യാത ശാസ്ത്രജ്ഞൻ ഡോ.താണു പദ്മനാഭൻ വരെയും ഉൾപ്പെടുന്ന പ്രതിഭകളുടെ ശിഷ്യത്വവും ഈ കലാലയത്തിന്റെ മികവിന് എന്നും പത്തര മാറ്റാണ് നൽകിവരുന്നത്.

**2018 മുതൽ മികച്ച ആർട്സ് കോളേജുകളുടെ പട്ടികയിൽ തുടർച്ചയായി ഇടം നേടി യൂണിവേഴ്സിറ്റി കോളേജ്**

ഈ പാരമ്പര്യത്തിന്റെ മികവും 18 ബിരുദ കോഴ്സുകൾ, 20 ബിരുദാനന്തര ബിരുദ കോഴ്സുകൾ, 13 എം.ഫിൽ കോഴ്സുകൾ എന്നിവയ്ക്കു പുറമെ 17 വിഭാഗങ്ങളിൽ നടക്കുന്ന ഗവേഷണവും അവയുടെ നിലവാരവുമാണ് മികവിന്റെ പട്ടികയിലേക്ക് ഉയരാൻ യൂണിവേഴ്സിറ്റി കോളേജിനെ സഹായിച്ചത്. അധ്യാപനത്തിലും പഠനനിലവാരത്തിലും വിദ്യാർഥികളുടെ തൊഴിൽലഭ്യതയിലും രാജ്യത്തെ ആദ്യ 10 കോളേജുകൾക്ക് ലഭിച്ച ഗ്രേഡും കോളേജിന് ലഭിച്ചു. ഗവേഷണത്തിൽ കൂടി ആനുപാതികമായ മുന്നേറ്റം സാധ്യമായാൽ വൈകാതെ യൂണിവേഴ്സിറ്റി കോളേജിന് രാജ്യത്തെ തന്നെ ആദ്യ 10 കോളേജുകളിൽ ഉൾപ്പെടാമെന്ന പ്രത്യാശയാണ് ഈ നേട്ടം സമ്മാനിക്കുന്നത്.

## വിദ്യാർഥികളിൽ ഏറെയും പെൺകുട്ടികൾ

3,238 വിദ്യാർഥികളാണ് യൂണിവേഴ്സിറ്റി കോളേജിൽ ഇപ്പോൾ പഠിക്കുന്നത്. ആകെയുള്ള 2,451 ബിരുദ വിദ്യാർഥികളിൽ 1,439 പേരും 736 ബിരുദാനന്തരബിരുദ വിദ്യാർഥികളിൽ 593 പേരും പെൺകുട്ടികളാണ്. 51 എം ഫിൽ വിദ്യാർഥികളിൽ 43 ഉം പെൺകുട്ടികൾ തന്നെ. മൊത്തം വിദ്യാർഥികളിൽ പകുതിയലധികം പേർക്കും വിവിധ സ്കോളർഷിപ്പുകൾ ലഭിക്കുന്നുണ്ട് എന്നതും സവിശേഷതയാണ്. 221 അധ്യാപകരിൽ 90 ശതമാനവും ഗവേഷണ ബിരുദമുള്ളവരാണെന്നതും 80 ലേറെ പേർ വിവിധ തരം ഗവേഷണങ്ങൾക്കു മേൽനോട്ടം വഹിക്കുന്ന റിസർച്ച് ഗൈഡുകളാണ് എന്നതും ഈ കോളേജിലേക്കു വിദ്യാർഥികളെ ആകർഷിക്കുന്ന വസ്തുതയാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ഇവിടെ നിന്നു പുറത്തുവന്നത് 600 ലേറെ ഗവേഷണ പ്രബന്ധങ്ങളാണ്. സർവ്വകലാശാല പരീക്ഷകളിൽ ഓരോ വർഷവും കോളേജിനെ തേടിയെത്തുന്ന റാങ്കുകളുടെ എണ്ണവും പുതിയ റെക്കോഡുകൾ തീർക്കുകയാണ്.





# മഹാനടൻ

**സിനിമയുടെ മാറിവരുന്ന സാങ്കേതിക വശങ്ങൾക്കും ആഖ്യാനത്തിലെ പുതുമകൾക്കും ഒപ്പം അഭിനയകലയെ സങ്കലനം ചെയ്താണ് മമ്മൂട്ടി കാലത്തിനൊപ്പം സഞ്ചരിക്കുന്നത്**

ഭൂമിമലയാളത്തിന്റെ വെള്ളിത്തിരയിൽ അമ്പത് വർഷം നെഞ്ചും വിരിച്ച്  തലയുയർത്തി നിന്ന ഒരേ ഒരു നായകനേ ഉണ്ടായിട്ടുള്ളൂ. ചേമ്പിലയിൽ വീണ വെള്ളത്തുള്ളികൾ പോലെ ഒരുപാട് പേരുടെ സ്വപ്നങ്ങൾ ചിതറിത്തെറിച്ചു പോയ സിനിമയുടെ മായിക ലോകത്ത് ചെമ്പെന്ന ഗ്രാമത്തിന്റെ വിശുദ്ധിയുമായി വന്നിറങ്ങിയ നായകൻ ! അഭിനേതാവാകാനുള്ള അടങ്ങാത്ത അഭിവാഞ്ഛയും അതിരുകളില്ലാത്ത ആത്മവിശ്വാസവും കൈമുതലാക്കിയ ആ നായകനെ തിരിച്ചറിഞ്ഞ മലയാളി ആർത്തുവിളിച്ചു. ' മമ്മൂട്ടി '. പിന്നെ തലമുറകൾ ഒരു മുദ്രാവാക്യം പോലെ മമ്മൂട്ടിയെ ഏറ്റുവിളിക്കുകയായിരുന്നു. ശരാശരി മനുഷ്യന്റെ സ്നേഹവും പ്രണയവും ആർദ്രതയും സന്തോഷവും ദു:ഖവും നിസ്സംഗതയും  പ്രതികാരവും പ്രതിഷേധവുമൊക്കെ മമ്മൂട്ടിയുടെ മുഖദാവിൽ നിന്നാണ് മലയാളികൾ കണ്ടറിഞ്ഞത്. പൊട്ടിക്കരയാനും പൊട്ടിച്ചിരിക്കാനും പൊട്ടിത്തെറിക്കാനും പാകത്തിന് ഒരു മമ്മൂട്ടിയെ ഉള്ളിൽ കൊണ്ടു നടക്കുകയാണ് ഓരോ മലയാളിയും. പ്രായത്തിന്റെ പടവുകളിൽ എഴുപതെന്ന് എഴുതി വയ്ക്കുമ്പോഴും മമ്മൂട്ടി പ്രേക്ഷകർക്ക് ചെറുപ്പത്തിന്റെ പര്യായമാണ്.

ഒരു നൂറ്റാണ്ടിന്റെ ചരിത്രത്തിലേക്ക്



**അജോയ് ചന്ദ്രൻ**
**ചലച്ചിത്ര അക്കാദമി സെക്രട്ടറി**

ഇരമ്പിക്കയറുന്ന മലയാള സിനിമയിൽ നിന്ന് ആയിരക്കണക്കിന് ചലച്ചിത്ര സൃഷ്ടികൾ ജന്മമെടുത്തിട്ടുണ്ട്. ചെറുതും വലുതുമായ കഥാപാത്രങ്ങളായി എത്രയോ നടീ നടന്മാർ വെള്ളിവെളിച്ചത്തിന്റെ പ്രഭയിൽ മിന്നിമറഞ്ഞിട്ടുണ്ട്. എണ്ണമറ്റ ആ മുഖങ്ങളിൽ പലതും മറഞ്ഞു പോയപ്പോഴും ചിലത് മായാതെ നിൽക്കുന്നെങ്കിൽ അതിന് പിന്നിൽ അസാധാരണമായ പരിശ്രമങ്ങളുമുണ്ടാകും. മറ്റൊന്നിനും മനസ്സ് വിട്ട് കൊടുക്കാതെ, ഇടവേളകളില്ലാതെ സിനിമയെന്ന ഒരൊറ്റ ലക്ഷ്യത്തിനായി ജീവിതം ഉഴിഞ്ഞു വച്ചതുകൊണ്ടാണ് മമ്മൂട്ടി മഹാനടനായി മാറിയത്. സത്യന്റെ അഭിനയ സിദ്ധിയും പ്രേംനസീറിന്റ സൗന്ദര്യവും ജയന്റെ പൗരുഷവും പതിയെ പതിയെ മമ്മൂട്ടി എന്ന പുത്തൻകൂറ്റുകാരനിൽ കണ്ടു തുടങ്ങിയവർ പുതു നായകസങ്കല്പത്തിന് തണൽ വിരിച്ചു. അതിനൊപ്പം ആത്മാർപ്പണവും സ്വയം നവീകരിക്കാനുള്ള നിതാന്തമായ ജാഗ്രതയും മമ്മൂട്ടിയിലെ അഭിനേതാവിനെ സദാ ജ്വലിപ്പിച്ചു നിറുത്തി. വൈവിധ്യമാർന്ന കഥാപാത്രങ്ങളുടെ അന്തർ വ്യാപാരങ്ങളെ എടുക്കുമ്പോഴും തൊടുക്കുമ്പോഴും പുതിയ നടനഭാവങ്ങൾ അദ്ദേഹം ആസ്വാദകന് സമർപ്പിച്ചു. 400ലേറെ ചലച്ചിത്രങ്ങളെ കൊടിയേറ്റിയ കഥാപുരുഷന്മാരെ കെട്ടിയാടുമ്പോൾ ഉണ്ടായേക്കാവുന്ന ആവർത്തനം പോലും വിരസമല്ലെന്നാണ് അത് തെളിയിച്ചത്. അങ്ങനെ മറ്റേതൊരു നടന്റെയും മാറ്റ് ഉരച്ചു നോക്കാനുള്ള ഉരകല്ലായി അരനൂറ്റാണ്ട് കൊണ്ട് മുഹമ്മദ് കുട്ടിയെന്ന മമ്മൂട്ടി മാറി.

ജീവിതത്തിന്റെ അങ്ങേയറ്റത്തും ഇങ്ങേയറ്റത്തും നിൽക്കുന്ന എത്രയോ മനുഷ്യരെയാണ് മമ്മൂട്ടിയിലൂടെ മലയാളി കണ്ടത്. അപാരമായ റേഞ്ചാണ് മമ്മൂട്ടിയിലെ നടന്റെ കാതൽ. അധികാരത്തിന്റെ ദുഷിച്ച ആൾരൂപമായ പട്ടേലറിൽ നിന്ന് അത് കൊണ്ടാണ് വിധേയനെ തേടി നാം പൊന്തൻ മാടയിലേക്ക് കണ്ണുകൾ പായിക്കുന്നത്. തൊട്ടാൽ ചോര പൊടിയുന്ന ആ മുഖത്ത് നിന്ന് തന്നെയാണ് മൃഗയയിലെ വാറുണ്ണി നമ്മെ അമ്പരപ്പിച്ചത്. ഇൻസ്പെക്ടർ ബൽറാമിലെ ക്രുദ്ധനായ പൊലീസ് ഉദ്യോഗസ്ഥനും നന്ദി വീണ്ടും വരികയിലെ മോഹൻ ദാസനും ഒരിക്കലും കൂട്ടി മുട്ടാത്തവരാണ്. നിറക്കൂട്ടും യാത്രയും ഒന്നിനു പിറകേ ഒന്നായി തിയറ്ററുകളിൽ നൂറ് ദിനങ്ങളെ തൊട്ടുവിളിക്കുമ്പോഴും കഥാപാത്രങ്ങൾ രണ്ട് വഴികളിൽ നടന്നവരായി. ന്യൂഡൽഹിയും അനന്തരവും തനിയാവർത്തനവും മണിവത്തൂരിലെ ആയിരം ശിവരാത്രികളും ആഗസ്റ്റ് ഒന്നും സിബിഐ ഡയറിക്കുറിപ്പും സംഘവും 1921 ഉം മതിലുകളും ഒരു വടക്കൻ വീരഗാഥയും നായർ സാബും അയ്യർ ദ ഗ്രേറ്റു മൊക്കെ ഒരേ കാലഘട്ടത്തിൽ ഈ നടൻ ചെയ്തു വച്ച സിനിമകളാണെന്ന് ഓർക്കുമ്പോഴാണ് മമ്മൂട്ടിയെ മലയാളം വേണ്ട രീതിയിൽ ഉപയോഗിച്ചോ എന്നൊക്കെയുള്ള ചോദ്യങ്ങൾ വെറും പതിരായി പോകുന്നത്.

ഡാനിയെന്ന ഡാനിയൽ തോംസണും ഭൂതക്കണ്ണാടിയിലെ വിദ്യാധരനും കിംഗിലെ ജോസഫ് അലക്സും മഴയെത്തും മുമ്പേയിലെ നന്ദകുമാര വർമ്മയും ബ്ലാക്കിലെ ഷണ്മുഖനും കാഴ്ചയിലെ മാധവനും കറുത്ത പക്ഷികളിലെ മുരുകനും ബിഗ് ബി യിലെ ബിലാലും പാലേരി മാണിക്യത്തിലെ അഹമ്മദ് ഹാജിയും പഴശ്ശിരാജയും പ്രാഞ്ചിയേട്ടനും രാജമാണിക്യവുമൊക്കെ തീർത്ത അഭിനയ പ്രപഞ്ചത്തിൽ നിന്ന് ചേരുംപടി ചേർക്കാൻ ഒരു നിരൂപകനും പറയുമെന്ന് തോന്നുന്നില്ല.

ദേശം, ഭാഷ , സ്വത്വം, സംസ്കാരം എന്നീ ഘടകങ്ങളിൽ വ്യത്യസ്തമായ തനിമയും പെരുമയും കുടികൊള്ളുന്ന കേരളത്തിലെ ഉപനാടുകളിലെ ജീവിതാവസ്ഥകളെ മമ്മൂട്ടിയെ പോലെ അവതരിപ്പിച്ചു ഫലിപ്പിച്ച മറ്റൊരു നടനില്ല. കുടിയേറ്റ കർഷകനും തൊഴിലാളിയും മുതലാളിയും പ്രവാസിയും മേലാളനും കീഴാളനും സകല ജാതിമത ഉൾപ്പിരിവുകളും പുത്തൻ പണക്കാരനും പലിശക്കാരനും അടിമയും ഉടമയും നിയമപാലകനും ലംഘകനുമൊക്കെ ആ ശരീരത്തിൽ നിന്ന് ഒരു പോലെ ഒഴുകിപ്പരന്നു. വീരേതിഹാസം രചിച്ച നായകർ കുതിരക്കുളമ്പടികളുടെ താളങ്ങളിൽ സ്വർണ്ണച്ചാമരങ്ങൾ തേടിയിറങ്ങി. മമ്മൂട്ടിയുടെ മൊഴിത്തഴക്കങ്ങളിൽ മലയാള ഭാഷാഭേദങ്ങൾ പ്രതിധ്വനിക്കുമ്പോൾ ബഹുസ്വരമായ ഒരു ജീവിത പരിസരത്തിലേക്കാണ് നാം കാതുകൾ കൂർപ്പിച്ച് വയ്ക്കുന്നത്. 'ആറ് മലയാളിക്ക് നൂറ് മലയാളമെന്ന' പ്രയോഗത്തെ പിൻപറ്റി പുതിയ വാമൊഴികളിൽ മമ്മൂട്ടി തന്റെ ശബ്ദം സന്നിവേശിപ്പിക്കുമ്പോൾ ഉണരുന്നത് നമ്മുടെ പൈതൃകം കൂടിയാണ്.

താരാരാധനയുടെ ഭയാനകമായ ഉയരങ്ങളിൽ നിൽക്കുമ്പോഴും യാഥാർഥ്യങ്ങളുടെ സമതലങ്ങളിലേക്ക് ഇറങ്ങി വരാനുള്ള മനസ്സ് മമ്മൂട്ടിയിലെ കലാകാരനിലുണ്ടായിരുന്നു. അതുകൊണ്ടാണ് ജനപ്രിയസിനിമയുടെ അച്ചുതണ്ടായി നിലയുറപ്പിക്കുമ്പോഴും സമാന്തര സിനിമ സംസ്കാരത്തെ അദ്ദേഹം മുറുകെ പുണർന്നത്. അർഥപൂർണമായ സിനിമാസങ്കൽപങ്ങളുമായി ഉഴറി നടന്നവരെ അത് തെല്ലൊന്നുമല്ല സഹായിച്ചത്. മതിലുകളും വിധേയനും മികച്ച നടനെന്ന ദേശീയപുരസ്കാരം നേടിക്കൊടുക്കുമ്പോൾ താരത്തിന്റെ ഭാരമിറക്കി വച്ച മമ്മൂട്ടിയിലെ അഭിനേതാവ് വിജയിക്കുകയായിരുന്നു.

നവംനവമായ ആശയങ്ങളെ സ്വാംശീകരിക്കാനുള്ള മനസ്സാണ് മമ്മൂട്ടിയെന്ന നിത്യഹരിതനായകനെ മുന്നോട്ട് നയിക്കുന്നത്. മുപ്പതിലേറെ നവസംവിധായകരാണ് മമ്മൂട്ടിയുടെ കൈപിടിച്ച് സ്വതന്ത്രമായ ആവിഷ്കാരങ്ങളെ മലയാളത്തിൽ അവതരിപ്പിച്ചത്. സിനിമയുടെ മാറിവരുന്ന സാങ്കേതികവശങ്ങൾക്കും ആഖ്യാനത്തിലെ പുതുമകൾക്കും ഒപ്പം അഭിനയകലയെ സങ്കലനം ചെയ്താണ് മമ്മൂട്ടി കാലത്തിനൊപ്പം ഓടുന്നത്.

നവാഗതസംവിധായകയായ രതീന ഷർമാദിന്റെ പുതിയ സിനിമയുടെ സെറ്റിൽ പുതിയ ആവേശത്തിൽ മമ്മൂട്ടിയെ കാണുമ്പോൾ വരാനിരിക്കുന്ന അത്ഭുതങ്ങളെക്കുറിച്ചാണ് സിനിമാസ്വാദകർ ചിന്തിക്കുന്നത്. എം.ടി വിശേഷിപ്പിച്ചതുപോലെ മലയാളത്തിന്റെ കെടാവിളക്കാണ് മമ്മൂട്ടി. ആ വിളക്കിൽ എണ്ണ നനഞ്ഞ് തിരികൾ തെളിഞ്ഞ് വിടരുന്ന ചലനചിത്രങ്ങൾ മലയാളസിനിമയുടെ പ്രയാണത്തിന് കരുത്ത് പകരുകതന്നെ ചെയ്യും. ◘

## കേന്ദ്രസർക്കാരിന്റെ വയോ ശ്രേഷ്ഠ സമ്മാൻ കേരളത്തിന്



ഒക്ടോബർ 1
അന്താരാഷ്ട്ര
വയോജനദിനം

# വയോജനങ്ങൾക്ക് തണലൊരുക്കി കേരളം

**മെർലിൻ ജെ.എൻ**

"കോവിഡ് മഹാമാരി മൂലം പറഞ്ഞറിയിക്കാൻ കഴിയാത്ത ഭയവും പ്രതിസന്ധികളും ലോകമെങ്ങുമുള്ള വയോജനങ്ങൾ അനുഭവിക്കുകയാണ്. ആരോഗ്യപരമായ ആശങ്കകൾക്കപ്പുറം പട്ടിണി, വിവേചനം, ഒറ്റപ്പെടൽ എന്നിവയ്ക്കും പ്രായമായവർ പാത്രീഭൂതരാകുന്നു. അവരെ സംരക്ഷിക്കേണ്ടത് ഭരണകൂടങ്ങൾ കടമയായി കാണണം"
**അന്റോണിയോ ഗുട്ടെറസ്, (യു.എൻ. സെക്രട്ടറി ജനറൽ)**

മറ്റൊരു ബാല്യത്തിന്റെ തുടക്കമാണ് വാർധക്യം. യൗവ്വനത്തിന്റെ പ്രസരിപ്പും ഓട്ടപ്പാച്ചിലുകളും കഴിഞ്ഞുള്ള ജീവിതത്തിന്റെ അവസാനഘട്ടത്തിലേയ്ക്കുള്ള കാൽവെയ്പു കൂടിയാണത്.അതുകൊണ്ടുതന്നെ 48 ലക്ഷം വരുന്ന വയോജനങ്ങൾക്ക് കരുതലൊരുക്കുകയാണ് കേരളം. വാർധക്യത്തിൽ തളർന്നുപോകാതിരിക്കാൻ കോവിഡ് കാലത്തും നിരവധി പദ്ധതികളാണ് അവർക്കായി സർക്കാർ ഒരുക്കിയിരിക്കുന്നത്. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 13.1 ശതമാനം വരുന്ന വയോജനങ്ങളുടെ സംരക്ഷണത്തിന് നാം നൽകിവരുന്ന വമ്പിച്ച പ്രാധാന്യത്തിനുള്ള അംഗീകാരമായി മാറുകയാണ് കേരളത്തിന് ലഭിച്ച 'വയോശ്രേഷ്ഠ സമ്മാൻ' പുരസ്കാരം.

മുതിർന്ന പൗരന്മാർക്ക് മികച്ച സേവനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തിയ സംസ്ഥാനമെന്ന നിലയിലാണ് കേന്ദ്ര സാമൂഹ്യനീതിവകുപ്പ് ഈ പുരസ്കാരം കേരളത്തിന് നൽകുന്നത്. രക്ഷിതാക്കളുടെയും മുതിർന്ന പൗരരുടെയും ക്ഷേമം ഉറപ്പാക്കൽ നിയമം' ഏറ്റവും മികച്ച നിലയിൽ നടപ്പാക്കിയതും കേരളത്തിനെ മികച്ച മാതൃകയാകാൻ സഹായിച്ചു. അങ്ങനെ മറ്റു പലകാര്യങ്ങളിലുമെന്ന പോലെ വയോജന പരിപാലനത്തിലും രാജ്യത്തെ മികച്ച മാതൃകയായി മാറുകയാണ് കേരളം.'

കോവിഡ് കാലത്ത് മുതിർന്നവരുടെ പരിപാലനത്തിന് തുടങ്ങിയ വയോക്ഷേമ കാൾ സെന്ററുകൾ, വൃദ്ധസദനങ്ങളിൽ ഒരുക്കിയ സുരക്ഷാസംവിധാനങ്ങൾ, മോഡൽ സായംപ്രഭാ ഹോമുകൾ, വയോജന പാർക്ക് തുടങ്ങി പ്രാഥമികതല സേവനങ്ങളും, വയോമധുരം (സൗജന്യമായി ഗ്ലൂക്കോമീറ്റർ നൽകുന്ന പദ്ധതി), മന്ദഹാസം എന്നീ വ്യക്തിഗത ആനുകൂല്യപദ്ധതികളും കേരളം വയോജന ക്ഷേമം മുൻ നിറുത്തി നടപ്പിലാക്കി വരുന്നുണ്ട് . വൃദ്ധസദനങ്ങളിൽ നടപ്പാക്കിയ വിവിധ ആരോഗ്യ-മാനസികാരോഗ്യ പരിപാലന നടപടികൾ, മാനസികോല്ലാസ സൗകര്യങ്ങൾ, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ, ഇ -ക്ഷേമ സോഫ്റ്റ്വെയറടക്കം മറ്റ് ഓൺലൈൻ ഡാറ്റാ കൈകാര്യ സംരംഭങ്ങൾ എന്നിവയും വയോജനങ്ങളുടെ കരംപിടിക്കാനുള്ള സർക്കാർ സംരംഭങ്ങളെന്ന നിലയിൽ മാതൃക തീർക്കുകയാണ്.

സാന്ത്വനപരിപാലന ശൃംഖലയുടെ പ്രധാന വലയം വയോജനങ്ങളാണ്. ദീർഘകാല പരിചരണം ആവശ്യമായ കിടപ്പുരോഗികൾക്കൊപ്പം, ഡിമൻഷ്യ, അൽഷിമേഴ്സ് തുടങ്ങിയവ ബാധിച്ച വൃദ്ധജനങ്ങൾക്ക് പരിചരണം നൽകുന്ന സാന്ത്വനപ്രവർത്തകർ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സജീവമാണ്.

വയോജനങ്ങൾ നേരിടുന്നതും ഭാവിയിൽ നേരിടാൻ ഇടയുള്ളതുമായ വിവിധ പ്രശ്നങ്ങളെക്കുറിച്ചുള്ള ബോധവത്കരണവും ഇതിനൊപ്പം പുരോഗമിക്കുകയാണ്. കർമ്മനിരതരായ വയോധികരുടെ അനുഭവസമ്പത്തും, ജീവിതത്തിനോടുള്ള കാഴ്ചപ്പാടുകളും വരുംതലമുറയ്ക്ക് വഴിവിളക്കാകുവാൻ നാം ഈ രീതിയിൽ അവർക്കു കരുതലൊരുക്കുമ്പോൾ കേരളവും ലോകത്തിന്റെ മുന്നിൽ ആദരിക്കപ്പെടുകയാണ്.

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# പെടപെടക്കണ മീനാണ്
# നാവിലിന്നും സ്വാദാണ്

**സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത**
**250 പഞ്ചായത്തുകളിൽ മത്സ്യകൃഷിക്ക് തുടക്കം കുറിച്ചു**



Date of Publication: 01.09.2021
Price: 12.00

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# തുണയാവാൻ

# തിക്കും തിരക്കുമില്ലാതെ

# വീട്ടിൽ

# ഇപ്പോൾ

# വാതിൽപ്പടി സേവനമെത്തുന്നു

**വയോജനങ്ങൾ, ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ, ചലന പരിമിതി അനുഭവിക്കുന്നവർ** തുടങ്ങിയവർക്കുള്ള സേവനങ്ങൾ ഇനി മുതൽ വീട്ടുപടിക്കലെത്തുന്നു

Printed and Published by S.Harikishore IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at Orange Printers Pvt.Ltd, Thiruvananthapuram-1, Kerala.
Published from Information Public Relations Department, Govt.of Kerala, Government Secretariat, Thiruvananthapuram-695001.
Editor: S.Harikishore IAS